കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്


2023 ആഗസ്റ്റ്
വില ₹25




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ



വിത്ത്
**പാർവതി**
(ചിത്രപുസ്തകം)
വില ₹50



ചിത്തിയും മുത്തിയും
**ജാനമ്മ കുഞ്ഞുണ്ണി**
(കഥ)
വില ₹90




ഭരത് പി ജെ ആന്റണി
**സെബാസ്റ്റ്യൻ പള്ളിത്തോട്**
(ജീവചരിത്രം)
വില ₹190



കഴുതകളുടെ അമ്പലം
**പി വത്സല**
(കഥ)
വില ₹60



ജെയിംസ് വെബ് സ്പേസ് ടെലിസ്കോപ്പ്
(ശാസ്ത്രം)
എസ് പ്രസന്നകുമാർ
വില ₹150



ആനക്കഥകൾ
(നാടകം)
ശാന്തി രാധാകൃഷ്ണൻ
വില ₹100



മാന്ത്രികച്ചെപ്പ്
(വൈജ്ഞാനികം)
**സൗമ്യ സാജിദ്**
വില ₹110


## കൂടുതൽ പുസ്തകങ്ങൾക്ക്

**website : www.ksicl.org**

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471-233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് രസീതും വിലാസവും വാട്സാപ്പ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയയ്ക്കുക.**
**ACCOUNT NUMBER : 30583524448 | IFS Code : SBIN0004360**
**BANK: SBI - SPL PBB, THIRUVANANTHAPURAM**

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിന് ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണവിലാസവും (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത്/ഇമെയിൽ (thaliru@ksicl.org)അയക്കേണ്ടതാണ്. **8547971483** എന്ന നമ്പറിലേക്ക് വാട്സാപ്പ് ആയും രസീതും വിലാസവും അയക്കാവുന്നതാണ്.

# തളിര്


പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ആഗസ്റ്റ് 2023**
**വില ₹25**
**വാർഷികവരിസംഖ്യ ₹250**


## ഉള്ളടക്കം




### വായനയുടെ വഴികൾ; എഴുത്തിന്റെയും

**എം ടി / ഡോ. കെ ശ്രീകുമാർ**

6

മലയാളത്തിന്റെ പ്രിയപ്പെട്ട
എം ടി വാസുദേവൻ നായർ
തന്റെ കുട്ടിക്കാലത്തെക്കുറിച്ചും
എഴുത്തിലേക്കുള്ള വഴികളെക്കുറിച്ചും
സംസാരിക്കുന്നു.

### ഉടുമ്പ്

**സച്ചിദാനന്ദൻ**

ദിനോസർമാരുടെ
തറവാട്ടിൽ ഞാനാ-
ണൊടുക്കത്തെക്കണ്ണി!
അതിന്നഭിമാനം
ഉണരുമ്പോഴൊക്കെ
വലിയോരെൻ തല
കൊടിപോൽ പൊക്കും ഞാൻ.

10







12

### ചുപ്പാമണി

**സി രാധാകൃഷ്ണൻ**

ചുപ്പാമണിയെ കാണാനില്ല.
ചുപ്പാമണി എവിടെപ്പോയി?
ആളുകൾ അന്വേഷിച്ചുതുടങ്ങി.
എവിടെ ചുപ്പാമണി?
എവിടെ ചുപ്പാമണി?
ചുപ്പാമണി ഇല്ല.

**പിള്ളേരൊന്നു വളർന്നോട്ടെ**.........11
ഏഴാച്ചേരി രാമചന്ദ്രൻ

**കണ്ണുകൾ**.........19
കെ ജയകുമാർ

**കിഴവനും കടലും**.........20
പെരുമ്പടവം ശ്രീധരൻ

**ഇലവീട്**.........24
വിനോദ് വൈശാഖി

**മുത്തശ്ശി**.........25
മോഹനകൃഷ്ണൻ കാലടി

**കടലുകണ്ട കഥ**.........26
എം ആർ രേണുകുമാർ

**ഓണത്തുമ്പികൾ**.........32
വിജയകുമാർ ബ്ലാത്തൂർ

**പല്ലൊട്ടി മിഠായി**.........34
രാജീവ് ആലുങ്കൽ

**കടപയാദി**.........35
പള്ളിയറ ശ്രീധരൻ

**അജ്ഞാത കലാകാരൻ**.........36
ഡോ. അജിത് കുമാർ ജി

**മുക്കുറ്റിക്കുന്നിലെ പൂങ്കാറ്റേ**.........40
വയലാർ ഗോപാലകൃഷ്ണൻ

**ഓണച്ചിന്തുകൾ**.........40
ബിന്ദു ദിലീപ്

**അകക്കണ്ണിലെ അമ്മ**.........41
ഇ ജിനൻ

**ഇളംതളിര്**.........42

**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ**.........46



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**സിപ്പി പള്ളിപ്പുറം**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**നവനീത് കൃഷ്ണൻ എസ്**
**അഞ്ജന സി ജി**
**സോബിൻകുമാർ കെ എസ്**

ഡിസൈൻ , ലേഔട്ട്
**നവനീത് കൃഷ്ണൻ എസ്**

കവർ
**ടി ആർ രാജേഷ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790, 8547971483

**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

**www.ksicl.org**






# മാനുഷരെല്ലാരും ഒന്നുപോലെ...

വീണ്ടും ഒരു ഓണം വന്നെത്തിയിരിക്കുകയാണ്. സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും ഏറ്റവും മനോഹരമായ ഉത്സവം. പൂക്കളങ്ങളും ഊഞ്ഞാലുകളും വിഭവസമൃദ്ധമായ സദ്യയും കളികളും നിറഞ്ഞ ഓണക്കാലം, കേരളത്തിന്റ സ്വന്തം ഉത്സവം! ഈ ഉത്സവകാലത്തിനു തൊട്ടുമുമ്പ് സ്വാതന്ത്ര്യദിനവും വന്നെത്തുന്നു.

മാവേലി നാടു വാണീടുന്ന കാലത്തെക്കുറിച്ചുള്ള സങ്കല്പങ്ങളാണ് ഓണം എന്നു കേൾക്കുമ്പോൾ നമുക്ക് ഓർമ്മവരിക. മാനുഷരെല്ലാരും ഒന്നുപോലെ എന്ന മഹത്തായ ആശയത്തെ അടിസ്ഥാനമാക്കിയ ഉത്സവം ലോകത്ത് മറ്റെവിടെയെങ്കിലും ഉണ്ടോ എന്നു സംശയമാണ്. അതേ ആശയത്തെ ഇന്ത്യ മുഴുവൻ പ്രാവർത്തികമാക്കിയത് ഒരു ആഗസ്റ്റ് 15നാണ്. 1947 ഓഗസ്റ്റ് 15ന് ഇന്ത്യ സ്വാതന്ത്ര്യം നേടുകയും പിന്നീട് ഭരണഘടന നിലവിൽവരികയും ചെയ്തതോടെ ഇന്ത്യയിലെ ജനങ്ങളെല്ലാം ഒരേ അവകാശമുള്ള പൗരരായി മാറി. സമത്വത്തിലൂന്നിയ ആ ഭരണഘടന മാവേലി നാടു വാണിരുന്ന കാലത്തെ മാനുഷരെല്ലാരുമൊന്നുപോലെ എന്ന സങ്കല്പത്തെ പ്രാവർത്തികമാക്കാൻ ശ്രമിക്കുകയാണ്.

എല്ലാവരും സ്വാതന്ത്ര്യദിനവും ഓണവും ആഘോഷിക്കണം. ഞങ്ങളുടെ കുട്ടിക്കാലത്തുനിന്ന് വിഭിന്നമാണ് ഇന്നത്തെ ഓണക്കാലം. അന്ന് പൂക്കളമിടാൻ പൂവുകൾ തേടി പലപല തൊടിയിലൂടെ ഞങ്ങൾ നടക്കും. അങ്ങനെ ശേഖരിക്കുന്ന പൂവുകൾകൊണ്ടാണ് മുറ്റത്ത് പൂക്കളം തീർക്കുന്നത്. ഇന്ന് അങ്ങനെ നടന്ന് പൂക്കൾ പറിച്ച് പൂക്കളമിടുന്നവർ കുറവായിരിക്കും. ഇങ്ങനെയൊക്കെയാണെങ്കിലും ഇന്നും ഓണാഘോഷങ്ങൾക്ക് പകിട്ടൊട്ടും നഷ്ടപ്പെട്ടിട്ടില്ല. ഓരോ വർഷവും കൂടുതൽ കൂടുതൽ ആഘോഷങ്ങളുമായി ഓണത്തെ നമ്മൾ വരവേൽക്കുന്നു.

തളിര് മാസിക ഇത്തവണ നിങ്ങളുടെ കൈയിലെത്തുന്നത് പ്രത്യേക ഓണവിഭവങ്ങളോടെയാണ്. പ്രമുഖ എഴുത്തുകാരുടെ അടക്കമുള്ള മികവാർന്ന രചനകൾ നിങ്ങളുടെ ഓണാഘോഷങ്ങൾക്ക് കൂടുതൽ ഭംഗിയേകട്ടേ...

സ്നേഹത്തോടെ,

**പള്ളിയറ ശ്രീധരൻ**
എഡിറ്റർ

**ഓണം സമത്വത്തിന്റെ ഉത്സവമാണ്. മാനുഷരെല്ലാരുമൊന്നുപോലെ എന്ന സമത്വസന്ദേശം പേറുന്ന ഉത്സവം. ലോകത്തുതന്നെ ഇത്തരമൊരു ഉത്സവം വേറെ കാണണമെന്നില്ല. ജാതിമതരാഷ്ട്രീയഭേദമെന്യേ മൂന്നരക്കോടി മലയാളികളും ഒരുപോലെ ആഘോഷിക്കുന്ന ഉത്സവം. ഓണത്തിനു മുന്നോടിയായി സ്വാതന്ത്ര്യദിനംകൂടി വന്നെത്തുമ്പോൾ ആഗസ്റ്റ് മാസം ഉത്സവത്തിന്റെ മാസമായി മാറുന്നു.**

## ഹോർത്തൂസ് മലബാറിക്കൂസിലൂടെ



# മയിൽ-എള്ളു

**ശാസ്ത്രീയനാമം : വൈറ്റെക്സ് ആൾട്ടിസിമ**
(Vitex altissima)

ഇലകൾക്ക് മയിലിനോടു സാദൃശ്യം കൽപ്പിച്ചതോ മയിൽ നിറം അഥവാ ചാരനിറത്തിൽ പുള്ളികളോടു കൂടിയ നിറം എന്ന അർഥത്തിലോ ആവാം മയിലെള്ളു എന്ന പേരു നൽകിയിട്ടുള്ളത്. ഈ മരം കണ്ടുവരുന്നതായി രേഖപ്പെടുത്തിയിട്ടുള്ള മാങ്ങാട്ടി എന്ന പ്രദേശം കൊടുങ്ങല്ലൂരിനു കിഴക്ക് ആലങ്ങോട് എന്നാണ് ഇപ്പോൾ അറിയപ്പെടുന്നത്.



### ഔഷധഗുണങ്ങൾ

ഇതിന്റെ ഇലകളും തൊലിയും ചതച്ചു കഞ്ഞിവെള്ളത്തിൽ വേവിച്ചുണ്ടാക്കുന്ന കഷായം പ്രസവാനന്തരവേദന ശമിപ്പിക്കുന്നതിനും ഗർഭപാത്രത്തിൽ അവശേഷിച്ചിട്ടുള്ള ചാപിള്ളയെ പുറംതള്ളുന്നതിനും പ്രസവാനന്തരസ്രാവം ശുദ്ധീകരിക്കുന്നതിനും ഉത്തമം. പൊണ്ണത്തടിയുള്ളവർക്ക് വണ്ണം കുറയാനും അതു നൽകാറുണ്ട്. പച്ചത്തൊലി പിഴിഞ്ഞെടുക്കുന്ന നീര് തേങ്ങാപ്പാലുമായി ചേർത്തുനൽകുന്നതു വയറുകടി ഭേദപ്പെടുത്തുകയും ഉദരവേദന കുറയ്ക്കുകയും ചെയ്യും. ഇതിന്റെയും പാൽവള്ളിയുടെയും ഇളംശിഖരങ്ങൾ ചതച്ചിട്ടു തിളപ്പിച്ച വെള്ളത്തിൽ കുളിക്കുന്നത് പഴക്കം ചെന്ന പനി, വാതം, സന്ധിവേദന എന്നിവ മാറ്റാൻ സഹായിക്കും.

ഡോ. ബി ഇക്ബാൽ തയ്യാറാക്കിയ *കുട്ടികളുടെ ഹോർത്തൂസ് മലബാറിക്കൂസ്* എന്ന പുസ്തകത്തിൽനിന്ന്. പ്രസാധനം : ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്





# വായനയുടെ വഴികൾ; എഴുത്തിന്റെയും

എം ടി / ഡോ. കെ ശ്രീകുമാർ

**ബാല്യകാലത്തെ ജീവിതാനുഭവങ്ങളെയും വായനയെയും എഴുത്തിനെയും കുറിച്ച് എം ടി സംസാരിക്കുന്നു.**

**●സ്കൂൾ പഠനത്തിന്റെ ആദ്യഘട്ടം എങ്ങനെയായിരുന്നു?**

വീട്ടിലെ ഏറ്റവും ഇളയയാളായിരുന്നു ഞാൻ. അതുകൊണ്ടുതന്നെ വീട്ടിൽ ശല്യമാകാതിരിക്കാൻ നേരത്തെ വിദ്യാലയത്തിൽ കൊണ്ടുചെന്നാക്കി. കൂടല്ലൂർ തന്നെയുള്ള കോപ്പൻ മാഷുടെ സ്കൂളിലായിരുന്നു ആദ്യപഠനം. വീട്ടിൽനിന്ന് നടന്നുപോയി വരാനുള്ള ദൂരമേയുള്ളൂ. അക്ഷരമാല മുതൽ ശ്ലോകങ്ങൾവരെ മാഷ് പഠിപ്പിച്ചു. ഓരേയൊരു കോപ്പൻ മാഷ്; എല്ലാ ക്ലാസുകളിലും അദ്ദേഹംതന്നെ പഠിപ്പിക്കും.

കോപ്പൻ മാഷുടെ സ്കൂളിലെ പഠനം ഏതാനും മാസം മാത്രമേ നീണ്ടുനിന്നുള്ളൂ. നാലാം ക്ലാസിൽ മറ്റൊരു സ്കൂളിലേക്ക് പഠനം മാറ്റി. മലമക്കാവ് സ്കൂളായിരുന്നു അടുത്ത തട്ടകം. എല്ലാ ദിവസവും ഒന്നര-രണ്ടു മൈൽ നടന്നു വേണം സ്കൂളിലെത്താൻ. അന്നൊന്നും പഠനത്തെ ഗൗരവമായി കണ്ടിട്ടേയില്ല.

പഠനം ഗൗരവമായി കാണേണ്ട ഒന്നാണെന്ന തോന്നൽ വന്നത് ഹൈസ്കൂളിലെത്തിയതോടെയാണ്. കുമരനല്ലൂർ ഹൈസ്കൂളിലെ വിദ്യാർത്ഥിയായി ഫസ്റ്റ് ഫോമിൽ (ആറാം ക്ലാസ്) ചേർന്നു. ഏട്ടന്മാരാണ് എന്നെ കുമരനല്ലൂർ ഹൈസ്കൂളിൽ ചേർക്കാൻ കൊണ്ടുപോയത്. പ്രവേശനപ്പരീക്ഷയുടെ അടിസ്ഥാനത്തിലായിരുന്നു തിരഞ്ഞെടുപ്പ്. അധ്യാപകർ എന്നോട് കുറെ ചോദ്യങ്ങൾ ചോദിച്ചു. പലതിനും ഞാൻ ഉത്തരം പറഞ്ഞു. ചോദ്യങ്ങളൊന്നും ഇപ്പോൾ ഓർമ്മയില്ല. ഏതായാലും എനിക്ക് ഫസ്റ്റ് ഫോമിൽ പ്രവേശനം കിട്ടി. യഥാർത്ഥത്തിൽ ചേരേണ്ടതിലും ഒരു ക്ലാസ് തെറ്റിച്ചാണ് ചേർത്തത്.

**● കുമരനല്ലൂർ സ്കൂളിലെ പഠനകാലത്തെ ഓർമ്മകൾ എന്തൊക്കെയാണ്?**

മുൻവിദ്യാലയങ്ങളെ അപേക്ഷിച്ച് പഠിക്കണം എന്നു തോന്നിക്കുന്ന അന്തരീക്ഷമായിരുന്നു കുമരനല്ലൂർ ഗവൺമെന്റ് ഹൈസ്കൂളിലേത്. നന്നായി പഠിക്കുന്ന സഹപാഠികൾ പഠിക്കാനുള്ള പ്രചോദനമായി. നന്നായി പഠിച്ചാൽ അധ്യാപകർക്കും കുട്ടികൾക്കുമിടയിൽ ശോഭിക്കാം എന്നും തോന്നി. ചില അധ്യാപകരെ ഇപ്പോഴും നന്നായി ഓർക്കുന്നുണ്ട്.

നാലാം ഫോമിൽ എന്റെ അധ്യാപകനായിരുന്ന പയ്യാക്കൽ രാമൻ നായർ മാഷാണ് ഒന്ന്. എന്റെ പഠനത്തിലെ പിന്നാക്കാവസ്ഥ മനസ്സിലാക്കി അദ്ദേഹം പറഞ്ഞു.

"കണക്കിൽ നീ വളരെ മോശമാണ്. ഇങ്ങനെ മുന്നോട്ടു പോയാൽ ശരിയാവില്ല. ഇനി കോഴിക്കോട്ടു പോകുമ്പോൾ പുസ്തകശാലയിൽച്ചെന്ന് ജെ പാവമണി ബി എ/എൽ ടിയുടെ കണക്കുടെക്സ്റ്റ് വാങ്ങണം. അല്ലെങ്കിൽ കോഴിക്കോട്ടു പോകുന്ന ആരെക്കൊണ്ടെങ്കിലും അത് വാങ്ങിപ്പിക്കണം. എന്നിട്ട് ദിവസേന അതിലെ കണക്കുകൾ ചെയ്യാൻ ശ്രമിക്കണം. വേഗം ഫലം കാണും."

ഞാനത് അനുസരിച്ചു. കൊച്ചുണ്ണിച്ചേട്ടൻ കോഴിക്കോട്ടു നിന്നും പാവമണി മാഷുടെ ടെക്സ്റ്റ് വാങ്ങി വന്നു. നാല്, അഞ്ച്, ആറ് ഫോമുകൾക്ക് പൊതുവായി ചേരുന്ന പുസ്തകമായിരുന്നു അത്. അത് കൃത്യമായി ചെയ്തതോടെ കണക്കിൽ എനിക്ക് ആത്മവിശ്വാസം വന്നു. ഇടയ്ക്കിടെ ചെയ്ത കണക്കുകൾ മാഷെ കാണിക്കുകയും ചെയ്തു.

മുടി കെട്ടി, വലിയ കുപ്പായമിട്ട് ക്ലാസിൽ വരുന്ന രാമനാഥയ്യർ എന്ന ഇംഗ്ലീഷ് മാഷാണ്

## എം ടി വാസുദേവൻ നായർ

കൂടല്ലൂരിലെ മാടത്ത് തെക്കേപ്പാട്ട് തറവാട്ടിലെ വാസുദേവൻ നായർ അനശ്വരമായ കഥകളിലൂടെയും നോവലുകളിലൂടെയും തിരക്കഥകളിലൂടെയും ലോകമറിയുന്ന മലയാളി എഴുത്തുകാരനായി വളർന്നു. ജീവചരിത്രം, യാത്രാവിവരണം, നാടകം എന്നീ മേഖലകളിലും അദ്ദേഹം സംഭാവനകൾ നൽകി. മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായി പ്രവർത്തിച്ച് പത്രപ്രവർത്തനരംഗത്തും ശ്രദ്ധേയനായി. ഒട്ടേറെ പുതിയ എഴുത്തുകാരെ കണ്ടെത്തി സാഹിത്യത്തിലേക്ക് കൈപിടിച്ചാനയിച്ചു. ജ്ഞാനപീഠമടക്കമുള്ള ദേശീയ–സംസ്ഥാനപുരസ്കാരങ്ങൾ നേടി. തിരക്കഥകൾക്ക് രാഷ്ട്രപതിയുടെ സ്വർണ്ണമെഡലിനും ദേശീയ–സംസ്ഥാനപുരസ്കാരങ്ങൾക്കും അർഹനായി. തിരൂർ തുഞ്ചൻ സ്മാരക ട്രസ്റ്റ് ചെയർമാൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ്, കേന്ദ്ര സാഹിത്യ അക്കാദമി മലയാളം വിങ് കൺവീനർ, ഇന്ത്യൻ പനോരമ ചെയർമാൻ എന്നീ നിലകളിൽ മികച്ച സാരഥിയുമായി. കുട്ടികൾക്കായി *മാണിക്യക്കല്ല്*, *ദയ എന്ന പെൺകുട്ടി*, *തന്ത്രക്കാരി* എന്നീ ബാലസാഹിത്യ കൃതികൾ രചിച്ചു, 'ദയ' എന്ന കുട്ടികളുടെ സിനിമയും ഒരുക്കി.



വര: ടി ആർ രാജേഷ്

മറക്കാനാവാത്ത മറ്റൊരാൾ. ചാൾസ് ഡിക്കൻസിന്റെ ചെറിയൊരു പുസ്തകം അന്ന് നോൺ-ഡീറ്റെയ്ൽഡ് ടെക്സ്റ്റായിരുന്നു. ഡാനിയെ തൂക്കിക്കൊല്ലുന്ന രംഗമൊക്കെ അദ്ദേഹം വിശദീകരിക്കുമ്പോൾ ഞങ്ങൾ അന്തം വിട്ട് കേട്ടിരിക്കും. അത്രയ്ക്കു നാടകീയമായാണ് അവതരണം.

**●കോളേജ് പഠനകാലത്തെ അനുഭവങ്ങളെക്കുറിച്ച് പറയാമോ?**

കുമരനല്ലൂർ ഹൈസ്കൂളിൽ നിന്ന് എസ് എസ് എൽ സി കഴിഞ്ഞിട്ടും എന്നെ കോളേജിൽ ചേർത്തില്ല. പ്രായം തികഞ്ഞില്ല എന്നാണ് വീട്ടുകാർ അതിനു ന്യായം പറഞ്ഞത്. ഏട്ടന്മാർ കോളേജിൽ പഠിക്കുന്ന കാലമായതിനാൽ എന്നെക്കൂടി ചേർത്താൽ സാമ്പത്തികബാധ്യത കൂടും എന്നതാവും കാരണം. എന്നെപ്പോലെ പ്രായം തികയാത്ത ആനക്കരയിലെ കുട്ടികൾക്കൊക്കെ പ്രവേശനം ലഭിക്കുകയും ചെയ്തു. ഒരു കൊല്ലം കഴിഞ്ഞ് എന്നെ കോളേജിൽ ചേർക്കാം എന്ന് വീട്ടുകാർ ആശ്വസിപ്പിച്ചു. ആ ഒരു കൊല്ലക്കാലം തികച്ചും നിരാശനായി വെറുതെ ഇരിക്കേണ്ടി വന്നു. അക്കിത്തത്തിന്റെ മനയ്ക്കടുത്ത് കൊച്ചുണ്ണിയേട്ടൻ വാടകയ്ക്കെടുത്ത വീട്ടിൽ കുറച്ചു കാലം ഞാനും കൂടി. ബാലൻ നായരുടെ ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിച്ചു. അക്കിത്തം വാസുദേവനും അക്കിത്തം അച്യുതനും എനിക്ക് വളരെ വേണ്ടപ്പെട്ടവരായിരുന്നു. വായനയിൽ ഹരം കയറിയെങ്കിലും പുസ്തകങ്ങൾ കിട്ടാത്ത കാലമായിരുന്നു അത്. ഇടയ്ക്ക് അക്കിത്തത്തിന്റെ പത്തായപ്പുരയിൽച്ചെന്ന് മലയാളം, ഇംഗ്ലീഷ് പുസ്തകങ്ങൾ വായിച്ചു. അവിടെ



വന്നിരുന്ന മാസികകളും മറിച്ചു നോക്കി.

അവധിക്കാലത്ത് അവിടെ നിന്ന് പുസ്തകങ്ങൾ കൊണ്ടുവന്ന് വായിച്ച് തിരിച്ചുകൊടുത്തു.

ഒരു കൊല്ലത്തെ ഇടവേളയ്ക്കു ശേഷം ഞാൻ പാലക്കാട് വിക്ടോറിയ കോളേജിൽ പ്രീഡിഗ്രിക്കു ചേർന്നു. സീനിയർ വിദ്യാർത്ഥിയായിരുന്ന ആനക്കര ബാലകൃഷ്ണ മേനോനാണ് എന്നെ കോളേജിൽ ചേർക്കാൻ കൂടെ വന്നത്. സയൻസ് ഗ്രൂപ്പ് വിദ്യാർത്ഥിയായി ചേർന്നു. താമസം കോളേജ് ഹോസ്റ്റലിൽ.

സാഹിത്യത്തോടായിരുന്നു താല്പര്യമെങ്കിലും ജോലി കിട്ടാൻ സയൻസ് പഠനം സഹായകമാവും എന്ന കണക്കുകൂട്ടലിലാണ് സയൻസ് ഗ്രൂപ്പ് എടുത്തത്. രമ രാമനുണ്ണി ടീച്ചറെപ്പോലെ ഒട്ടേറെ വിദഗ്ധ അധ്യാപകർ അന്ന് ഞങ്ങളെ പഠിപ്പിക്കാനുണ്ടായിരുന്നു.

പുസ്തക വായനയ്ക്കുള്ള മോഹം കുറെയൊക്കെ സാക്ഷാത്കരിക്കപ്പെട്ട നാളുകളായിരുന്നു അത്. ഒരു വിദ്യാർത്ഥിക്ക് രണ്ടു കാർഡ് കിട്ടും. രണ്ടു പുസ്തകം എടുക്കാം. പുസ്തക വായനയിൽ താല്പര്യമില്ലാത്ത കൂട്ടുകാരുടെ കാർഡുകൾ കൂടി ശേഖരിച്ച് അതിനും പുസ്തകങ്ങൾ എടുക്കും. എല്ലാം കൂടി താങ്ങിപ്പിടിച്ചാണ് ഹോസ്റ്റലിൽ വരിക. പത്തും പന്ത്രണ്ടും കാർഡുകളിലെ ഇംഗ്ലീഷ്, മലയാളം പുസ്തകങ്ങളുണ്ടാവും ആകെ. അവ ആവേശത്തോടെ വായിച്ചുതീർക്കും. സാഹിത്യവിഷയങ്ങളിൽ ക്ലാസിൽ ചെറിയ പ്രസംഗം നടത്താനും തുടങ്ങി അക്കാലത്ത്. പുസ്തകങ്ങളിലൂടെ മലയാള സാഹിത്യകാരന്മാരിൽ പലരെയും പരിചയപ്പെട്ടിരുന്നെങ്കിലും നേരിൽ പരിചയമുള്ള ഏക എഴുത്തുകാരൻ അക്കിത്തമായിരുന്നു അക്കാലത്ത്.

പഠനവും തൊഴിലന്വേഷണവും ഒരുമിച്ചു കൊണ്ടുപോയ കാലമാണത്. സയൻസിനോട് വിരോധമില്ലെങ്കിലും പാറ്റയെയും തവളയെയുമൊക്കെ കീറിമുറിച്ചുള്ള പഠനം ബുദ്ധിമുട്ടുണ്ടാക്കി. തരക്കേടില്ലാത്ത മാർക്കോടെ പ്രീഡിഗ്രി ജയിച്ച ശേഷം വിക്ടോറിയയിൽത്തന്നെ രസതന്ത്ര ബിരുദ വിദ്യാർത്ഥിയായി. കോളേജ് ലൈബ്രറിയുടെ നിരന്തരമായ ഉപയോഗം എന്നെ സാഹിത്യത്തോട് അടുപ്പിച്ചു. എഴുത്തിനോടുള്ള അഭിനിവേശവും അങ്ങനെ ഉടലെടുത്തു. കോളേജിലെ ഉപന്യാസ രചനാ മത്സരങ്ങളിലാണ് ആദ്യം പങ്കെടുത്തത്. സമ്മാനമായി കിട്ടിയതും നല്ല പുസ്തകങ്ങൾ തന്നെ. ഒളപ്പമണ്ണയും അക്കിത്തവുമൊക്കെ കോളേജിൽ വന്ന് സാഹിത്യസംബന്ധിയായ പ്രഭാഷണങ്ങളും ക്ലാസുകളും നടത്തിയതും എഴുതാൻ പ്രചോദനമായി.

പ്രാദേശികമായി പുറത്തിറങ്ങിയ ചില മാസികകളിൽ അച്ചടിക്കാനായി ഗദ്യലേഖനങ്ങൾ അയച്ചുകൊടുത്തു. ഗുരുവായൂരിൽനിന്നുള്ള *കേരള ക്ഷേമം* മാസികയിൽ വന്ന *പ്രാചീനഭാരതത്തിലെ രത്നവ്യവസായം* ആയിരുന്നു അച്ചടിച്ചു വന്ന ആദ്യലേഖനം.

**● അക്കാലത്തെ പ്രധാന ആനുകാലികങ്ങളും അവയിലെ എഴുത്തും എങ്ങനെയായിരുന്നു?**

ആനുകാലികങ്ങൾ വളരെക്കുറച്ചു മാത്രമേ അക്കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ടുള്ളൂ. കേരളക്ഷേമം, ചന്ദ്രിക, നിത്യചൈതന്യം, ജയകേരളം തുടങ്ങിയവയായിരുന്നു പ്രധാനപ്പെട്ടവ. മാതൃഭൂമി ആഴ്ചപ്പതിപ്പ് അക്കിത്തത്തിന്റെ വീട്ടിൽ വരുത്തിയിരുന്നു. വല്ലപ്പോഴും അവിടെനിന്ന് അത് മറിച്ചു നോക്കി. പിന്നെ കുറ്റിപ്പുറം റെയിൽവേസ്റ്റേഷനിൽ തൂക്കിയിട്ട ആഴ്ചപ്പതിപ്പ്, കടക്കാരന്റെ മൗനാനുവാദത്തോടെ നോക്കിയതും ഓർക്കുന്നു. ദിനപ്പത്രങ്ങൾവരെ പിറ്റേന്നാണ് ഞങ്ങളുടെ നാട്ടിൽ വന്നിരുന്നത്. 'മാതൃഭൂമി'യായിരുന്നു ഏറെ പരിചയമുള്ള പത്രം.

ഇംഗ്ലീഷ് പത്രങ്ങളിൽ ഹിന്ദുവിനായിരുന്നു പ്രാമാണ്യം. ഞങ്ങളുടെ നാട്ടിൽ പാറക്കുളങ്ങര അപ്പുണ്ണി മേനോന്റെ തറവാട്ടിൽ മാത്രമാണ് ഹിന്ദു വരുത്തിയത്. തപാലിൽ പിറ്റേന്നു കിട്ടുന്ന പത്രം കാര്യസ്ഥൻ തപാലാഫീസിൽനിന്ന് വാങ്ങും. വീട്ടിലെത്തുംവരെ കാര്യസ്ഥനെ പ്രീണിപ്പിച്ച് അതിലെ വാർത്തകൾ വേഗം വായിച്ചിരുന്നു.

ലേഖനങ്ങളിൽനിന്ന് കഥയിലേക്കു തിരിഞ്ഞത് പിന്നീടാണ്. താമി പരമേശ്വരയ്യർ പത്രാധിപരായ ചിത്രകേരളം മാസികയിലാണ് ആദ്യകഥ *വിഷുവാഘോഷം* അച്ചടിച്ചു വന്നത്. ആദ്യകഥ അച്ചടിമഷി പുരണ്ടതു കണ്ടപ്പോൾ വലിയ സന്തോഷം തോന്നി. തുടർന്ന് പല മാസികകളിലും കഥകൾ പ്രസിദ്ധീകരിക്കപ്പെട്ടു. അവയുടെ കോപ്പികളും തപാലിൽ വീട്ടിലെത്തി. 'ജയകേരള'വും 'ചന്ദ്രിക'യുമൊക്കെ കഥകൾക്ക് പ്രതിഫലവും തന്നു. പത്തും പന്ത്രണ്ടും രൂപയായിരുന്നു ആദ്യം എനിക്കു കിട്ടിയ പ്രതിഫലം.

1954-ൽ ലോകകഥാമത്സരത്തിൽ 'വളർത്തുമൃഗങ്ങൾ'ക്ക് ഒന്നാം സമ്മാനം കിട്ടിയതോടെ കഥാഭൂമികയിൽ വ്യക്തമായ ഇടം ലഭിച്ചു. അതിനും രണ്ടു വർഷം മുമ്പേ ആദ്യപുസ്തകമായ *രക്തം പുരണ്ട മൺതരികൾ* സഹൃദയരായ കൂട്ടുകാരുടെ ഉത്സാഹത്തിൽ അച്ചടിക്കപ്പെട്ടു.

# ഉടുമ്പ്

സച്ചിദാനന്ദൻ

പിടി വിടില്ല ഞാൻ
പിടി വിടില്ല ഞാൻ
മതിലിലായാലും
മരത്തിലായാലും
പിടിക്കും കാലിനാൽ
പിടിക്കും വാലിനാൽ
കടുത്ത വേനലിൽ
പെരും മഴയിലും.

ഇഴയും പുല്ലിൽ ഞാൻ,
കിടക്കും കല്ലിൽ ഞാൻ
ശിരസ്സ് പൊക്കി ഞാൻ
അരചനായ് നോക്കും.
പിടി വിടില്ല ഞാൻ
കിളികൾ കൊമ്പിന്മേൽ
കവികൾ വാക്കിന്മേൽ
പിടിച്ചു നിൽക്കും പോൽ.

വെറും പല്ലിയെന്നു
വിളിക്കല്ലേയെന്നെ:
ദിനോസർമാരുടെ
തറവാട്ടിൽ ഞാനാ-
ണൊടുക്കത്തെക്കണ്ണി!
അതിന്നഭിമാനം
ഉണരുമ്പോഴൊക്കെ
വലിയോരെൻ തല
കൊടിപോൽ പൊക്കും ഞാൻ.

മുതലമുട്ടകൾ
തിരഞ്ഞുപോകും ഞാൻ
നഖങ്ങളൂന്നി ഞാൻ
മരങ്ങളിൽ കേറും
ഇണങ്ങിയാൽ നല്ല
സുഹൃത്തുമാകും ഞാൻ,
പിണങ്ങില്ലാ, നൽ പൊ-
ന്നുടുമ്പും ഞാനല്ലോ!

അരുതുപദ്രവം,
അവസാനത്തേതെൻ
കുലത്തിൽ ഞാൻ, ഒന്നു
തലോടുകെൻ മെയ്യിൽ!



(ഉടുമ്പ് ഡൈനോസോറുകളുടെ വംശത്തിൽ ശേഷിച്ച കണ്ണിയാണെന്നു പറയാറുണ്ട്. ഇഷ്ടഭക്ഷണം മുതലകളുടെ മുട്ടയാണ്, അതുകൊണ്ട് ഉടുമ്പിനെ തീരങ്ങളിൽ കണ്ടാൽ വെള്ളത്തിൽ മുതലയുണ്ടാകും എന്ന് വിശ്വാസം. ഉടുമ്പിനെ ഇണക്കി വളർത്താൻ പറ്റും. കൊല്ലുന്നത് നിയമവിരുദ്ധമാണ്.)

വര: സുധീർ പി വൈ



# പിള്ളേരൊന്നു വളർന്നോട്ടെ

ഏഴാച്ചേരി രാമചന്ദ്രൻ



മലയാള മക്കൾക്കു മംഗലക്കോടിയും
വയനാടൻ കാടിനു പൂക്കണിയും
ചുണ്ടിൽ മധുരമാം മാവേലിപ്പാട്ടിന്റെ
ചെണ്ടുലഞ്ഞാർക്കും നിലാവുമായി,
പടികടന്നെത്തുന്ന തിരുവോണമേ, നിന്റെ
കവിളത്തൊരുമ്മ തരട്ടേ; നിന്നെ
കണ്ണുനിറച്ചൊന്നു കാണട്ടെ!

2

മോഹൻലാലിനെപ്പോലൊരു മാവേലി,
മമ്മൂട്ടിപോലെ ചിരിചിരിച്ച്,
വെള്ളിക്കുതിരപ്പുറത്തേറി ഞങ്ങടെ
പള്ളിക്കൂടത്തിന്റെ മുറ്റത്ത്;
വട്ടം വളയുന്ന ഞങ്ങളോടൊന്നിച്ചു
പട്ടം പറത്തുന്നു മാവേലി.
പ്രഹരപ്പെരുഞ്ചൂരൽ കെട്ടുകൾ കത്തിച്ച
ചുടുചാരംകൊണ്ടു തുലാഭാരം;
അതുകേട്ടു മാവേലി പുഞ്ചിരിച്ചു
ഒപ്പം ഞങ്ങളും സഞ്ചരിച്ചു.

3

പാട്ടു പഠിപ്പിക്കും പത്മിനി ടീച്ചറും,
ഫ്രൂട്ടിയും ബിസ്ക്കറ്റും ചോക്കലേറ്റും,
എല്ലാമൊരുമിച്ച നേരത്തൊരു മാത്ര
കണ്ണുതുറന്നതും കഷ്ടമായി.
ഒക്കെ പകൽക്കിനാവെ,ന്നറിഞ്ഞുണ്ടായ
ദുഃഖം തീർക്കുവാനെന്തുവഴി?

4

ആലോചിക്കാനെന്തിരിക്കുന്നു; മുന്നി-
ലാരിതു നിൽക്കുന്നതെന്നു നോക്കൂ!
കടലാസുകപ്പു നിറഞ്ഞ പാൽപ്പായസ
ച്ചിരി വന്നു നമ്മളെ വരവേൽക്കുന്നു.
നേരായിത്തീർന്ന പകൽക്കിനാവേ, നിന-
ക്കായിരം ദണ്ഡനമസ്ക്കാരം.
പായസച്ചെമ്പിന്റെ വട്ടത്തിൽച്ചുറ്റുന്നു
ഭാരതിടീച്ചറും പിള്ളേരും.
ഇത്തവണത്തെ തിരുവോണമേ, ഞങ്ങ-
ളിത്തിരി കൂടി വളർന്നാകിൽ,
നിന്നെ മലയാളപ്പൂമുഖത്തിണ്ണയിൽ
ഞങ്ങളെന്നാളും കുടിയിരുത്തും.



കഥ

# ചുപ്പാമണി

**സി രാധാകൃഷ്ണൻ**



വര: ബാസി മറിയം

"ചുപ്പാമണീ, ഡേയ് ചുപ്പാമണീ. ഇഞ്ചുവാടാ. ഇന്നിക്ക്, ഉന്നെ ഞാൻ കൊന്നുപോടു വേണ്ടാ." കോന്തിഭട്ടർ ഉറക്കെ വിളിച്ചാർക്കും.

കോന്തിഭട്ടർ ചുപ്പാമണിയുടെ അച്ഛന്റെ അച്ഛനാണ്. എന്റെ അയൽക്കാരാണ് ഈ കുടുംബം. ഞങ്ങൾക്കിടയിൽ വേലിയില്ല. അതിര് എന്ന ഒരു സങ്കല്പമുണ്ട്. ആ അതിരിൽ കുറച്ചു മരങ്ങൾ നിൽപ്പുണ്ട്. പക്ഷേ അവയ്ക്കിടയിൽ ഇഷ്ടം പോലെ വിടവുകൾ ഉള്ളതുകൊണ്ട് ആർക്കും എപ്പോൾ വേണമെങ്കിലും അതിലൂടെ നടന്നുപോകാം. അല്ലെങ്കിലും ആ കാലങ്ങളിൽ വഴികൾക്ക് തടസ്സങ്ങളുണ്ടായിരുന്നില്ലല്ലോ. ഏതിലൂടെയും ആർക്കും പോകാമായിരുന്നു. എന്തുകൊണ്ട് ഇതിലേ പോകുന്നു എന്ന് ആരും ചോദിക്കില്ല. ഏതിലൂടെയാണോ സൗകര്യം അതിലൂടെ നടക്കാം.

ചുപ്പാമണിയുടെയും എന്റെയും വീടുകൾ തമ്മിൽ അകലമുണ്ടായിരുന്നില്ല എന്നതുപോലെ ഞങ്ങൾ തമ്മിലും അകലമുണ്ടായിരുന്നില്ല. ഞങ്ങൾ ഇരുവരും ഒരുപോലെ വികൃതികൾ. പക്ഷേ ചുപ്പാമണി എന്നെക്കാൾ എത്രയോ ഇരട്ടി വികൃതി. അതുകൊണ്ട് എപ്പോഴും ചുപ്പാമണിക്കാണ് ശിക്ഷ മുഴുവൻ കിട്ടുന്നത്. കൂട്ടത്തിൽ എനിക്കും തകരാറ് കൂടാത്ത ചിലതൊക്കെ കിട്ടാറുണ്ട് എന്നുമാത്രം.

എന്റെയും ചുപ്പാമണിയുടെയും അമ്മമാർ സുഹൃത്തുക്കളായിരുന്നു. തൈലാംബാൾ എന്ന ആ അമ്മയാര് ചുപ്പാമണിക്ക് മൂന്നു വയസ്സുള്ളപ്പോൾ മരിച്ചുപോയി. പിന്നെ ചുപ്പാമണിക്ക് ചുപ്പാമണിയുടെ അപ്പാവ് മാത്രമാണ് ഉണ്ടായിരുന്നത്. അദ്ദേഹം മദിരാശിയിൽ ഒരു ഹോട്ടലിൽ ജോലിക്കാരനായിരുന്നു. അവിടെയിരിക്കെ എന്ത് കാരണത്താലോ എങ്ങനെയോ അദ്ദേഹവും മരിച്ചുപോയി. അങ്ങനെ ചുപ്പാമണിക്ക് ആരുമാരും ഇല്ലാതെയായി, മുത്തശ്ശനായ ഈ കോന്തിഭട്ടർ ഒഴികെ.

തൈലാംബാൾ എന്ന അമ്മയാര് എന്റെ അമ്മയുമായി എത്രമാത്രം സ്നേഹത്തിലായിരുന്നുവെന്ന് പറഞ്ഞറിയിക്കുവാൻ പ്രയാസം. അതുകൊണ്ട് എനിക്ക് എന്തെങ്കിലും വിശേഷമുണ്ടെങ്കിൽ ചുപ്പാമണിക്കും ഉണ്ടാകാറുണ്ട്. ആരും കാണാതെ ചുപ്പാമണിക്ക് അമ്മ ചോറും കറിയുമൊക്കെ വിളമ്പിക്കൊടുക്കാറുണ്ട്. ഇവിടുന്ന് ഭക്ഷണം കഴിക്കരുതെന്നാണ് കോന്തിഭട്ടരുടെ ശാസനം.

കാരണം അവർ ബ്രാഹ്മണ രാണ്, ഞങ്ങൾ അങ്ങനെയല്ല. അതുകൊണ്ട് അവിടെ കിട്ടുന്ന ചോറും കറികളും മാത്രമേ കഴിക്കാവൂ എന്നാണ് ചുപ്പാ മണിക്കുള്ള അന്ത്യശാസന.

അത് ചുപ്പാമണി ഒരിക്കലും പാലിക്കാറില്ല. ഞങ്ങളുടെ വീട്ടിൽനിന്ന് എന്നു മാത്രമല്ല ചുപ്പാമണിക്ക് ആരും ഇല്ലാ എന്ന് അറിയാവുന്ന എല്ലാ വീട്ടമ്മമാരും, ചുറ്റുവട്ടത്തുള്ള വരുമൊക്കെ ചുപ്പാമണിയുടെ വിശപ്പിനും ദാഹത്തിനും പരി ഹാരമായി എപ്പോഴും എന്തെ ങ്കിലുമൊക്കെ നീക്കിവയ്ക്കാറുണ്ട്. അതൊക്കെ ചുപ്പാമണി ഒരി ക്കലും നിരസിക്കാതെ സ്വീകരി ക്കാറുമുണ്ട്.

ഈ കഥ നടക്കുന്ന കാലത്ത് ചുപ്പാമണിക്കും എനിക്കും ഒൻ പത് വയസ്സായിരുന്നു. ചുപ്പാ മണിക്ക് ഒരു ഭാരിച്ച ജോലി ചെയ്യാനുണ്ട്. അത്രതന്നെ ഭാരമില്ലാത്ത ഒരു ജോലിയും അതിന്റെ കൂടെയുണ്ട്. ഭാരിച്ച ജോലി കോന്തിഭട്ടരെ കയറ്റിയിരുത്തിയ മരവണ്ടി മുറ്റത്തൂടെ വലിച്ചുകൊണ്ട് നടക്കുകയാണ്. കോന്തിഭട്ടർക്ക് നടക്കാൻ വയ്യ. ഇരിക്കാൻ കഷ്ടി സാധിക്കും. ചമ്രം പടി ഞ്ഞിരിക്കും. അദ്ദേഹം ആശാരി യെക്കൊണ്ട് ഒരു വണ്ടിയുണ്ടാ ക്കിച്ചിരിക്കുന്നു. രണ്ടുമൂന്ന് പലകകൾ ചേർത്തുവച്ച് നാലു ചക്രങ്ങളിൽ ഉന്തിക്കൊണ്ട് പോകാനും വലിച്ചോണ്ടുപോ കാനും ഉള്ള പിടികളും വലിക ളുമൊക്കെയുള്ള ഒരു വണ്ടി യാണ്. ചുപ്പാമണി വേണം ഇദ്ദേഹത്തെ വലിച്ചുകൊണ്ടു പോകാൻ.

അവിടെ ഒരു പണിക്കാര നുണ്ട്, നാരായണൻ നായർ. അദ്ദേഹം ചുപ്പാമണിയെ എടുത്ത് ഈ വണ്ടിയിൽ വയ്ക്കും. അതുകഴിഞ്ഞ് ഈ കാര്യസ്ഥൻ മറ്റു ജോലികൾക്കായും വീട്ടി ലേക്കും പോകുമ്പോഴൊക്കെ ചുപ്പാമണിയാണ് ഇദ്ദേഹത്തെ വലിച്ചുകൊണ്ട് നടക്കേണ്ടത്. അതുമാത്രമല്ല വലിച്ചുകൊണ്ട് നടക്കുന്നതിനിടയ്ക്കുതന്നെ ആവശ്യംവന്നാൽ ആ പരിപാടി നിർത്തിയിട്ട് കോന്തിഭട്ടർക്ക് വെറ്റിലയും അടയ്ക്കയും ഒക്കെ ചേർത്ത് ഇടിച്ച് കൊടുക്കുന്ന ജോലി കൂടി ചുപ്പാമണിയാണ് നിർവഹിക്കുക.

ഇടിച്ചുകൊടുത്താൽ പോരാ അത് മരവുരലിനകത്ത് കൈ യിട്ട് തോണ്ടിയെടുത്ത് കോന്തി ഭട്ടരുടെ വായിൽ വച്ചുകൊടു ക്കുക കൂടി ചെയ്യണം. അതും ചുപ്പാമണിയുടെ ജോലിയാണ്.

ചുപ്പാമണി എന്തു ചെയ്യു മെന്നുവച്ചാൽ കോന്തിഭട്ടരുടെ വായിൽ വച്ചുകൊടുത്തിട്ട് ആ വിരൽ തന്റെ വായിലേക്കിട്ട് ഒന്നു ഈമ്പി അതിന്റെ സത്തെ ടുക്കും. അപ്പോൾ ചുപ്പാമണി യുടെ വിരലും ചുണ്ടും വായും ചുവന്നിരിക്കും. ഇതുകണ്ടാ ലാണ് കോന്തിഭട്ടർക്ക് കലി കയറുക. കാരണം അദ്ദേഹ ത്തിന്റെ ചുണ്ടും വിരലും ഒരി ക്കലും ചുവക്കാറില്ല. ചുപ്പാ മണിയെ അതിനാണ് അദ്ദേഹം കാര്യമായിട്ട് ശാസിക്കുന്നതും ശിക്ഷിക്കുന്നതും.

ശിക്ഷ തലയിലിട്ടു കിഴു ക്കാണ്. ചുപ്പാമണിയുടെ നെറ്റി യ്ക്കു മുകളിലുള്ള പ്രദേശമാണ് കോന്തിഭട്ടർ തിരഞ്ഞെടുക്കുക. കാരണം അവിടെ മുടിയില്ല. ഉപനയനം കഴിഞ്ഞതോടുകൂടി മുൻഭാഗം മുടിയില്ലാത്തതായി മാറിയിട്ടുണ്ട്. 'റ' എന്ന അക്ഷര ത്തിൽ ഒരു ഭാഗം മുടി മാത്രമേ ശേഷിക്കുന്നുള്ളൂ.

മുടിയില്ലാത്തിടത്ത് മേടി യാൽ നല്ല വേദനയുണ്ടാകു മെന്നുള്ളതുകൊണ്ട് കോന്തി ഭട്ടര് സ്ഥിരമായി ചെയ്യുന്ന ഒരു വിനോദമാണ് ഇത്.

അദ്ദേഹത്തിന് ആരോടെ ങ്കിലും ദേഷ്യം വന്നാൽ, പരാ തിയുണ്ടെങ്കിൽ, ആരോടെങ്കിലും എന്തെങ്കിലും വിരോധം തോന്നി യാൽ അതൊക്കെ തീർക്കു ന്നത് പാവം ചുപ്പാമണിയുടെ ഈ മൊട്ടത്തലയിലാണ്.

അതിനാണ് "ഡേയ് ചുപ്പാ മണീ, ഇഞ്ചുവാടാ. ഇന്നിക്ക്, ഉന്നെ ഞാൻ കൊന്നുപോടു വേണ്ടാ." എന്നു വിളിക്കുന്നത്.

ചുപ്പാമണി നാടുനീളെ നടക്കും. എന്റെ ക്ലാസ്സിലാണെ ങ്കിലും വല്ലപ്പോഴുമേ സ്കൂളിൽ വരാറുള്ളൂ. സ്കൂളിൽ വന്നാൽ ത്തന്നെ എല്ലാ അധ്യാപകരു ടെയും ശിക്ഷ വലിയ സമ്മാനം പോലെ ചുപ്പാമണി ഏറ്റുവാ ങ്ങുകയും ചെയ്യും. ചുപ്പാമണി ക്ക് അതൊരു ബഹുമതി പോ ലെയാണ്.

**ശിക്ഷ തലയിലിട്ടു കിഴുക്കാണ്. ചുപ്പാമണിയുടെ നെറ്റിയ്ക്കു മുകളി ലുള്ള പ്രദേശമാണ് കോന്തിഭട്ടർ തിരഞ്ഞെടുക്കുക. കാരണം അവിടെ മുടിയില്ല. മുടിയില്ലാത്തിടത്ത് മേടിയാൽ നല്ല വേദനയു ണ്ടാകുമെന്നുള്ളതുകൊണ്ട് കോന്തിഭട്ടര് സ്ഥിരമായി ചെയ്യുന്ന ഒരു വിനോദമാണ് ഇത്.**

തല്ലുകിട്ടിയാൽ ചുപ്പാമ ണിക്ക് വേദനിക്കില്ല എന്നാണ് നാട്ടുകാരുടെ വിശ്വാസം. വേദ നിക്കും എന്ന് ചുപ്പാമണിക്കും എനിക്കും മാത്രമേ അറിയൂ. കാരണം ആ രഹസ്യം ചുപ്പാ മണി എന്നോട് പറഞ്ഞിട്ടുണ്ട്. ഒരിക്കൽ എന്നെ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു.

"എന്നിടാ അപ്പൂ, എതുക്ക് എല്ലാരുമേ ഇന്തമാരി. എനക്ക് അപ്പാവില്ല അമ്മാവില്ല. നീ താൻ ഉണ്ട്."

ഞങ്ങൾ ഇരുവരും കരയുന്ന കാര്യത്തിലും വികൃതി കാണി ക്കുന്ന കാര്യത്തിലും എപ്പോഴും ഒരേ തരക്കാരായിരുന്നതു കൊണ്ട് പരസ്പരം കാര്യങ്ങൾ പറയാൻ ഏറെയുണ്ടായിരുന്നു.

എന്തൊക്കെ വികൃതികളാണ് ചുപ്പാമണി കാണിച്ചിട്ടുള്ളത് എന്ന് പറഞ്ഞറിയിക്കാൻ പ്രയാസം. ചുപ്പാമണിക്ക് നല്ല വാക്ക് പറയാൻ ആരും ഇല്ലാത്തതുകൊണ്ട് ശകാരിക്കുന്നതെങ്കിലും കേൾക്കാനിഷ്ടമായിരുന്നു എന്നുവേണം കരുതാൻ. അതുകൊണ്ടായിരിക്കും ചുപ്പാമണി ഇത്രയുമേറെ വികൃതികൾ കാണിക്കാൻ എപ്പോഴും തയ്യാറായിരുന്നത്.

പക്ഷേ അത്ര മോശം വികൃതികൾ എന്നുപറയാനൊന്നും പറ്റില്ല. ആരുടെയെങ്കിലും എന്തെങ്കിലും എടുത്തുകൊണ്ടുപോവുകയോ ആരെയെങ്കിലും ഉപദ്രവിക്കുകയോ പരിഹസിക്കുകയോ ചുപ്പാമണി ചെയ്യില്ല. ചുപ്പാമണി ചെയ്യുന്നത് ചെറിയ ചെറിയ കാര്യങ്ങളാണ്. ഉദാഹരണത്തിന് ഒരു പശുവിനെ വയലിൽ കൊണ്ടുപോയി ചെറിയ കയറിൽ കെട്ടിയിട്ടത് കണ്ടാൽ ചുപ്പാമണി ആ പശുവിനെ അഴിച്ചുവിടും. കാരണം ആ ചെറിയ കയറിൽ ചെറിയ വട്ടത്തിൽ കറങ്ങിയാൽ കിട്ടുന്നത് അരമണിക്കൂറ് കൊണ്ട് ഭക്ഷിച്ചു തീർന്നുകഴിഞ്ഞാൽ ഈ പശുവിന് ഒന്നും വേറെ കിട്ടാനില്ല. അപ്പോൾ അതു നിന്ന് കരയാൻ തുടങ്ങും. ഉറക്കെ അമറാൻ തുടങ്ങും. ഇത് ദൂരെ കേൾക്കാവുന്നതുകൊണ്ട് ചുപ്പാമണി ഓടിച്ചെന്ന് പശുവിന്റെ കയറ് കഴുത്തിൽ നിന്ന് ഊരി അതിനെ സ്വതന്ത്രമാക്കും.

ഈ പശുവാകട്ടെ സ്വാതന്ത്ര്യം കിട്ടിയ ഉടനെ ആദ്യം ചെയ്യുന്നത് അതിന് ഏറ്റവും പച്ചയായി കാണുന്ന വയലിലിറങ്ങി ഇഷ്ടമുള്ളിടത്തോളം നെല്ലോ കൃഷിയോ പച്ചക്കറിയോ എന്താണെന്നുവച്ചാൽ അതു മുഴുവൻ വലിച്ചുവാരി തിന്നും വലിച്ചു വാരി പറിച്ചും കളയുകയാണ്.

എങ്ങനെയീ പശു കയറഴിഞ്ഞു എന്നത് ആദ്യമാദ്യം വലിയ ദുരൂഹതയായിരുന്നു. പിന്നീട് മനസ്സിലായി ചുപ്പാമണി അഴിച്ചു വിടുന്നതാണെന്ന്. അതുകൊണ്ട് ആരുടെയെങ്കിലും പശു എവിടെന്നെങ്കിലും കെട്ടഴിഞ്ഞ് എങ്ങോട്ടെങ്കിലും പോയാൽ അതിന്റെ എല്ലാ ശിക്ഷയും ചുപ്പാമണി ഏറ്റുവാങ്ങുന്ന അവസ്ഥയായി.

ചുപ്പാമണി വല്ലപ്പോഴും ഒരു പശുവിനെ അഴിച്ചുവിടും എന്നതു ശരിയാണ്. പക്ഷേ ഇങ്ങനെ അഴിച്ചുവിടപ്പെടുന്ന, അല്ലെങ്കിൽ അഴിഞ്ഞുപോകുന്ന എല്ലാ പശുക്കളുടെയും ചുമതല ചുപ്പാമണിയുടെ തലയിൽ വന്നു ചേരും. അതോടെ പശുവിന്റെ ഉടമസ്ഥന്മാർ ചുപ്പാമണിയെ വഴക്കു പറയുകയോ ചിലപ്പോൾ അവർ നേരിട്ട് തന്നെ ശിക്ഷിക്കുകയോ ചെയ്യും. അതും മേട്ടമോ അടിയോ തന്നെയായിരിക്കും. അതുകഴിഞ്ഞാലോ, അവർ കോന്തിഭട്ടരുടെ അടുത്തു നേരിട്ടുവന്ന് പരാതി പറയും. അപ്പോൾ കോന്തിഭട്ടരും ചുപ്പാമണിയെ അരികിൽ വിളിച്ചു വരുത്തി തന്റെ കൈമടക്കി വിരലിന്റെ നടുക്കുള്ള അസ്ഥി കൊണ്ട് ചുപ്പാമണിയുടെ മൊട്ടത്തലയിൽ മേടാൻ തുടങ്ങും.

ഓരോ പരാതിക്കും ഓരോ മേട്ടം എന്ന കണക്കിൽ ചിലപ്പോ പത്തോ അറുപതോ എഴുപതോ വരെ മേട്ടങ്ങളുള്ള ദിവസങ്ങൾ ഉണ്ടാകാറുണ്ട്. പിന്നെയുള്ള ഒരു വികൃതി സാധാരണ കുട്ടികളൊക്കെ ചെയ്യുന്നതുപോലെ ഏതെങ്കിലും തൊടിയിൽ പഴുത്ത മാങ്ങയോ പേരയ്ക്കയോ ഉണ്ടെങ്കിൽ അത് ചുപ്പാമണി എറിഞ്ഞോ കയറിൽ ഇറുത്തോ കൈയിലാക്കുമെന്നതാണ്. എന്നിട്ട് അത് തന്റെ കൂടെ ആരൊക്കെയുണ്ടോ അവർക്കൊക്കെ വിതരണം ചെയ്യുകയും ചെയ്യും.

ഏതെങ്കിലും കുളത്തിലോ കായലിലോ ആമ്പൽപ്പൂ നിൽക്കുന്നതു കണ്ടാൽ അതിലിറങ്ങി നീന്തിപ്പോയി അതുമുഴുവൻ പൊട്ടിച്ചെടുത്ത് കരയിൽ കൊണ്ടുവന്ന് തിന്നാൻ തുടങ്ങും. ആ പൂവിനകത്തുള്ള കേസരം എന്നു പറയുന്ന ഭാഗം തിന്നാൻ വളരെ സ്വാദുള്ള ഒന്നാണ്. അങ്ങനെ ആരുടെ കുളത്തിലെ ഏത് ആമ്പലും ഏത് താമരയും പൊട്ടിച്ച് ഭക്ഷിക്കാൻ ചുപ്പാമണി ജാഗ്രത പുലർത്തി എന്നു മാത്രമല്ല അത് പങ്കുവച്ച് ഞങ്ങൾക്കൊക്കെ തരികയും ചെയ്യും.

അങ്ങനെ ഒരു ദിവസം കോന്തിഭട്ടര് വിളിച്ചപ്പോ ചുപ്പാമണിയെ കാണാനില്ല. ചുപ്പാമണി എവിടെപ്പോയി എന്ന് ഉറക്കെയുറക്കെ കോന്തിഭട്ടര് അന്വേഷിക്കുവാൻ തുടങ്ങി.

വിളി പതിയെ അലർച്ചപോലെയായി. അയൽക്കാരായ ഞങ്ങളുടെയൊക്കെ വീടുകളിൽനിന്ന് ആളുകൾ അവിടെ ച്ചെന്നു. എവിടെ ചുപ്പാമണി? എവിടെ ചുപ്പാമണി? ചുപ്പാമണി ഇല്ല.

എന്നോട് എന്റെ അമ്മ രഹസ്യമായി ചോദിച്ചു, "നിനക്കറിയാമോ ചുപ്പാമണി എവിടെയാ പോയേന്ന്?" ഞാൻ പറഞ്ഞു:

"അറിയില്ലമ്മാ. ഞാൻ കണ്ടിട്ടില്ല."

അപ്പോ പിന്നെ അമ്മയ്ക്ക് തീർച്ചയായി. ചുപ്പാമണി ആരോടും പറയാതെ എവിടെയോ പോയി

**ഈ പശുവാകട്ടെ സ്വാതന്ത്ര്യം കിട്ടിയ ഉടനെ ആദ്യം ചെയ്യുന്നത് അതിന് ഏറ്റവും പച്ചയായി കാണുന്ന വയലിലിറങ്ങി ഇഷ്ടമുള്ളിടത്തോളം നെല്ലോ കൃഷിയോ പച്ചക്കറിയോ എന്താണെന്നുവച്ചാൽ അതു മുഴുവൻ വലിച്ചുവാരി തിന്നും വലിച്ചു വാരി പറിച്ചും കളയുകയാണ്.**

രിക്കുന്നു അഥവാ ചുപ്പാമണി ക്ക് എന്തോ ഭീകരമായ അപ കടം സംഭവിച്ചിരിക്കുന്നു.

അങ്ങനെ ഞങ്ങളൊക്കെ ക്കൂടി ചുപ്പാമണിയെ തിരയാൻ തുടങ്ങി. ചുപ്പാമണിയെ തിര യാൻ ഏറെ പ്രദേശങ്ങളൊക്കെ യുണ്ട്. കുന്നിൻപുറത്തെ ഒരു ചെറിയ കാടുണ്ട്. അതിനകത്ത് ഊഞ്ഞാൽ വള്ളികൾപോലുള്ള തടിച്ച വള്ളികളുണ്ട്. അതിൽ കേറിയിരുന്ന് ആടുന്നത് ചുപ്പാ മണിക്കിഷ്ടമാണ്. ഒറ്റയ്ക്കും കൂട്ടാ യും അവിടെപ്പോയി ആടി രസിക്കാറുണ്ട്. അവിടെപ്പോയി നോക്കി. അവിടെയൊന്നും ആരുമില്ല.

പിന്നെയുള്ളത് പുഴയിലി റങ്ങി മുങ്ങി നീന്തി ഊളിയിട്ട് കളിക്കുന്ന ഒരു ഏർപ്പാടാണ്. അത് മിക്കവാറും എല്ലാവരും കൂടിച്ചേർന്ന് ചെയ്യുന്നതാണ്. ചുപ്പാമണി തനിച്ച് ചെയ്യാറില്ല. എന്നാൽ തനിച്ച് ചെയ്യാറില്ല എന്ന നിയമമൊന്നുമില്ലതാനും. ചിലപ്പോ ബാക്കിയെല്ലാം മടു ത്തുകഴിഞ്ഞാൽ അവിടെ പ്പോയി വെള്ളത്തിൽ കിടന്ന് നീന്തി കുത്തിമറിഞ്ഞ് കണ്ണു രണ്ടും ചെമ്പരത്തിപോലെ ചുമക്കുന്നവരെ മുങ്ങി മുങ്ങി യാണ് കയറിവരിക.

അവിടെയൊക്കെ ഞങ്ങൾ നോക്കി. ഇല്ല, ആ ഭാഗത്തൊ ന്നും ചുപ്പാമണി ഇല്ല!

പിന്നെയുള്ളത് അമ്പലത്തി ന്റെ തിടപ്പള്ളിയിലാണ്. കഴക ക്കാരൻ ശർക്കര, മുന്തിരിങ്ങ, കൽക്കണ്ടം, പഴം, അവിൽ ഇങ്ങനെയൊക്കെയുള്ള സാധ നങ്ങള് സൂക്ഷിച്ച് വച്ചിരിക്കുന്ന ഇടമാണ് തിടപ്പള്ളി. അമ്പല ത്തിലെ നിവേദ്യത്തിനുള്ള സാധനങ്ങളാണിവ. ആരെങ്കി ലും വന്ന് വഴിപാട് നേർന്നാൽ ഈ കലവറയിൽനിന്ന് എടു ത്തിട്ടാണ് കൊടുക്കുന്നത്. അങ്ങനെ അവിടെപ്പോയി ആരും കാണാതെ ഒരു മുക്കി ലൊളിച്ചിരുന്ന് ഈ വിഭവങ്ങ ളൊക്കെ അത്യാവശ്യം എടുത്തു കഴിക്കുന്ന പതിവ് ചുപ്പാമണി ക്കുണ്ടായിരുന്നു.

ചുപ്പാമണിയോട് ദൈവം പോലും പൊറുക്കും എന്നാണ് എന്റെ അമ്മ പറയാറ്. കാരണം ചുപ്പാമണിക്ക് വീട്ടിൽ ശരിയായി ഭക്ഷണം കിട്ടില്ല. അവിടെ അടു ക്കളയിൽ മിക്കവാറും പാകം ചെയ്യാറില്ല. ആകെ ഭക്ഷണം കിട്ടുന്നത് അമ്പലത്തിൽനിന്നു കൊണ്ടുവരുന്ന നിവേദ്യച്ചോറും ചിലപ്പോൾ ഇത്തിരി പായസവും ഒക്കെയാണ്. അത് രാവിലെ യുള്ള ഉഷപൂജ കഴിഞ്ഞാൽ വരുന്ന ചോറാണ്. അത് രാവിലെ കഴിക്കും, ഉച്ചയ്ക്കും കഴിക്കും, വൈകുന്നേരവും കഴിക്കും. അതിന്റെ കൂടെ വിഭ വമായുള്ളത് കുറച്ച് വെളിച്ചെ ണ്ണയും രണ്ട് കല്ലുപ്പുമാണ്. ഈ വെളിച്ചെണ്ണയും ഉപ്പും കൂടി ഈ ചോറില് കൂട്ടിക്കുഴച്ച് അതുവേണം കഴിക്കാൻ. പിന്നെ കുറച്ച് വെള്ളവും കുടിക്കാം. ഇത്രയാണ് ചുപ്പാമണിക്ക് കിട്ടുന്ന ഭക്ഷണം. കോന്തിഭട്ടർ ക്കും അത്രതന്നെ ഭക്ഷണമുള്ളൂ. പക്ഷേ കോന്തിഭട്ടർക്ക് അദ്ദേഹ ത്തിന്റെ മഠത്തിലെ തൊഴു ത്തിൽ രണ്ടുമൂന്ന് പശുക്കൾ ഉണ്ടാകാറുണ്ട്. കാര്യസ്ഥൻ ഇതിന്റെ പാല് കറന്ന് ആ പാല് വെള്ളം ചേർക്കാതെ കാപ്പിയാക്കി മാറ്റി കോന്തിഭട്ടർ ക്കു കൊടുക്കും. അയാളും കുറച്ചു കുടിക്കും. പക്ഷേ, ഒരി ക്കലും ചുപ്പാമണിക്ക് ഇത് കിട്ടാറില്ല.

ചുപ്പാമണിക്ക് വയറുനിറയെ ഭക്ഷണം കിട്ടണമെങ്കിൽ മറ്റേ തെങ്കിലും വീട്ടിൽ കടന്നു



ചെന്ന് അവിടെയുള്ള വീട്ടമ്മ ദയാപുരസ്സരം കൊടുക്കുന്ന ഭക്ഷണം വേണം. അവർക്കൊക്കെ അറിയാം ചുപ്പാമണിയുടെ അമ്മയെ. തൈലാംബാൾ എന്ന വളരെ കഴിവുള്ള ഒരു അമ്മയാരുകുട്ടി. ആ അമ്മയാരുകുട്ടി നമ്മുടെ നാട്ടിൽ ഒരു വധുവായി വന്നുകേറിയിട്ട് നാട്ടിലുള്ള എല്ലാ സ്ത്രീകളെയും പാട്ടും ഡാൻസുമൊക്കെ പഠിപ്പിക്കാൻ തുടങ്ങിയ കാലം എനിക്കോർമ്മയുണ്ട്. ആ കാലത്താണ് ഞാനും ചുപ്പാമണിയും ലോഹ്യക്കാരായി മാറുന്നത്.

വിവാഹം കഴിഞ്ഞ് കുറച്ചു കാലം തൈലാംബാളും ഭർത്താവും കൂടി മദിരാശിയിൽ പോയി താമസിച്ചിട്ടുണ്ട്. ആ കാലത്താണ് ചുപ്പാമണി ജനിക്കുന്നതും രാജകുമാരനെപ്പോലെ വളരുന്നതും വളരെ ചന്തവും ആരോഗ്യവുമുള്ള കുട്ടിയായിട്ട് അവരുടെ കൂടെ നാട്ടിലേക്ക് വരുന്നതും.

എന്തോ കാരണവശാൽ എനിക്കു തോന്നുന്നത് കോന്തി ഭട്ടരെ നോക്കാനാളില്ലാതിരുന്നതുകൊണ്ടാണ് ചുപ്പാമണിയുടെ അമ്മയെ അച്ഛൻ ഈ മഠത്തിൽ കൊണ്ടുവന്നാക്കുന്നത്. അവിടെ താമസിച്ച് ചുപ്പാമണിയുടെ അമ്മയ്ക്ക് ക്ഷയരോഗം പിടിപെട്ടു. ചുമച്ചു ചുമച്ച് അസ്ഥി മാത്രമായി അവര് മരിക്കുകയാണ് ചെയ്തത്.

ആ കാലത്ത് ക്ഷയരോഗത്തിന് കാര്യമായി മരുന്നില്ലായിരുന്നു. ഉണ്ടെങ്കിൽത്തന്നെ മരുന്നിന്റെ കൂടെ കഴിക്കേണ്ട വിശിഷ്ടമായ പോഷകാഹാരങ്ങൾ എന്നു കരുതപ്പെടുന്ന പാലോ മാത്തിൽ സ്വീകരിക്കാൻ വയ്യാത്ത ഇറച്ചിയോ മുട്ടയോ ഒന്നും തന്നെ അവർക്ക് കിട്ടിയിരുന്നില്ല. മരുന്നാണെങ്കിൽ അതും ഇല്ല. അങ്ങനെ അഞ്ചെട്ടു പത്തു മാസംകൊണ്ട് അവര് ചുമച്ചു ചുമച്ച് തീരെ അവശയായി മരിച്ചുപോവുകയാണ് ചെയ്തത്. അതിനുശേഷം ഈ ചുപ്പാമണി നാട്ടിൽ അനാഥൻ എന്നു പറയാവുന്ന അവസ്ഥയിൽ തന്നെയായി.

കോന്തിഭട്ടർക്ക് വേറെ കുട്ടികളൊന്നും ഉണ്ടായിരുന്നില്ല. കോന്തിഭട്ടർക്ക് ആകെയുണ്ടായിരുന്ന വരുമാനം ഈ അമ്പലത്തിൽനിന്നു കിട്ടുന്ന ഏതോ കാലംതൊട്ടുള്ള അവകാശച്ചോറും അവകാശപ്പായസവും അവകാശവഴിപാടിന്റെ പങ്കുകളും ഒക്കെയാണ്. അമ്പലത്തിൽ അപ്പം ചുട്ടാൽ ഒരുതുണ്ട് അപ്പം കിട്ടും. പായസം വച്ചാൽ ഒരിത്തിരിപ്പായസം കിട്ടും. തരിപ്പണം എന്നു പറയുന്ന, അരി വറുത്തു പൊടിച്ച് ശർക്കര കൂട്ടി ഇടിച്ചുണ്ടാക്കുന്ന പലഹാരം ഉണ്ടാക്കിയാൽ അതിന്റെ പങ്ക് കിട്ടും. ഇതൊക്കെ ചുപ്പാമണി തനിക്കു കിട്ടുന്ന പങ്കിൽ നിന്ന് എനിക്കുംകൂടെ കൊണ്ടു വന്ന് തരുമായിരുന്നു. അതുകൊണ്ടുതന്നെ വീട്ടിൽ എന്തെങ്കിലും ഉണ്ടാക്കിയാൽ അത് വിശേഷപ്പെട്ട എന്ത് ഭക്ഷണമായാലും അത് ചുപ്പാമണിക്ക് തീർച്ചയായും അമ്മ എടുത്തു കൊടുക്കുന്ന പതിവുണ്ടായിരുന്നു.

ഇവരു രണ്ടുപേരും, എന്റെ അമ്മയും ഈ തൈലാംബാളും കൂടി ഒരേ ആത്മാവും രണ്ട് ദേഹവുംപോലെയായിരുന്നു എന്ന് പറയുന്നതാണ് എനിക്ക് കൂടുതൽ ഇഷ്ടം. അവര് ഇങ്ങനെ എത്രയോ നേരം വർത്തമാനം പറഞ്ഞിരിക്കയും ഉറക്കെയുറക്കെ ചിരിക്കുകയും അത് കാണുന്തോറും ചുപ്പാമണിയുടെ അച്ഛച്ഛനായ കോന്തി ഭട്ടർക്ക് കലികയറുകയും ചുപ്പാമണിയുടെ അമ്മയെപ്പോലും ചീത്തപറയുകയും ചെയ്യുന്ന ഒരു പതിവുണ്ടായിരുന്നു.

ഏതായാലും ചുപ്പാമണിയെ എങ്ങും കാണാനില്ല എന്ന വാർത്ത നാടുനീളെ പരന്നു. നേരം സന്ധ്യയായതോടെ ഇത് വളരെയേറെ ആശങ്ക ഉളവാക്കുന്ന വാർത്തയായിട്ട് മാറി. അങ്ങനെ ഞങ്ങൾ ഒരുപാട് ആളുകൾ ചുപ്പാമണിയെ തെരയാനായിട്ട് പുറപ്പെട്ടു. രാത്രി ഏറെ വൈകി പത്തു മണിയൊക്കെ ആയതോടുകൂടി കുട്ടികളായ ഞങ്ങൾക്ക് കൂടുതൽ തിരയാനുള്ള അവകാശം നിഷേധിച്ച് മുതിർന്നവർ ആ ജോലി ഏറ്റെടുത്ത് പന്തവും ചൂട്ടുമൊക്കെ കെട്ടി നാട്ടിലുടനീളം തെരയാൻ തുടങ്ങി. എവിടെ തെരഞ്ഞിട്ടും ചുപ്പാമണിയെ കാണുന്നില്ല. ഇനി എന്തു ചെയ്യും എന്നറിയാതെ ഞങ്ങൾ വിഷമിച്ചിരിക്കെയാണ് എന്റെ അമ്മ ഒരു സൂത്രം പറഞ്ഞത്.

വീട്ടിലെ അമ്മാവൻമാരോടോ കാര്യസ്ഥന്മാരോടൊക്കെ എന്റെ അമ്മ പറഞ്ഞു; ചുപ്പാമണിക്ക് വളരെ ഇഷ്ടക്കാരനായ ഒരു അണ്ണാർക്കണ്ണനുണ്ട്. ആ അണ്ണാർക്കണ്ണൻ ചുപ്പാമണിയെ കാണാൻ എന്തായാലും വരാതിരിക്കില്ല. ആ അണ്ണാർക്കണ്ണൻ എവിടെയാണെന്ന് അന്വേഷിച്ചാൽ ചുപ്പാമണിയെ നമുക്ക് കണ്ടുകിട്ടാൻ എളുപ്പമാണ്.

എല്ലാരും വിചാരിച്ചു ഇതെന്തൊരു വർത്തമാനമാണ്? ഇത് ശരിയായ പറച്ചിലല്ല. ഇത് ശരിയായ കാര്യവുമല്ല. ഒന്നാമതേ ഒരു അണ്ണാർക്കണ്ണനും ചുപ്പാമണിയും കൂടി എന്തു ബന്ധം?

**ചുപ്പാമണിയെ കാണാനില്ല എന്ന വാർത്ത നാടുനീളെ പരന്നു. നേരം സന്ധ്യയായതോടെ ഇത് വളരെയേറെ ആശങ്ക ഉളവാക്കുന്ന വാർത്തയായിട്ട് മാറി. ഒരുപാട് ആളുകൾ ചുപ്പാമണിയെ തെരയാനായിട്ട് പുറപ്പെട്ടു. പത്തു മണി ആയതോടുകൂടി കുട്ടികൾക്ക് തിരയാനുള്ള അവകാശം നിഷേധിച്ച് മുതിർന്നവർ ആ ജോലി ഏറ്റെടുത്തു.**

രണ്ടാമത്, ബന്ധം ഉണ്ടായിരുന്നെങ്കിൽത്തന്നെ അണ്ണാർക്കണ്ണനെ എവിടെപ്പോയി തിരയും? അഥവാ കണ്ടുകിട്ടിയാൽത്തന്നെ ആ അണ്ണാർക്കണ്ണനെ ഉപയോഗിച്ച് എങ്ങനെയാണ് ചുപ്പാമണിയെ കണ്ടെത്താൻ സാധിക്കുക? ഇതൊന്നും അറിയാത്ത കാര്യങ്ങളായതുകൊണ്ട് അമ്മയുടെ ഈ നിർദേശത്തെ ആരും കാര്യമായി എടുത്തില്ല.

പക്ഷേ ഞാൻ ഈ നിർദേശത്തെ കാര്യമായി എടുത്ത് രാവിലെത്തന്നെ ഇറങ്ങിത്തിരിച്ചു. അണ്ണാർക്കണ്ണൻ താമസിച്ചിരുന്നത് ചുപ്പാമണിയുടെ വീട്ടുമുറ്റത്തുതന്നെയുള്ള അശോക മരത്തിലെ പൊത്തിലായിരുന്നു. ചുപ്പാമണിക്കും എനിക്കും മാത്രം അറിയാവുന്ന ഒരു രഹസ്യമായിരുന്നു അത്.

ഞാൻ ചെന്നുനോക്കുമ്പോൾ ആ പൊത്തിനകത്ത് അണ്ണാർക്കണ്ണൻ ഇല്ല. എവിടെപ്പോയി എന്ന് അന്വേഷിച്ചുകൊണ്ടിരിക്കുമ്പോൾ അങ്ങ് ദൂരെ ഒരു തെങ്ങിന്റെ മുകളിൽ അണ്ണാർക്കണ്ണൻ ഇരിക്കുന്നതു കണ്ടു. അത് ഇതു തന്നെയാണോ എന്നറിയാൻ വയ്യാത്തതുകൊണ്ട് ചുപ്പാമണി ചൂളം വിളിക്കുന്ന തരത്തിൽ ഞാൻ ചൂളം വിളിച്ചു. ഉടനെ അത് താഴേക്ക് ഇറങ്ങിവരാൻ തുടങ്ങി.

എന്താണത് ആ തെങ്ങിൻ പുറത്ത് കേറിയിരിക്കുന്നതെന്ന് എനിക്ക് മനസ്സിലായില്ല. അപ്പോഴാണ് മറ്റൊരു കാര്യം എനിക്ക് കണ്ടുകിട്ടിയത്. ആ തെങ്ങിന്റെ മുകളിലിരുന്ന് ദൂരേക്ക് നോക്കിയാൽ വളരെയകലെ കുന്നിന്റെ മുകളിൽ ഒരു ചെറിയ പാറ കാണാം. ആ പാറയിൽ ചെറിയ ഗുഹപോലെ ഒരു സ്ഥലമുള്ളിടത്ത് ഞങ്ങൾ പോയി കളിക്കാറുണ്ട്. അവിടെപ്പോയി ചുപ്പാമണി കുടിയേറിയിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്.

ചുപ്പാമണിയെ അന്വേഷിച്ച് അവിടെ വരെ പോകാൻ അമ്മ എനിക്ക് സമ്മതം തന്നില്ല.



ഞാൻ അമ്മയോടു പറഞ്ഞു, "ചിലപ്പോ ഈ കുട്ടി അവിടെ കാണുമായിരിക്കും."

അമ്മ അത് കാരണവന്മാരോട് പറഞ്ഞു. കാരണവന്മാർ അത് അത്ര കാര്യമായി എടുത്തില്ല.

പക്ഷേ പിറ്റേന്നാൾ വൈകുന്നേരം ആയപ്പോൾ ചുപ്പാമണിയെ കാണാനില്ലാതായ വാർത്ത നാടുനീളെ പരന്നു എന്നുമാത്രമല്ല എങ്ങും കണ്ടുകിട്ടാനില്ല എന്ന സത്യം കുറേയേറെ വെളിപ്പെടാനും തുടങ്ങി. അതോടുകൂടീട്ട് എല്ലാവരും സങ്കടത്തിലായി എന്നുമാത്രമല്ല കോന്തിഭട്ടർപോലും തേങ്ങിത്തേങ്ങി കരയാൻ തുടങ്ങി.

പലരും പറഞ്ഞു കോന്തിഭട്ടർ കരയുന്നത് ചുപ്പാമണിയെ കാണാത്തതുകൊണ്ടല്ല, വണ്ടി വലിക്കാനും വെറ്റില ഇടിച്ചു കൊടുക്കാനും ആളില്ലാത്തതുകൊണ്ടാണെന്ന്. അതെന്തൊരു ദുഷ്ടതയാണ്. അത് പറയരുതെന്ന് എന്റെ അമ്മപോലും പറഞ്ഞു. അദ്ദേഹത്തിന് സങ്കടമുണ്ട്. എത്രയായാലും മകന്റെ മകനാണ്. വികൃതി കാണിക്കുന്നതുകാണുമ്പോൾ ശിക്ഷിക്കാറുണ്ട്.

അദ്ദേഹത്തിന്റെ അവശതയ്ക്ക് പരിഹാരമുണ്ടാക്കാൻ ചുപ്പാമണിയെ ഒരു വണ്ടിക്കാളയായി ഉപയോഗിക്കാറുണ്ട്.

ഇതൊക്കെ ശരിയാണെങ്കിലും ആ വൃദ്ധന് ഈ കുട്ടിയെ ഇഷ്ടമാണ് എന്ന് എന്റെ അമ്മ പരസ്യമായിത്തന്നെ പ്രഖ്യാപിക്കുന്നത് എന്നെ അത്ഭുതപ്പെടുത്തി. കാരണം അമ്മ തന്നെ പലപ്പോഴും പറയാറുള്ളത് ഈ ഭട്ടർക്ക് വയസ്സുകാലത്ത് എന്തിന്റെ കേടാണ് എന്നാണ്. എന്തിനാണ് ആ കുട്ടിയെ ഇങ്ങനെ ഉപദ്രവിക്കുന്നത്? അതിനാണെങ്കിൽ ആരും ഇല്ലായെന്ന കാര്യം അദ്ദേഹത്തിനറിയാൻ പാടില്ലേ. പിന്നെന്തിനാണ് ഈ ഉപദ്രവമെന്ന് അമ്മ എത്രയോ വട്ടം

തന്നോടുതന്നെ പിറുപിറുക്കുന്നത് ഞാൻ എത്രയോവട്ടം കേട്ടിട്ടുണ്ട്. ആ അമ്മയാണ് പറയുന്നത് ആരും അദ്ദേഹത്തെ കുറ്റപ്പെടുത്താൻ പാടില്ല. കണ്ടില്ലേ, അദ്ദേഹം ഇരുന്ന് തേങ്ങിത്തേങ്ങി കരയുന്നത് എന്ന് അമ്മ പറഞ്ഞു.

ഞാൻ ചെന്നുനോക്കുമ്പോൾ കോന്തിഭട്ടർ ഉമ്മറത്തെ തിണ്ണയുടെ പുറത്ത് ചാരിയിരുന്ന് കരച്ചിലടക്കാൻ വയ്യാതെ ഏങ്ങലടിക്കുകയാണ്. അപ്പോഴാണ് എന്റെ അച്ഛൻ പറഞ്ഞത് ഇനി നമുക്ക് എന്തായാലും ചുപ്പാമണിയെ കണ്ടുപിടിക്കാതെ മറ്റ് ഒരു ജോലിക്കും പോകാൻ ഈശ്വരനിശ്ചയമില്ല!

അപ്പോൾ അമ്മ അച്ഛനോട് ഞാൻ പറഞ്ഞ കാര്യം പറഞ്ഞു;

അങ്ങനെ ഒരു സംഘം ആളുകൾ രണ്ടാമത്തെ ദിവസം സന്ധ്യയ്ക്ക് ഈ ഗുഹയുടെ അരികിലെത്തിയപ്പോൾ അവിടെ കണ്ട കാഴ്ച ഹൃദയഭേദകമായിരുന്നു.

കുറച്ച് വെള്ളമൊക്കെ കുടിച്ച് അൽപ്പമൊരാശ്വാസമായപ്പോഴാണ് കുട്ടി നടന്ന കഥയൊക്കെ പറഞ്ഞത്. സംഭവം വളരെ ചെറുതാണെങ്കിലും അതിന്റെ കാര്യഗൗരവം മനസ്സിലാക്കാത്ത മുട്ടാളനായ ആൾ ചെയ്ത ജോലിയുടെ ഫലമാണിത്.

കോന്തിഭട്ടരെ നോക്കുന്ന കാര്യസ്ഥൻ പല കാരണങ്ങളാലും കുട്ടിയുടെ ശത്രുവായിരുന്നു. അയാളുടെ ചെറിയ ചെറിയ കള്ളത്തരങ്ങൾ എപ്പോഴും വെളിച്ചത്തുകൊണ്ടുവരുവാനും അയാൾക്ക് ശിക്ഷ വാങ്ങിക്കൊടുക്കാനും ചുപ്പാമണി എപ്പോഴും കോന്തിഭട്ടരുടെ കൈയാളായി പ്രവർത്തിച്ചിരുന്നു.

അങ്ങനെ കാലംകൊണ്ട് അയാൾക്ക് പക വർധിച്ചുവന്നു. അങ്ങനെ ഒരു സുപ്രഭാതത്തിൽ എന്തോ ഒരുകാര്യം പറഞ്ഞ് കുട്ടിയെ കൂട്ടിക്കൊണ്ടുപോയി ഈ പാറയ്ക്കകത്ത് കേറ്റിയിരുത്തി പുറത്തുനിന്ന് കല്ലെടുത്തടച്ച് തിരികെപ്പോരുകയും ചെയ്തത് അയാളാണ്. അത്രയൊന്നും അയാൾ ആലോചിച്ചിരിക്കില്ല. കുറച്ച് അവിടെ കിടക്കട്ടെ, പിന്നെ എന്താ വേണ്ടതെന്നൊക്കെ വിചാരിച്ചിട്ടുണ്ടാവാം. അല്ലെങ്കിൽ വെള്ളവും ഭക്ഷണവും ഇല്ലാതെ ദിവസങ്ങൾ കഴിയുമ്പോൾ ഒരാൾക്ക് എന്തു സംഭവിക്കും എന്നൊന്നും ആലോചിക്കാനുള്ള ബുദ്ധിയൊന്നും അയാൾക്കില്ലായിരിക്കാം. ഏതായാലും അവിടെക്കിടന്ന് ചുപ്പാമണി തളർന്ന് അവശനായി.

ആ രാത്രികൂടി ആരും അവിടെ ചെന്നില്ലായിരുന്നെങ്കിൽ ചിലപ്പോൾ ജീവനുതന്നെ അപായം സംഭവിക്കുമെന്ന അവസ്ഥയിലുമെത്തി.

ഈ ഗതികേടിന്റെ മഹാദുരന്തത്തിനുശേഷം കോന്തിഭട്ടർക്ക് ഏറ്റവും പ്രിയപ്പെട്ട ആളായി മാറി ചുപ്പാമണി. അതാണ് ഈ കഥയുടെ ശുഭപര്യാവസായിയായ അന്ത്യം.

പിന്നെ കോന്തിഭട്ടരെ അദ്ദേഹത്തിന്റെ മരണംവരെ ഏതാണ്ടൊരു എട്ടൊൻപത് കൊല്ലത്തോളം ശുശ്രൂഷിച്ചുപോന്നത് ചുപ്പാമണിയാണ്. മാത്രമല്ല അദ്ദേഹം മരിച്ചപ്പോൾ ഒരുപാടൊരുപാട് കരഞ്ഞ് വിഷമിച്ച ആളാണ് ചുപ്പാമണി. ഞാനും അന്ന് അവനോടൊപ്പം കരഞ്ഞു. അവൻ കരയുന്നതുകൊണ്ട് ഞാൻ കരഞ്ഞുവെന്നുമാത്രം, എനിക്ക് കോന്തിഭട്ടരോട് വിശേഷിച്ച് സ്നേഹമൊന്നും ഉണ്ടായിട്ടല്ല. എന്നെക്കൂടി കരയിപ്പിക്കത്തക്ക ആഴമുള്ള കരച്ചിലായിരുന്നു അവന്റേത്.

കരച്ചിലൊക്കെ കഴിഞ്ഞ് ഇല്ലവും മഠവുമൊക്കെ ആരും ഇല്ലാത്ത അവസ്ഥയായപ്പോൾ ചുപ്പാമണി മദിരാശിയിൽപ്പോയി. അവിടെ ചെറിയൊരു ചായക്കട തുടങ്ങി. ആദ്യം നടന്നു വിൽപ്പനയായിരുന്നു. അതു വലുതായി വലുതായി വന്ന് വലിയൊരു ഹോട്ടലിന്റെ ഉടമസ്ഥനായി.

നാട്ടിൽ വന്ന് വലിയൊരു വീട് പണിത് അത് തന്റെ മഠത്തിലെ അമ്മയുടെ പഴയ ബന്ധുക്കളായ കുറേപ്പേർക്ക് വിട്ടുകൊടുത്ത് അദ്ദേഹം വളരെ സൗഭാഗ്യവാനായി ഞങ്ങളുടെ നാട്ടില് ഒരുപാടു കാലം ജീവിച്ചിരുന്നു എന്ന് സന്തോഷത്തോടുകൂടി ഞാൻ പറയട്ടെ.

**കോന്തിഭട്ടരെ നോക്കുന്ന കാര്യസ്ഥൻ പല കാരണങ്ങളാലും കുട്ടിയുടെ ശത്രുവായിരുന്നു. അയാളുടെ ചെറിയ ചെറിയ കള്ളത്തരങ്ങൾ എപ്പോഴും വെളിച്ചത്തു കൊണ്ടുവരുവാനും അയാൾക്ക് ശിക്ഷ വാങ്ങിക്കൊടുക്കാനും ചുപ്പാമണി എപ്പോഴും കോന്തിഭട്ടരുടെ കൈയാളായി പ്രവർത്തിച്ചിരുന്നു.**

## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു

തളിര് മാസികയിലേക്ക് രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, നാടകം, വിവിധ വിഷയങ്ങളിലെ വൈജ്ഞാനിക-ശാസ്ത്ര ലേഖനങ്ങൾ, കാർട്ടൂൺ തുടങ്ങിയ ഏത് ആഖ്യാനരൂപവും ആവാം. പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്ക് ഉതകുന്നതാവണം സൃഷ്ടികൾ. പുതുമയും ആധുനികശൈലിയിലുമുള്ള രചനകൾ യുണിക്കോഡിൽ ടൈപ്പു ചെയ്ത് ടെക്സ്റ്റ് രൂപത്തിൽ thaliru@ksicl.org എന്ന ഇമെയിലിൽ അയക്കുക.

# കണ്ണുകൾ

## കെ ജയകുമാർ

സകലവും കാണുവാൻ
കഴിവുള്ള മിഴികളാൽ
പകുതിയും കാണാതെ
പോകുന്നു നാം.

കാണേണ്ടതൊന്നുമേ
കാണാതെ, വേണ്ടാത്ത
കാഴ്ചകൾ കണ്ടു
മടുക്കുന്നു നാം.

ആഘോഷദീപങ്ങൾ കാണും,
നിറങ്ങളിൽ
മുങ്ങിയ സൗധങ്ങൾ
കാണുന്നു നാം.

ആനയും ആല-
വട്ടങ്ങളും മാനത്തെ
നക്ഷത്രജാലവും
കാണുന്നു നാം.

വലുതുമാത്രം കണ്ട്
ശീലിച്ച കണ്ണുകൾ
കാലാന്തരത്തി-
ലിരുണ്ടു പോകും.

ചെറുതായ കാഴ്ചകൾ
കാണാതിരിക്കുകിൽ
കണ്ണുകൾ കൂരിരുൾ
കൊണ്ട് മൂടും.

കാണണം ചെറുതാം
മണൽത്തരി, വെയിലത്ത്
കൈനീട്ടി നില്ക്കും നിസ്സാരമാം
പുൽക്കൊടി.

കാണണം വേനലിൽ
കരിയുന്ന കതിരുകൾ,
വരളുന്ന പുഴയുടെ
സങ്കടക്കണ്ണുകൾ.

വലുതുമാത്രം കണ്ടു
ശീലിച്ച കണ്ണുകൾ
ഹൃദയത്തിനതിരുകൾ
ശുഷ്കമാക്കും.

പതിവായി ചെറിയവ
കാണുന്ന കണ്ണുകൾ
ഹൃദയത്തെയെന്നും
വിശാലമാക്കും.

വലിയതും ചെറിയതും
ഒരുപോലെ കാണുവാൻ
കഴിവുള്ള കണ്ണുകൾ
വലിയ ഭാഗ്യം.



കഥ

# കിഴവനും കടലും

## പെരുമ്പടവം ശ്രീധരൻ

നഗരത്തിന്റെ വക്കിലെ പൊതുശ്മശാനത്തിൽ കിഴവൻശില്പിയുടെ ജഡം കത്തുന്നത് ഞാൻ നോക്കിനിന്നു. കിഴവന്റെ മരണം എന്നെ വീണ്ടും ഏകാകിയും നിരാലംബനുമാക്കിത്തീർത്തു.

പ്രതിമകൾ ഉണ്ടാക്കുന്ന കിഴവന്റെ പഴയ വീട്ടിലേക്ക് ഒരു ദിവസം ഉച്ചയ്ക്കു കയറിച്ചെന്നത് ഞാൻ ഓർക്കുന്നു. ആറോ ഏഴോ വർഷം മുമ്പാണ്. എവിടെയൊക്കെയോ അലഞ്ഞുതിരിഞ്ഞ് പരദേശിയെപ്പോലെ തിരിച്ചുവരുമ്പോൾ കിഴവൻ എന്നെ തിരിച്ചറിയുമോ എന്ന സംശയമുണ്ടായിരുന്നു. നീണ്ട ഇടവേളയ്ക്കു ശേഷമാണ് വീണ്ടും കണ്ടുമുട്ടുന്നത്. ഏതോ അപരിചിതനെന്നു വിചാരിക്കാനായിരുന്നു ന്യായം. എങ്കിലും കിഴവൻ എന്നെ തിരിച്ചറിഞ്ഞു.

അയാൾ ഒരു വന്യമൃഗത്തിന്റെ ശില്പം പണിഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. പണി തുടർന്നുകൊണ്ടുതന്നെ കണ്ണുകൊണ്ട് ഇരിക്കാൻ ആംഗ്യം കാട്ടി. അവിടെക്കിടന്ന പഴയ കസേരയിൽ ഞാൻ ഇരുന്നു. യാത്രയുടെ ക്ഷീണമുണ്ട്. അന്നു പകൽ ആഹാരമൊന്നും കഴിച്ചിട്ടില്ല. വക്കുപൊട്ടിയ പഴയ മൺകൂജ അതേ സ്ഥാനത്തുതന്നെ ഇരിപ്പുണ്ടായിരുന്നു. കിഴവന്റെ വീടിനു യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല, കുറച്ചുകൂടി പഴക്കം ബാധിച്ചുവെന്നല്ലാതെ. മൺകൂജയിൽനിന്ന് വയർനിറയെ വെള്ളംകുടിച്ചു. പച്ചവെള്ളത്തിന്റെ രുചി അപ്പോഴാണ് അറിയുന്നത്.

കൂജ താഴെവച്ചു നിവർന്നപ്പോൾ കിഴവൻ ചോദിച്ചു:

"എവിടന്നാ?"

ഞാൻ മിണ്ടിയില്ല. എവിടന്നുമല്ല.

കുറച്ചുനേരം കഴിഞ്ഞ് കിഴവൻ വീണ്ടും ചോദിച്ചു:

"എങ്ങോട്ടാ?"

ഞാനെന്തു പറയും? എങ്ങോട്ടുമല്ല.

കിഴവൻ മുഖം തിരിച്ചുനോക്കി. ആ മുഖം കളിമണ്ണുപോലെ നിർവികാരമായിരുന്നു.

കിഴവൻ കുറേക്കൂടി ക്ഷീണിച്ചു. മുടിയും താടിയും നീണ്ടു. കണ്ണുകളിലെ പുകനിറം കുറേക്കൂടി സാന്ദ്രമായിരിക്കുന്നു. കുറേനേരം അങ്ങനെ നോക്കിയിരുന്നശേഷം കിഴവൻ പിശുക്കനെപ്പോലെ ചിരിക്കുകയും തലകുലുക്കുകയും ചെയ്തു. അതുകഴിഞ്ഞ് കിഴവൻ പിന്നെയും തന്നിലേക്കുതന്നെ മടങ്ങി. അയാൾ വന്യമൃഗത്തിന്റെ ദംഷ്ട്രകൾ കൂർപ്പിക്കാൻ തുടങ്ങി.

ടൂറിസ്റ്റുകൾക്കുവേണ്ടി പഴയ കൊട്ടാരം പുതുക്കിപ്പണിഞ്ഞ് നക്ഷത്രചിഹ്നമുള്ള ഹോട്ടലാക്കുന്നതു കണ്ടപ്പോൾ കിഴവൻ ക്ഷോഭിച്ചു:

"ഈ നീചന്മാർക്കു പഴമയുടെ വില അറിയില്ല.അതിന്റെ മഹത്വമറിയില്ല. അവർ ആത്മാവു വിറ്റ് മായാനഗരങ്ങൾ മേടിക്കും."

തോടിനക്കരെ കൂറ്റൻ മതിൽക്കെട്ടിന്നകത്തെ പഴയ കൊട്ടാരവും ക്ഷേത്രവും ക്ഷേത്രക്കുള



വര: അനന്തപത്മനാഭൻ

വുമൊക്കെ കിഴവന് ഏതോ കാലത്തിന്റെ ചിഹ്നമായിരുന്നു.

കിഴവനു മനുഷ്യരെ വിശ്വാസമില്ല. അതുകൊണ്ട് അദ്ദേഹം മൃഗങ്ങളെയും പക്ഷികളെയും മരങ്ങളെയും പൂക്കളെയും മേഘങ്ങളെയും സ്നേഹിക്കുന്നു. അന്യന്റെ എന്നപോലെ ഞാൻ എന്റെ ദുഃഖങ്ങൾ കിഴവനോടു പറഞ്ഞു.

എവിടെന്നു തുടങ്ങണമെന്നു നിശ്ചയമില്ല. ഒരു നീണ്ട ഫ്ളാഷ് ബാക്കിലാണ് എന്റെ കഥ കിടക്കുന്നത്. ഞാനത് ആരോടും പറഞ്ഞിട്ടില്ല. എങ്കിലും അതെല്ലാവർക്കുമറിയാം.

"വർഷങ്ങൾക്കു മുമ്പാണ്, അച്ഛൻ അമ്മയെ ഉപേക്ഷിച്ച് എങ്ങോട്ടോ പോയി. അന്നു ഞാൻ കുഞ്ഞായിരുന്നു. അച്ഛനെ കണ്ടതിന്റെ ഓർമ്മപോലുമില്ല. ഞാൻ കുഞ്ഞായിരുന്നതുകൊണ്ട് ജീവിച്ചേക്കാമെന്ന് അമ്മ വിചാരിച്ചുകാണും. അല്ലെങ്കിൽ എന്റെ ചരിത്രം തെരുവിൽ നിന്നു തുടങ്ങേണ്ടിവന്നേനെ. അമ്മയെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്ന ഒരാളുണ്ടായിരുന്നതുകൊണ്ട്... കിഴവൻ കേൾക്കുന്നുണ്ടോ?"

കിഴവൻ പറഞ്ഞു:

"പിന്നേ! കേൾക്കുന്നുണ്ട്. നിന്റെ ഒരു സന്തോഷത്തിന്."

ചിലപ്പോൾ കിഴവൻ തീരെ പരുക്കനായിത്തീരും. മനുഷ്യനെ സ്നേഹിക്കാനും വിശ്വസിക്കാനും എന്തു ന്യായമാണുള്ളതെന്നു ചോദിച്ചത് അങ്ങനെ ഒരു സന്ദർഭത്തിലാണ്.

ഞാൻ എന്റെ കഥ തുടർന്നു.

"അങ്ങനെ ഒരാളുണ്ടായിരുന്നതുകൊണ്ട് പട്ടിണി കിടക്കേണ്ടിവന്നില്ല. സങ്കടങ്ങൾ കാണാൻ ഒരാളുണ്ടല്ലോ എന്നായിരുന്നു സമാധാനം. വിഷമിക്കാതെന്നു പറയാൻ ഒരാൾ, ഒരാശ്വാസം തന്നെയാണത്. അമ്മ അങ്ങനെ പറയും ഇടയ്ക്ക്.

പിന്നീട് കുറച്ചു മുതിർന്നപ്പോൾ ഞാൻ എന്റെ വഴി അന്വേഷിച്ചിറങ്ങി. എവിടെയൊക്കെയോ അലഞ്ഞുതിരിഞ്ഞ് എന്റെ വഴി കാണാതെ എന്റെ ജീവിതം കാണാതെ... കേട്ടോ?"

കിഴവൻ മുഖമുയർത്തി നോക്കുകയോ മൂളുകയോ ചെയ്യാതെ വന്യമൃഗത്തിന്റെ പണിതുടർന്നു.

ആറേഴു വർഷത്തിനുശേഷമാണ് കിഴവന്റെ അടുത്തുവരുന്നത്. കിഴവൻ അവിടെ ഉണ്ടാവുമെന്ന് ഉറപ്പില്ലായിരുന്നു. ഉപേക്ഷിച്ചു പോകാവുന്ന തരത്തിൽ അയാൾ ആ നഗരത്തെ വെറുത്തുകഴിഞ്ഞിരുന്നു, ആറേഴുവർഷം മുമ്പുതന്നെ.

കിഴവൻ കുറേക്കൂടി നരയ്ക്കുകയും മെലിയുകയും ചെയ്തു. അത്രയേയുള്ളൂ മാറ്റമെന്നു പറയാൻ. പഴയവീട് കുറേക്കൂടി ജീർണ്ണിച്ചു. ചുമരുകൾ വിണ്ടുകീറി, വിജാഗിരികൾ പറിഞ്ഞ് ജനൽപ്പാളികൾ തൂങ്ങി. കിഴവന്റെ സ്വഭാവത്തിനുമാത്രം യാതൊരു മാറ്റവും വന്നിട്ടില്ല. സ്വല്പം മൗനിയായിട്ടുണ്ടോ എന്ന സംശയം മാത്രം.

> **കിഴവനു മനുഷ്യരെ വിശ്വാസമില്ല. അതുകൊണ്ട് അദ്ദേഹം മൃഗങ്ങളെയും പക്ഷികളെയും മരങ്ങളെയും പൂക്കളെയും മേഘങ്ങളെയും സ്നേഹിക്കുന്നു. അന്യന്റെ എന്നപോലെ ഞാൻ എന്റെ ദുഃഖങ്ങൾ കിഴവനോടു പറഞ്ഞു.**

പുറംകൈകൊണ്ടു നെറ്റിയിലെ വിയർപ്പ് തുടയ്ക്കുന്നതിനിടയിൽ കിഴവൻ പറഞ്ഞു:

"കൊള്ളാം, നല്ല കഥയാണ്."

വേറെങ്ങും പോകാനില്ലാത്തതുകൊണ്ട് ഞാൻ ആ വീട്ടിൽ കിഴവനോടൊപ്പം കൂടി.

2

മുറ്റത്ത് മരത്തിന്റെ ചുവട്ടിൽ ഞാൻ ഒരു ശില്പം മെനഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. പോക്കുവെയിലിൽ ഒരു നിഴൽ എന്റെ അരികിൽ വന്നു. ഞാൻ മുഖമുയർത്തി നോക്കുമ്പോൾ അവൾ എന്തെന്നില്ലാത്ത കൗതുകത്തോടെ ഞാൻ ശില്പം മെനയുന്നതു നോക്കിനിൽക്കുകയായിരുന്നു. എന്റെ കല കാണാൻ വന്നതല്ലേ, ഞാൻ ലോഹ്യം കാട്ടി ചിരിച്ചു. എന്റെ ശില്പത്തിലായിരുന്നു അവളുടെ കണ്ണ്.

അവൾ വീട്ടിനുള്ളിൽ കയറി ഓരോ പ്രതിമയും നോക്കി അതിന്റെ ഭംഗിയും കലയും ആസ്വദിച്ചു.

"ബ്യൂട്ടിഫുൾ! ലോകത്തിലെ ഏത് അനശ്വരശില്പത്തിന്റെയും ഒപ്പം..."

ഞാൻ പറഞ്ഞു:

"അതൊക്കെ എന്റെ ഗുരുനാഥന്റെ സൃഷ്ടികളാണ്. ഞാൻ അതിന്റെ കാവൽക്കാരൻ മാത്രമാകുന്നു. കിഴവൻ ചത്തുപോയി."

ഞാനറിയുന്ന കാലംതൊട്ടേ കിഴവൻ ഏകാകിയായിരുന്നു. ഭൂതകാലമില്ലാത്ത ഒരാളെപ്പോലെ അയാൾ വർത്തമാനകാലത്തിൽ നിലകൊണ്ടു.

3

"തുടർച്ച ആവശ്യമില്ലാത്ത ഒരാളാണ് ഞാൻ." കിഴവൻ പറഞ്ഞു: "അതുകൊണ്ടാണ് മക്കളും ശിഷ്യന്മാരും വേണ്ടെന്നു വച്ചത്? നിനക്കു മനസ്സിലാകുന്നുണ്ടോ?"

ഞാൻ മിണ്ടിയില്ല.

അനുകരണം അസാധ്യമായ ഒരു മാതൃകയായിരുന്നു കിഴവൻ. കിഴവനെ സഹിച്ചുകൊണ്ട് ഞാൻ കിഴവന്റെ കൂടെ ജീവിച്ചു. ആശ്രിതനായിട്ട്, സ്നേഹിതനാ

യിട്ട്, ഭൃത്യനായിട്ട്, ആരാധകനായിട്ട്, ശിഷ്യനായിട്ട്.

ഞാൻ മണ്ണുകുഴച്ച്, രൂപം ധ്യാനിച്ചിരിക്കുമ്പോൾ കിഴവൻ ഒരു ഭൂതാവിഷ്ടനെപ്പോലെ കാണപ്പെട്ടു. അപ്പോൾ കിഴവന്റെ സ്വരവും മാറിയിരുന്നു:

"ആരോ പറഞ്ഞു, മാർബിളിന്റെയും കല്ലിന്റെയും ഉള്ളിൽ രൂപമിരിപ്പുണ്ടെന്ന്. ശില്പി അയാളുടെ ഉളികൊണ്ട് രൂപത്തെ മറച്ചിരിക്കുന്ന ചീളുകൾ കൊത്തിക്കളയുകയാണെന്ന്. ഞാനതിനോടു യോജിക്കുന്നില്ല. രൂപം ഇരിക്കുന്നത് ശില്പിയുടെ മനസ്സിലാണ്. തന്റെ മനസ്സിലിരിക്കുന്ന രൂപത്തെ കല്ലിലോ മരത്തിലോ മാർബിളിലോ പുനഃസൃഷ്ടിക്കുകയാണ് കലാകാരൻ ചെയ്യുന്നത്. സ്വന്തം മനസ്സിൽ സൗന്ദര്യവും അനശ്വരതയുമില്ലാത്ത ഒരുവനു കല്ലിലോ മരത്തിലോ മാർബിളിലോ അതു പുനഃസൃഷ്ടിക്കാൻ കഴിയില്ല. നിന്റെ മനസ്സിൽ എന്തെങ്കിലുമുണ്ടോ?"

**രൂപം ഇരിക്കുന്നത് ശില്പിയുടെ മനസ്സിലാണ്. തന്റെ മനസ്സിലിരിക്കുന്ന രൂപത്തെ കല്ലിലോ മരത്തിലോ മാർബിളിലോ പുനഃസൃഷ്ടിക്കുകയാണ് കലാകാരൻ ചെയ്യുന്നത്. സ്വന്തം മനസ്സിൽ സൗന്ദര്യവും അനശ്വരതയുമില്ലാത്ത ഒരുവനു കല്ലിലോ മരത്തിലോ മാർബിളിലോ അതു പുനഃസൃഷ്ടിക്കാൻ കഴിയില്ല.**

ആ ചോദ്യത്തിനുമുമ്പിൽ ഞാൻ പകച്ചുനിന്നു.

പിന്നെ നനവുള്ള കളിമണ്ണിൽ ഞാൻ എന്റെ മനസ്സിട്ടു കുഴച്ചു.

4

എന്തോ ആവശ്യത്തിനു നഗരത്തിൽ പോയി മടങ്ങിയെത്തുമ്പോൾ അവൾ എന്റെ വീട്ടിനുള്ളിൽ അപൂർണ്ണമായ ഒരു ശില്പം നോക്കിനിൽക്കുകയായിരുന്നു. പാതി തുറന്നുവച്ചിരുന്ന പലകവാതിലിൽ എന്റെ കൈ മുട്ടി ഒച്ചയുണ്ടായപ്പോൾ അവൾ തിരിഞ്ഞുനോക്കി.

പിന്നെ വാതിൽക്കൽ എന്റെ അടുത്തേക്കു നീങ്ങിവന്നു. വലതുകൈ വാതിലിന്റെ പൊളിഞ്ഞു തൂങ്ങുന്ന പലകമേൽ വച്ച് അവൾ എന്റെ നേരെ നോക്കി.

"അതിക്രമിച്ചു കടന്നതു ക്ഷമിക്കണം."

പ്രതീക്ഷിക്കാതെ ഒരതിഥിയെ കിട്ടിയതിന്റെ സന്തോഷമാണെനിക്ക്. പീഠത്തിന്മേലിരുന്ന ശില്പം ചൂണ്ടിക്കാട്ടി അവൾ പറഞ്ഞു:

"എനിക്കത് വളരെ ഇഷ്ടപ്പെട്ടു. എന്തോ ഒരാകർഷണീയതയുണ്ട് അതിന്. അനശ്വരതയെ ഓർമിപ്പിക്കുന്ന എന്തോ ഒന്ന്."

പൂർത്തിയായിട്ടില്ലാത്ത ആ ശില്പം ഞാൻ അവൾക്കു കൊടുത്തു.

അവൾ ചോദിച്ചു:

"എന്താ ഇതിന്റെ വില?"

ഞാൻ പറഞ്ഞു:

"ആവോ, എന്റെ ആത്മാവിനെന്തു വിലയുണ്ടെന്ന് എനിക്കറിയില്ല."

ഒരിക്കൽ കിഴവൻ എന്നോടു ചോദിച്ചു:

"ചിന്തയുടെ രൂപം മെനയാവോ നിനക്ക്?"

ആ ചോദ്യത്തിനു മുമ്പിൽ ഞാൻ മൗനിയായിപ്പോയി. പക്ഷേ, ഒരു സത്യമുണ്ട്. കിഴവന്റെ പരുക്കൻ ചോദ്യങ്ങളാണ് എന്റെ മനസ്സിനെ ഉണർത്തിയത്.

ആ ചോദ്യം ചോദിച്ച് കിഴവൻ മൗനിയായി. പിന്നെ ഒരു സന്ധ്യയ്ക്കു കിഴവൻ മരിച്ചു.

ഒരു സന്ധ്യയ്ക്കായിരിക്കും തന്റെ മരണമെന്നു കിഴവൻ ഇടയ്ക്കിടയ്ക്കു പറയാറുണ്ടായിരുന്നു.

കിഴവൻശില്പിയുടെ ചിത കെട്ടു.

സന്ധ്യയുടെ ഇരുട്ടിൽ ശ്മശാനത്തിൽ നിന്നിറങ്ങി നടക്കുമ്പോൾ ശ്മശാനംകാവൽക്കാരൻ ഭാവശൂന്യമായ കണ്ണുകളോടെ എന്നെ നോക്കി.

മരിച്ചത് ഇയാളുടെ ആരാണെന്നാ?

മരിച്ചത് ആരായിരുന്നു? എന്റെ സംരക്ഷകൻ. എന്റെ സ്നേഹിതൻ. എന്റെ ഗുരുനാഥൻ... ആ മനുഷ്യൻ എനിക്കതെല്ലാമായിരുന്നു.

സന്ധ്യയുടെ ഇരുട്ടിൽ വിജനമായ തെരുവിൽ നടക്കുമ്പോൾ ഒരു വെളിപാടുപോലെ ഞാൻ ഓർത്തു. കിഴവന്റെ മരണത്തിനുശേഷമാണ് കിഴവനോടുള്ള എന്റെ സ്നേഹം ഞാൻ തിരിച്ചറിയുന്നത്...

5

ഓവർബ്രിഡ്ജിനപ്പുറത്ത് തണൽമരങ്ങളുടെ നിഴലിലൂടെ നടക്കുമ്പോൾ മഞ്ഞച്ചായമടിച്ച ഒരു ടാക്സി കാർ വന്ന് എന്റെ അരികിൽ ബ്രേക്കിട്ടു. നോക്കുമ്പോൾ അവളും ഭർത്താവും.

കാറിന്റെ വശങ്ങളിലെ ഗ്ലാസ്സ് താഴ്ത്തിവച്ച് അവൾ ഭർത്താവിന് എന്നെ പരിചയപ്പെടുത്തി.

"അനുഗൃഹീതനായ ഒരു ആർട്ടിസ്റ്റ്. നന്ദു."

അയാൾ ഹലോ എന്നു പറഞ്ഞു.

ടാക്സി നീങ്ങാൻ തുടങ്ങുമ്പോൾ അവൾ എന്റെ കണ്ണുകളിലേക്കു നോക്കി. യാത്ര. ഇനി നമ്മൾ കാണുകയില്ല.

6

പ്രഭാഷണത്തിനിടയിൽ സ്വാമിജി പറഞ്ഞു:

"മക്കളും ശിഷ്യന്മാരും ഉണ്ടാകുന്നത് എങ്ങനെയെന്ന്

ആർക്കറിയാം! വളർത്തുമൃഗങ്ങളുടെ കാര്യത്തിൽപ്പോലും എനിക്ക് ആ സന്ദേഹമുണ്ട്. ഏതോ പൂർവബന്ധങ്ങളുടെ നിവർത്തിയാകൽപോലെ എന്തോ... ഓർത്തുനോക്കുമ്പോൾ സ്നേഹിതന്മാരുടെ കാര്യവും അങ്ങനെതന്നെയല്ലേ? ചില സ്നേഹിതന്മാർ യാത്രപറഞ്ഞു പോകുന്നു. ചില സ്നേഹിതന്മാർ യാത്ര പറയാതെ പോകുന്നു. ചില സ്നേഹിതന്മാർ അകലെയായിരിക്കുമ്പോഴും നമ്മുടെ കൂടെയുണ്ട്. സ്ഥലകാലങ്ങൾ അവരെ വേർതിരിക്കുന്നില്ല."

ആർക്കും പെട്ടെന്നു താത്പര്യം തോന്നിപ്പിക്കാത്ത കുറെ ശില്പങ്ങൾ മാത്രമേ കിഴവനു സമ്പാദ്യമുണ്ടായിരുന്നുള്ളൂ. അതിൽ മിക്കതും അപൂർണ്ണങ്ങളാണുതാനും. ഞാൻ വരുമ്പോൾ കിഴവൻ മെനഞ്ഞുകൊണ്ടിരുന്ന വന്യമൃഗത്തിനു മനുഷ്യന്റെ മുഖച്ഛായയാണുണ്ടായിരുന്നത്. അതും അപൂർണ്ണമാണ്. കിഴവൻ കുറേക്കാലം കൂടി ജീവിച്ചിരുന്നെങ്കിൽപ്പോലും അതു പൂർത്തിയാക്കുമായിരുന്നോ? സംശയമാണ്. കിഴവൻ പറയാറുണ്ടായിരുന്നു, 'അപ്രാപ്യമായ ഒരു സ്വപ്നഭൂമിയാണ് പൂർണ്ണതയെന്ന്. ഒരിക്കലും അവിടെ എത്തുകയില്ല. അങ്ങോട്ടുള്ള യാത്രയാണ് ജീവിതവും മരണവും.'

കിഴവന്റെ ചിത എന്റെ മനസ്സിൽ കത്തിക്കൊണ്ടിരുന്നു.

സ്വന്തം ഹൃദയത്തിലെ അനന്തമായ മഹാശൂന്യതയിൽ കുമ്പിട്ടിരുന്ന് കിഴവൻ പറഞ്ഞു:

"ഉപദേശത്തെക്കാൾ നല്ലത് പ്രാർഥനയാണ്, തനിക്കുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും. അഹങ്കാരത്തിന്റെ തൂവലുകൾ കൊഴിയുമ്പോൾ താൻ ആരുമല്ലെന്നു കണ്ടെത്തുന്ന നിമിഷം വരും. അപ്പോൾ തന്റെ സൃഷ്ടിയിൽ മറ്റാരും കാണാത്ത സൗന്ദര്യം കണ്ടു നിശ്ശബ്ദനായി അദ്ഭുതപ്പെടും, താനാണോ ഇതുണ്ടാക്കിയതെന്ന്. അങ്ങനത്തെ ഒരു നിമിഷത്തിനു വേണ്ടി പ്രാർഥിക്കാം."

ഞാൻ സംശയം ചോദിച്ചു:

"മറ്റൊരാളിൽനിന്ന് ഒരു നല്ല വാക്ക്. ഒരഭിനന്ദനം...?"

"ആരിൽ നിന്ന്?" കിഴവന്റെ ശബ്ദമുയർന്നു. പിന്നെ ശാന്തനായി പറഞ്ഞു:

"താനൊരിക്കലും കണ്ടിട്ടില്ലാത്ത അജ്ഞാതനായ ഒരാൾക്കുവേണ്ടിയാണ് തന്റെ സൃഷ്ടിയെന്നു വിചാരിക്കാൻ ത്രാണിയുണ്ടോ നിനക്ക്? അല്ലെങ്കിൽ കാലങ്ങൾക്കുശേഷം ജനിക്കുന്ന ഒരാൾക്കുവേണ്ടി?"

ഞാൻ കിഴവന്റെ കണ്ണുകളിലേക്കു നോക്കി.

കിഴവന്റെ കത്തിയമർന്ന ചിതയിലെ കനലുകൾ...

ചുവപ്പും നീലയും കലർന്ന ജ്വാലകൾ. ആ കനലുകളിലും ജ്വാലകളിലും ദഹിച്ച ഹൃദയത്തിന്റെ മൗനങ്ങൾ...

കിഴവൻ ചിതയിൽ ഉറങ്ങുന്നു.

കിഴവനുവേണ്ടി കടൽക്കരയിൽ ഞാൻ ബലിയിട്ടു. പിന്നെ പുതിയ കളിമണ്ണെടുത്തു കുഴയ്ക്കുമ്പോൾ കിഴവനെ മനസ്സിൽ ധ്യാനിച്ചു.

കടലിനുമീതെ സന്ധ്യാകാശത്തിനു കീഴിൽ പറക്കുന്ന കടൽക്കാക്കയുടെ ചിറകിൽ കിഴവന്റെ ആത്മാവ്.

കടൽ

കിഴവൻ

കടൽ കാണണമെന്നായിരുന്നു കിഴവന്റെ ഒടുവിലത്തെ ആഗ്രഹം. മങ്ങിയ ഇരുട്ടിൽ ഏതോ കടൽക്കാക്കയുടെ കരച്ചിൽ ഞാൻ കേൾക്കുന്നു.





# ഇലവീട്

വിനോദ് വൈശാഖി

ആരോ മിണ്ടുകയായി വഴിയിൽ
തൊട്ടുവിളിക്കുകയായ്
"മുല്ലച്ചെടിയാണല്ലോ;
എന്താ! പതിവില്ലാത്ത വിധം"

മുല്ലക്കാടുകൾ തീർക്കെ
വിശന്നുകലങ്ങിമറിഞ്ഞില്ലേ
പാടെമയങ്ങി,യു-
ണർത്താനവനോ-
ടൊന്നുപറഞ്ഞോളൂ,

നാവുതിരിക്കും മുമ്പേ
സൂര്യൻ വെള്ളിപ്പൂവായി
വട്ടംചുറ്റി വെട്ടംപാറ്റി
വട്ടുകളിപ്പിച്ചു

ഇലയിൽ സൂര്യനുരുണ്ടു
മടങ്ങിയുറങ്ങും കഥ കേട്ടു
ഏഴുനിറത്തിൽ പുഞ്ചിരിതൂവി
വെയിലൊരു മയിലായി

പാത്തുപതുങ്ങി
നടന്നാൽ കാണാം
ഇലയൊരു വീടാണ്,
വേരുകൾ വെള്ളംകോരി
തണ്ടോടൊട്ടീലവണത്തേൻ,

ഹരിതകണങ്ങളടുപ്പാ-
യിലയിലടുക്കളമേളങ്ങൾ
അമ്പോ! അമ്പമ്പോ!
ഇലകൾക്കെന്തൊരു വമ്പമ്പോ!





വര: സുധീർ പി വൈ

# മുത്തശ്ശി

## മോഹനകൃഷ്ണൻ കാലടി



വടിയും കുത്തി കൂനിക്കൂടി
നടന്നു പണ്ടൊരു മുത്തശ്ശി
മുറുക്കി മുറുക്കിയുറച്ച പല്ലുകൾ
ചിരിച്ചുകാട്ടും മുത്തശ്ശി

കാടും മേടും തോടും വയലും
വീടായ് മാറ്റിയ മുത്തശ്ശി
കാലിന് ചേർന്നൊരു മുള്ളും തേടി
കാതങ്ങളളന്നൂ മുത്തശ്ശി

കാക്ക കൊത്താൻ വന്നപ്പോൾ
അടയ്ക്ക കൊണ്ടെറിഞ്ഞു മുത്തശ്ശി
പൂച്ച മാന്താൻ വന്നപ്പോൾ
പൊകലയ്ക്കടിച്ചു മുത്തശ്ശി
പുലി പിടിക്കാൻ വന്നപ്പോൾ
വെറ്റില തടുത്തു മുത്തശ്ശി
ആന കുത്താൻ വന്നപ്പോൾ
ചുണ്ണാമ്പ് തേച്ചു മുത്തശ്ശി
കാലൻ മുന്നില് വന്നപ്പോൾ
മുറുക്കിത്തുപ്പി മുത്തശ്ശി

നേരും നുണയും ചേർന്നൊരു കഥകൾ
നീളെ വിതച്ചു മുത്തശ്ശി

വടിയും കുത്തി വളഞ്ഞുകൂടി
വഴികൾ തെളിച്ചൂ മുത്തശ്ശി
വയസ്സ് മാത്രം ചോദിക്കല്ലേ
വടിയെടുത്തോങ്ങും മുത്തശ്ശി.

വര: ആതിര സജീവ് ടി

# കടലുകണ്ട കഥ

എം ആർ രേണുകുമാർ



വര: രശ്മി രാഘവൻ



ശംഖ് സമ്മാനമായി കിട്ടിയതിനുശേഷം പിന്നെ ഒരുദിവസംപോലും ഞാനത് ചെവിയോടു ചേർത്തുവെച്ച് കടലിന്റെ ശബ്ദം കേൾക്കാതിരുന്നിട്ടില്ല. പലദിവസങ്ങളിലും അത് ചെവിയോരം വെച്ചുകൊണ്ടാണ് ഞാനുറങ്ങുക. ചില ദിവസങ്ങളിലത് ചെവിയോട് ചേർത്തുകൊണ്ട് ഞാൻ പറമ്പിലൂടെ ചുറ്റിത്തിരിയും. തിരകൾ തീരത്തേക്കടിച്ചുകയറുന്നതിന്റെയും ഇറങ്ങിപ്പോകുന്നതിന്റെയും ഒച്ച ഞാൻ വേർതിരിച്ചെടുക്കും. ഇടയ്ക്ക് മുട്ടൻ തിരകൾ ആൾപ്പൊക്കത്തിൽ പായ തെറുക്കുന്നതുപോലെ വരും. ഹോ!, അന്നേരം ഞാൻ ശംഖ് ചെവിയിൽനിന്നു മാറ്റിപ്പിടിക്കും. ശബ്ദം കൊണ്ടാണെങ്കിലും കടൽ പേടിപ്പിച്ചുകളയും.

"നീയാ ശംഖ് എവിടേലുമൊന്ന് വെക്ക് ചെക്കാ." എന്റടുത്തുവന്ന് അങ്ങനെ പറഞ്ഞത് മാലിനിയേച്ചിയായിരുന്നു.

"ഓ ചേച്ചിയോ, ചേച്ചിയെപ്പോ വന്നു?" ശംഖ് ചെവിയിൽനിന്നു മാറ്റിക്കൊണ്ട് ഞാൻ ചോദിച്ചു.

"ഞാൻ വന്നിട്ടിത്തിരിനേരായ്, നിന്റമ്മയുമായി വർത്താനം പറഞ്ഞോണ്ടു നിക്കുവാരുന്നു."

"ഉവ്വോ... എന്നിട്ടെന്താ ന്റടുത്തേക്ക് വരാതിരുന്നേ, ന്നോട് പെണക്കാണോ?"

"പോടാ ചെക്കാ, നിന്നോട് ഞാനെന്തിനാ പെണങ്ങുന്നെ?" ചേച്ചിയെന്റെ തലയിൽ പിടിച്ച് മെല്ലെയൊന്ന് തള്ളി, പിന്നെ തുടർന്നു,

"നിന്നെ നിന്റെ മുറിയിൽ നോക്കീരുന്നു, കാണാഞ്ഞകൊണ്ടാ പറമ്പിലോട്ടു വന്നത്."

"ഈ ശംഖിനകത്തൂന്നെങ്ങനാ ചേച്ചീ കടലിന്റെ ശബ്ദം കേക്കുന്നേ?" ഞാൻ ശംഖ് ചെവിയോടു ചേർത്തുകൊണ്ട് ചോദിച്ചു.

"അതോ, അതിനകത്ത് കടലിന്റെ പ്രേതോണ്ട്, നമ്മള് ചെവീ വെക്കുമ്പോ അതവിടിരുന്ന് കരേം!" ചേച്ചി കണ്ണുരുട്ടി തന്റെ തലയ്ക്ക് ഇരുവശവും കൈപ്പത്തി വിടർത്തിപ്പിടിച്ചോണ്ട് പറഞ്ഞു.

"ഒന്നു പോ ചേച്ചീ, ചുമ്മാനൊണ പറയാതെ..." വിശ്വാസം വരാതെ ഞാൻ പറഞ്ഞു.

"എന്നാ വേണ്ട, നിന്റമ്മയോട് ചോദിച്ചുനോക്ക്." എന്നു പറഞ്ഞുകൊണ്ട് മാലിനിയേച്ചി എന്റെ കൈയ്ക്കു പിടിച്ചു. പിന്നെ മുറ്റത്തേക്കു നടന്ന് അടുക്കളപ്പുറം വഴി വീട്ടിനുള്ളിലേക്ക് കയറി. പാതക*ത്തിനടുത്ത് അമ്മ തീയൂതിക്കൊണ്ട് നിൽപ്പുണ്ടായിരുന്നു.

"അമ്മേ... യമ്മേ ഇതിനകത്ത് പ്രേതോണ്ടോ?"

ഞാൻ ശംഖ് അമ്മേടെ നേരേ നീട്ടിക്കൊണ്ട് ചോദിച്ചു.

*പാതകം - അടുപ്പിന്റെ തിണ്ണ

"പ്രേതോ... ആരാ നിന്നോടീ ഇല്ലാവചനം പറഞ്ഞെ?" അമ്മ കൈയിലെ ചട്ടകമിളക്കി ചോദിച്ചു.

"മാലിനിയേച്ചിയാ..." ഞാൻ ചേച്ചിയെ ചൂണ്ടി പറഞ്ഞു.

"നിനക്കിതെന്തിന്റെ കേടാ പെണ്ണേ?" അമ്മ മാലിനിയേച്ചീടെ നേരേ കളിയായ് ചട്ടകമോങ്ങിക്കൊണ്ടു ചെന്നു.

ചേച്ചി പുറകോട്ട് വലിഞ്ഞു.

"നീയോരോന്ന് പറഞ്ഞിട്ടു വേണം ചെറുക്കനിനി രാത്രി ക്കെടന്ന് വിളിച്ചുകൂവാൻ." അമ്മ ഗൗരവം വിടാതെ പറഞ്ഞു.

ഇതിനിടെ അമ്മ രണ്ടു കോപ്പകളിൽ ഞങ്ങക്ക് ചക്കരക്കാപ്പി എടുത്തിരുന്നു.

"ചേച്ചീ, നിക്ക് കടല് കണ്ടാൽ കൊള്ളാമെന്നുണ്ട്, എന്നെയൊരിക്കൽ കൊണ്ടോവുമോ."

"അതിനെന്താ കൊണ്ടോവാമല്ലോ." ചേച്ചി ഉടനടി മറുപടി പറഞ്ഞു.

അതെന്നെ ആക്കിയതാണെന്ന് എനിക്കു തോന്നി.

"ഞാൻ സീരിയസായിട്ട് പറഞ്ഞതാ...ച്ചീ." കാപ്പി ഒരിറക്കുകൂടി കുടിച്ചോണ്ട് ഞാൻ ചിണുങ്ങി.

"ന്റെ ചെക്കാ, എത്രതവണ കരഞ്ഞു പുറകേ നടന്നിട്ടാ...ന്നെ ഇന്നാള് കന്യാകുമാരിക്ക് എസ്കേർഷന് വിട്ടേ. അതും പത്താംക്ലാസായതുകൊണ്ട് മാത്രം. ഇനീം ഇമ്മാതിരി കാരിയോമായിട്ട് ഈ വഴിക്ക് കണ്ടേക്കരുതെന്നാ നിന്റെ പേരമ്മേടെ ഓഡർ."

"അപ്പോ ചേച്ചിയെക്കൊണ്ട് പറ്റില്ലാല്ലേ..." ഞാൻ നിരാശനായി വിതുമ്പി.

അതുകണ്ട് ചേച്ചിയെന്നെ ചേർത്തുപിടിച്ചു. പിന്നെ വല്യ ഗൗരവഭാവത്തിൽ പറഞ്ഞു:

"എന്തേലും വഴീണ്ടാവും. നമ്മളൊരാഗ്രഹം സാധിക്കണമെന്നങ്ങ് കട്ടായം വിചാരിച്ചാലത് നടക്കുംന്ന് പൗലോ കൊയ്ലോ പറഞ്ഞിട്ടുണ്ട്."

**"ചേച്ചീ, നിക്ക് കടല് കണ്ടാൽ കൊള്ളാമെന്നുണ്ട്, എന്നെയൊരിക്കൽ കൊണ്ടോവുമോ." "അതിനെന്താ കൊണ്ടോവാമല്ലോ." ചേച്ചി ഉടനടി മറുപടി പറഞ്ഞു. അതെന്നെ ആക്കിയതാണെന്ന് എനിക്കു തോന്നി. "ഞാൻ സീരിയസായിട്ട് പറഞ്ഞതാ...ച്ചീ." കാപ്പി ഒരിറക്കുകൂടി കുടിച്ചോണ്ട് ഞാൻ ചിണുങ്ങി.**

"അതാരാ ആ പുള്ളി?" ഞാൻ കൗതുകത്തോടെ തിരക്കി.

"അയാളൊരു വലിയ എഴുത്തുകാരനാ."

"ആണോ... കൊള്ളാല്ലോ പുള്ളിക്കാരൻ."

എന്റെ മനസ്സിൽ വാടിത്തുടങ്ങിയ ആഗ്രഹത്തിന് വീണ്ടും ജീവൻ വെച്ചു.

"ചേച്ചിയോട് പുള്ളിക്കാരനാ ഇക്കാര്യം പറഞ്ഞേ?" ഞാൻ സ്വരമല്പം താഴ്ത്തി ചോദിച്ചു.

"ഒന്നു പോടാ ഉവ്വേ... പുള്ളിയെന്നോട് പറയാനോ, നല്ല കാര്യം. ഞാൻ പുള്ളീടെ ആൽക്കെമിസ്റ്റെന്ന ബുക്ക് വായിച്ചിട്ടുണ്ട്. അതീ കണ്ടതാ." എന്റെ മണ്ടൻ ചോദ്യം കേട്ട് ചേച്ചി ഉച്ചത്തിൽ ചിരിച്ചോണ്ട് പറഞ്ഞു.

"കാപ്പി കുടിച്ചെങ്കി കോപ്പ കഴുകി കമത്തീട്ട് രണ്ടും അടുക്കളേന്ന് പോയേ." അമ്മ പാതി കളിയായും പാതി കാര്യമായും പറഞ്ഞു.

"ബാ... നമ്മക്ക് നിന്റെ മുറീപ്പോയി ഇരിക്കാം. നിന്റമ്മേം നിന്റേമ്മേടെ ഒരടുക്കളേം."

ചേച്ചി എന്റെ ഇരുതോളിലും പിടിച്ച് മുന്നോട്ടുതള്ളി.

രണ്ടുപേരും അമ്മേനെ ഒരുമിച്ച് കോക്രി കാണിക്കുകേം ചെയ്തു. അമ്മ കളിമട്ടിൽ 'പൊക്കോണ'മെന്ന് പറഞ്ഞ് ഞങ്ങടെ നേരേ ചട്ടകം ഓങ്ങി. ഞങ്ങടെ മെല്ലെനടത്തം പൊടുന്നനെ വേഗത്തിലായി.

നോക്കിയാൽ കാണുന്ന ദൂരത്തായിരുന്നു മാലിനിയേച്ചീം പേരമ്മേം താമസിച്ചിരുന്നത്. പേരപ്പൻ ആഴ്ചയിലൊരിക്കലേ വരൂ. പുള്ളിക്കാരന് തിരുവനന്തപുരത്തായിരുന്നു ജോലി. എല്ലാ വെള്ളിയാഴ്ചേം വഞ്ചിനാടിന് വരും. പിന്നെ തിങ്കളാഴ്ച വെളുപ്പിനു പോകും. വീട്ടിലിരുന്നാൽ ട്രെയിനിന്റെ ഹോൺ മുഴങ്ങുന്നത് കേൾക്കാം. മുമ്പൊക്കെ മരങ്ങൾക്കിടയിലൂടെ ദൂരെ അട്ടനിരയ്ക്കുന്ന പോലെ ട്രെയിൻ പോണത് കാണാരുന്നു. കുറ്റിച്ചെടികളും മരങ്ങളും ആ കാഴ്ച മറച്ചുകളഞ്ഞു.

"നീയെന്താ ആലോചിച്ചിരിക്കുന്നേ, ഞാനിറങ്ങുവാ." എന്റെ തോളിൽ കൈയമർത്തിക്കൊണ്ട് ചേച്ചി പറഞ്ഞു.

"ങ്ഹും." ഞാൻ തലയാട്ടി. പുറകെ ഇങ്ങനെ ചോദിക്കുകേം ചെയ്തു.

"അടുത്തെങ്ങാനും കടല് കാണാൻ പറ്റുവോ ചേച്ചീ."

"പറ്റുവെടാ... നീ കാത്തിരിക്ക്, ഒരു വഴിതെളിയും."

ചേച്ചീടെ സ്നേഹത്തോടെയുള്ള ഉറപ്പ് എനിക്ക് ആത്മവിശ്വാസമുണ്ടാക്കി. ഞാൻ മേശപ്പുറത്തു കിടന്ന അംബേദ്കറിന്റെ അമർചിത്രകഥയുമായി കട്ടിലിലേക്ക് ചാഞ്ഞു

മുമ്പ് പലതവണ വായിച്ചിട്ടുള്ളതാണെങ്കിലും കൊച്ച് ഭീമിന്റെ കഥ വായിക്കാൻ എനിക്ക് വല്യ ഇഷ്ടാരുന്നു. വായനക്കിടയിലെപ്പൊഴോ ബുക്ക് കൈയീന്ന് വഴുതിപ്പോയതും ഉറക്കത്തിലേക്ക് പോയതും ഞാനറിഞ്ഞില്ല..

**രണ്ട്**

മാലിനിയേച്ചീടെ വാക്കു ഫലിച്ചു. കടല് കാണാൻ കഴിഞ്ഞില്ലെങ്കിലും



കടലിൽ ചെന്നുചേരുന്ന ആറ്റിലൂടെ കുറേദൂരം ബോട്ടിൽ എനിക്ക് സഞ്ചരിക്കാൻ കഴിഞ്ഞു.



സ്കൂളീന്ന് പോയ ചെറിയൊരു എസ്കേർഷന്റെ ഭാഗമായിരുന്നു എന്റെ ആദ്യത്തെ ബോട്ടുയാത്ര. എനിക്ക് ചേച്ചിയോടും ചേച്ചീടെ പൗലോയോടും വല്ലാത്ത സ്നേഹം തോന്നി. ഇത്രവേഗം ഇങ്ങനൊരു യാത്ര തരപ്പെടുന്ന് ഞാൻ സ്വപ്നത്തിൽ പ്പോലും കരുതിയിരുന്നില്ല. എസ്കേർഷന് പോകാൻ അമ്മ സമ്മതിച്ചതാണ് അതിലേറെ അദ്ഭുതമായത്. അമ്മ പച്ചക്കൊടി കാണിച്ചാൽ അച്ഛന്റെ കൈയീന്ന് അനുവാദം കിട്ടാൻ പാടില്ല.

വലിയ തടസ്സമൊന്നും പറയാതെ അമ്മ സമ്മതിച്ചതിനു കാരണം മാലിനിയേച്ചിയാണെന്ന് എനിക്കറിയാം. മാലിനിയേച്ചി പറഞ്ഞാൽ അമ്മയെന്തും കേൾക്കും.

അങ്ങനെയോരോന്ന് വിചാരിച്ചുനിൽക്കെ കൈയിലൊരു പൊതിയുമായി മാലിനിയേച്ചി പടികൾ കയറി വന്നു.

“എപ്പഴാ പഞ്ചാര ഫാക്ടറി കാണാൻ പോകുന്നെ?” പൊതി എന്റെ കൈയിലേക്ക് തന്നുകൊണ്ട് മാലിനിയേച്ചി ചോദിച്ചു.

“എട്ടുമണിക്ക് പാലത്തിങ്കേന്ന് ബോട്ട് പുറപ്പെടുംന്നാ പറഞ്ഞേക്കുന്നെ, ഏഴരയ്ക്ക് ഞാൻ വീട്ടിന്നെറങ്ങും, ബാഗെല്ലാം ഇന്നലെ രാത്രീത്തന്നെ റെഡിയാക്കീട്ടുണ്ട്. ഈ പൊതിലെന്നാ...യേച്ചീ?” ഞാൻ പൊതീടെ കനം നോക്കിക്കൊണ്ട് ചോദിച്ചു.

“അതു കുറച്ച് ഇടിയപ്പോം കടലക്കറീമാ, നിനക്ക് പത്തുമണിക്ക് കഴിക്കാൻ.”

“വാഹ്, അതെനിക്കിഷ്ടായി.” ഞാൻ ചാടി ചേച്ചിക്കൊരുമ്മ കൊടുത്തു. ചേച്ചിയെന്നെ വാരിപ്പിടിച്ചു.

“വേണൂവേ, എടാ... നീയൊരുങ്ങിയില്ലേ ഇതുവരെ, ആദ്യം ചെന്നാലേ ഫ്രണ്ടിൽ സീറ്റു കിട്ടൂ...” എന്നു പറഞ്ഞോണ്ട് തോളിൽ തൂക്കിയ ബാഗുമായി പാച്ചു വീട്ടിനകത്തേക്ക് ഓടിക്കയറിവന്നു.

പാച്ചുവെന്റെ ക്ലാസിലാണ് പഠിക്കുന്നത്. അവനെന്റെ അയൽക്കാരനും അകന്ന ബന്ധുവുമാണ്.

“ഞാനെപ്പോഴേ റെഡി...” ഞാൻ ബാഗുതൂക്കി പാച്ചുവിനൊപ്പം ഇറങ്ങി..

“എടാ, അടങ്ങിയൊതുങ്ങി ബോട്ടേ ഇരുന്നോണം. അതീകെടന്നോടുവൊന്നും ചെയ്യരുത്, ബോട്ടിന്റെ സൈഡിലൊന്നും പോയി ഇരിക്കുവോ നിക്കുവോ ചെയ്തേക്കരുത്.” അമ്മ ശബ്ദം കനപ്പിച്ച് ഉപദേശിച്ചു.

എന്റെ മുഖം ചെറുതായി വാടി.

“ഒക്കെ അവൻ ശ്രദ്ധിച്ചോളും കുഞ്ഞമ്മേ, അവൻ മിടുക്കനല്ലേ...” മാലിനിയേച്ചി എനിക്കുവേണ്ടി സംസാരിച്ചു.

“മാലിനീ, നീയൊറ്റയാളാ ഈ ചെക്കനെ വഷളാക്കുന്ന കേട്ടോ.” അമ്മ മാലിനിയേച്ചീടെ നേരേ തിരിഞ്ഞു.

“വേണൂനെ ഞാൻ നോക്കിക്കോളാം വേണൂന്റമ്മേ.” ഇതു കണ്ടും കേട്ടും നിന്ന പാച്ചുവാണ് അങ്ങനെ പറഞ്ഞത്.

“ങ്ഹാ, കൊള്ളാം! വേണൂനെ നോക്കാൻ പറ്റിയൊരാള്!” അമ്മേടെ അരിശം പാച്ചൂന്റെ നേരെയായ്.

“നീയാണീ കോത്രാകൊള്ളിയൊക്കെ ഒപ്പിച്ചതെന്ന് എനിക്കറിയാടാ.” അമ്മ പാച്ചൂനെ പിടിക്കാൻ കൈ നീട്ടി.

കാര്യങ്ങൾ അത്ര പന്തിയല്ലെന്ന് കണ്ട പാച്ചു ഒഴിഞ്ഞുമാറിക്കളഞ്ഞു. പിന്നെ ഒരോട്ടവും വെച്ചു കൊടുത്തു.

ഇനി നിക്കുന്നത് ശരിയ

ല്ലെന്ന് തോന്നിയ ഞാനും പാച്ചൂന് പുറകെ വെച്ചുപിടിച്ചു. വഴിക്കുവെച്ച് മഹേഷും രാഘവും മുന്താസും കൂട്ടത്തിൽ കൂടി. എല്ലാവരും സ്കൂളിനെ ലക്ഷ്യമാക്കി വേഗം നടന്നു. സ്കൂളിനടുത്തുള്ള കടവിലാണ് ബോട്ടു വന്നത്.

കോടിമത പാലത്തിന് പടിഞ്ഞാറുള്ള മോപ്പിലൂടെ കൊടൂരാറുവഴി ബോട്ട് തിരുവല്ലയ്ക്കു പോകുന്നതു കാണാൻ കുട്ടികളുടെ അമ്മമാരും മറ്റും ആറ്റുതീരത്ത് കാത്തുനിന്നിരുന്നു. അവരുടെയൊപ്പം എന്റെ അമ്മയും മാലിനിയേച്ചിയും ഉണ്ടായിരുന്നു. ബോട്ടിന്റെ ജനലിനിടയിലൂടെ ഞാനവരെ കൈയുയർത്തി വീശിക്കാണിച്ചു. അവർ തിരിച്ചും കൈവീശി. കൈവീശുന്ന അമ്മമാരുടെ കണ്ണുകളിൽനിന്നും ബോട്ട് മെല്ലയകന്നു മറഞ്ഞു.

ഉച്ചയോടെ ഞങ്ങൾ പഞ്ചസാര ഫാക്ടറിയിലെത്തി. പഞ്ചസാരഭരണിയിൽ തലയിട്ട മണമായിരുന്നു അവിടാകെ. അവിടുത്തെ ചില സാറന്മാർ കരിമ്പിൽനിന്നു പഞ്ചസാരയുണ്ടാക്കുന്ന വിധം ഞങ്ങൾക്ക് പറഞ്ഞുതന്നു. പാച്ചുവും മുന്താസും ഇതിനിടെ ആരും കാണാതെ ഒരു നുള്ള് പഞ്ചാര വാരി വായിലിടുകയും ചെയ്തു. എനിക്കുമത് തോന്നിയെങ്കിലും അതിനുള്ള ധൈര്യമില്ലായിരുന്നു.

മടക്കയാത്രയിൽ എവിടെയോവെച്ച് ഞങ്ങടെ ബോട്ട് കേടായി. അതോടെ തുടർന്നുള്ള യാത്ര ബസ്സിലായി. ബസ്സ്ചൊരുക്കുണ്ടായിരുന്ന എന്റെ കാര്യം കഷ്ടമായി. പോരാത്തതിന് ഇരിക്കാൻ സീറ്റുമില്ല. തലകറക്കത്തിനും മനംപിരട്ടലിനുമെതിരെ അറിയാവുന്ന അടവുകൾ മുഴുവൻ പയറ്റിയിട്ടും വയറ്റിക്കിടന്ന് കുത്തിമറിയുന്ന ആഹാരശകലങ്ങൾ എന്നെ തറപറ്റിച്ചുകളഞ്ഞു. ഞാൻ തല പുറത്തേക്കിട്ട് ഛർദിച്ചു. എന്നേത്തുടർന്ന് മഹേഷും മറ്റേതൊക്കൊയോ കുട്ടികളും ഛർദിച്ചു. യാത്രയുടെ തുടർന്നുള്ള ഭാഗങ്ങളെക്കുറിച്ച് ഒരോർമ്മയും എനിക്കില്ല. ഏതോ ടീച്ചറിന്റെ മടിയിൽ കിടന്നതായി ചെറിയ ഒരോർമ്മയുണ്ട്.

ആദ്യത്തെ ജലയാത്രയുടെ അവസാനഭാഗങ്ങൾ ദുരന്തമായി മാറിയെങ്കിലും ബോട്ടിൽ കയറി ആലപ്പുഴയ്ക്കു പോയി കടലു കാണാനുള്ള എന്റെ ആഗ്രഹത്തെ അതൊട്ടും കുറച്ചില്ല. എനിക്കെന്തോ മാലിനിയേച്ചീടെ വാക്കുകളെയും പൗലോയേയും വിശ്വാസമായിരുന്നു.

ഞാനാ ദിവസത്തിനായി കാത്തിരിക്കാൻ തുടങ്ങി. ചുവരിൽ ഒട്ടിച്ചുവെച്ച കടലിന്റെ ചിത്രത്തിൽ നോക്കിയായി ഞാനും മാലിനിയേച്ചിയും പാച്ചുവും പാച്ചൂന്റെ ചേച്ചി സുലയും ആലപ്പുഴക്കാരായ ഉഷേച്ചിയും പ്രിയയും മണിയനുമൊക്കെയായി നല്ല കൂട്ടായി. അവർ വിരുന്നുവന്നിട്ട് പോകുമ്പോൾ ഞങ്ങൾക്കെല്ലാം വല്യ സങ്കടമാവും. പാച്ചുവും സുലയുമൊക്കെ വല്ലപ്പോഴും ആലപ്പുഴയ്ക്ക് പോയിട്ട് അവിടുത്തെ മുറ്റത്തെ പഞ്ചാരമണലിനെക്കുറിച്ചും കുളങ്ങളെക്കുറിച്ചും കടൽത്തീരത്തെക്കുറിച്ചുമൊക്കെ പറഞ്ഞുകേൾക്കുമ്പോൾ ഞാൻ വാ പൊളിച്ചിരിക്കും. അതൊന്നും കാണാൻ പറ്റാത്തതിൽ എനിക്ക് വല്യസങ്കടവും തോന്നും.

അങ്ങനെയിരിക്കെയാണ് കണിച്ചുകുളങ്ങര അമ്പലത്തിലെ ഉത്സവത്തിനു ചെല്ലാൻ ആലപ്പുഴേലെ അമ്മ ഞങ്ങളേയും

**മടക്കയാത്രയിൽ എവിടെയോവെച്ച് ഞങ്ങടെ ബോട്ട് കേടായി. അതോടെ തുടർന്നുള്ള യാത്ര ബസ്സിലായി. ബസ്സ്ചൊരുക്കുണ്ടായിരുന്ന എന്റെ കാര്യം കഷ്ടമായി. പോരാത്തതിന് ഇരിക്കാൻ സീറ്റുമില്ല. തലകറക്കത്തിനും മനംപിരട്ടലിനുമെതിരെ അറിയാവുന്ന അടവുകൾ മുഴുവൻ പയറ്റിയിട്ടും വയറ്റിക്കിടന്ന് കുത്തിമറിയുന്ന ആഹാരശകലങ്ങൾ എന്നെ തറപറ്റിച്ചുകളഞ്ഞു.**

എന്റെ ഉറക്കവും ഉണരലും. കടൽത്തിരകൾപോലെ കടലു കാണാനുള്ള മോഹം എന്റെയുള്ളിൽ ഒടുങ്ങാതെ അലയടിച്ചുകൊണ്ടിരുന്നു.

**മൂന്ന്**

അക്കാലത്താണ് പാച്ചൂന്റെ വീട്ടിൽ ആലപ്പുഴയുള്ള അവരുടെ ബന്ധുക്കൾ സ്ഥിരമായി വരാൻ തുടങ്ങിയത്. പാച്ചൂന്റെ വീട്ടിൽ വരുമ്പോൾ അവർ ഞങ്ങടെ വീടുകളിലും വരാൻ തുടങ്ങി. കുറച്ചു നാളുകൾകൊണ്ട് അവർ ഞങ്ങടെയും ബന്ധുക്കളെപ്പോലായി. മുതിർന്നവർ അവരുടെ ലോകത്ത് സജീവമായപ്പോൾ ഞങ്ങൾ കുട്ടികൾ ഞങ്ങടെ ലോകമുണ്ടാക്കി. ക്ഷണിച്ചത്. അതോടെ എന്റെ മനസ്സിൽ ലഡുപൊട്ടി. പക്ഷേ വീട്ടിലെ മുതിർന്നവർക്കാർക്കും പോകാൻ സാവകാശമില്ലാത്തതിനാൽ കുട്ടികളായ ഞങ്ങളെയും വിടണ്ടാന്നായിരുന്നു തീരുമാനം. അതെന്റെ നെഞ്ച് തകർത്തുകളഞ്ഞെങ്കിലും പിൻമാറാൻ ഞാൻ ഒരുക്കമായിരുന്നില്ല. ഞാൻ നേരേ പോയി മാലിനിയേച്ചീടെ സഹായം തേടാൻ തീരുമാനിച്ചു.

“എന്താ പതിവില്ലാതെ ഈ വഴിക്ക്?” മാലിനിയേച്ചീടെ വീട്ടിൽച്ചെന്ന എന്നോട് ചേച്ചി മുനവെച്ച് ചോദിച്ചു.

“ചേച്ചി ആലപ്പുഴയ്ക്ക് ഉത്സവം കൂടാൻ പോകുന്നുണ്ടോ?” ഞാൻ തഞ്ചത്തിൽ ചോദിച്ചു.

"ങ്ഹും, എന്നെ വിട്ടതുമാ. നടക്കാത്ത കാര്യത്തേപ്പറ്റി എന്തിന് സ്വപ്നം കാണണം!" ചേച്ചി യാതൊരു മയവുമില്ലാതെ പറഞ്ഞു.

"അപ്പോപ്പിന്നെ പൗലോ കൊയ്‌ലോ പറഞ്ഞിട്ടുള്ളതോ?" അങ്ങനെ പറഞ്ഞ് ഞാൻ ചേച്ചിയെ പ്രതിക്കൂട്ടിലാക്കുമെന്ന് ചേച്ചി വിചാരിച്ചിരുന്നില്ല.

"അമ്പടാ കേമാ... നീയത് ഓർത്തിരിക്കുവാണല്ലേ?" മാലിനിയേച്ചി ഇരുതോളിലും പിടിച്ച് എന്നെ നേരേനിർത്തി. എന്നിട്ട് തുടർന്നു,

"നീ ഒരു കാര്യം ചെയ്യ്, കുഞ്ഞമ്മയോട് കരഞ്ഞ് കാര്യം പറയ്, ഞാനും പറയാം, എന്നിട്ട് കുഞ്ഞമ്മ വഴി സംഭവം ഓപ്പറേറ്റ് ചെയ്യാം. എപ്പടി?"

"സൂപ്പർ, ചേച്ചി അടിപൊളിയാ, ഇത് നമ്മള് കലക്കും!" ഞാൻ ആവേശം കൊണ്ടു.

ചേച്ചിടേം എന്റേം പ്ലാൻ ഫലിച്ചതാണോ അതോ പൗലോച്ചായൻ സഹായിച്ചതാണോ എന്നറിയില്ല. തീരെ പ്രതീക്ഷിക്കാതെ ഞങ്ങക്ക് ഉത്സവത്തിന് പോകാൻ അനുവാദം കിട്ടി. ആലപ്പുഴയ്ക്ക് പോകുമ്പോൾ ആ പോക്കിൽ പറ്റിയാൽ കടലുകൂടി കാണണമെന്ന സ്വപ്നം ഞാനുള്ളിൽ സൂക്ഷിച്ചിരുന്നെങ്കിലും മാലിനിയേച്ചിയോടുപോലും ഞാനത് പറഞ്ഞിരുന്നില്ല.

കാത്തുകാത്തിരുന്ന് ആ ദിവസം വന്നെത്തി. രണ്ടുദിവസത്തേക്കുള്ള ഉടുപ്പുകളും മറ്റുമായി ഞാനും മാലിനിയേച്ചിയും പാച്ചുവും സുലേച്ചിയും അമ്മയും കച്ചേരിക്കടവീന്ന് ആലപ്പുഴയ്ക്ക് ബോട്ടുകയറി. പാച്ചൂന്റെ വീടിന്റെ മുന്നിലൂടെ ഒഴുകുന്ന പുത്തൻതോട്ടിലൂടെയാണ് ആലപ്പുഴയ്ക്കു പോകുക.

ഞങ്ങള് പോകുന്ന കാണാൻ അമ്മ പാച്ചൂന്റെ കടവിൽ വന്നിട്ടുണ്ടായിരുന്നു. എന്നെക്കണ്ടതും കൈവീശിയെങ്കിലും രണ്ടു ദിവസം എന്നെ പിരിയുന്നതിന്റെ സങ്കടം അമ്മയുടെ മുഖത്തുണ്ടായിരുന്നു.

പരിചയമുള്ള കടവുകളൊക്കെ തോടിന്റെ ഇരുവശത്തും മാറിമറിഞ്ഞു. ആലപ്പുഴയ്ക്കുള്ള ദൂരം കുറഞ്ഞുകുറഞ്ഞു വന്നു. കാഞ്ഞിരവും വെട്ടിക്കാട്ട്മുക്കും കഴിഞ്ഞ് റാണി, ചിത്തിര, മാർത്താണ്ഡം കായലുകളായി. ഇടയ്ക്കിടെ കോട്ടയം ബോർഡു വെച്ച ബോട്ടുകൾ ഞങ്ങളെ മറികടന്നു പോയിക്കൊണ്ടിരുന്നു. തോട്ടിൽ മുട്ടനായി തോന്നിച്ചിരുന്ന ബോട്ട് വേമ്പനാട്ടുകായലിലെ ഓളപ്പരപ്പിൽ കൊതുമ്പുവള്ളംപോലെ ആടിയുലഞ്ഞു.

ഇടയ്ക്ക് കായൽവെള്ളം കാറ്റത്ത് ബോട്ടിലേക്ക് തെറിച്ചു. ഞാൻ മാലിനിയേച്ചിയെ കെട്ടിപ്പിടിച്ചു. ചേച്ചിയുടെ ശരീരവും പേടിക്കുന്നതായി എനിക്കു മനസ്സിലായി. ഞാൻ ചേച്ചീടെ കണ്ണുകളിലേക്കു നോക്കി. ഭയത്തിനിടയിലും ചേച്ചിയെന്നെ ചേർത്തുപിടിച്ചു. ദൈവമേ ഈ കായൽ തീരുന്നില്ലെന്ന് ഞാൻ മനസ്സിൽ പറയുകയും മാലിനിയേച്ചീടെ കൈയിൽ അള്ളിപ്പിടിക്കുകേം ചെയ്തു.

**ഇടയ്ക്ക് കായൽവെള്ളം കാറ്റത്ത് ബോട്ടിലേക്ക് തെറിച്ചു. ഞാൻ മാലിനിയേച്ചിയെ കെട്ടിപ്പിടിച്ചു. ചേച്ചിയുടെ ശരീരവും പേടിക്കുന്നതായി എനിക്കു മനസ്സിലായി. ഞാൻ ചേച്ചീടെ കണ്ണുകളിലേക്കു നോക്കി. ഭയത്തിനിടയിലും ചേച്ചിയെന്നെ ചേർത്തുപിടിച്ചു. ദൈവമേ ഈ കായൽ തീരുന്നില്ലെന്ന് ഞാൻ മനസ്സിൽ പറയുകയും മാലിനിയേച്ചീടെ കൈയിൽ അള്ളിപ്പിടിക്കുകേം ചെയ്തു.**

എന്റെ പേടി കണ്ട് പാച്ചു ആർത്തുചിരിച്ചു, സുലേച്ചിയും അതിനൊപ്പം കൂടി. പക്ഷേ അവരുടെ അമ്മ അവരെ വഴക്കു പറഞ്ഞു.

എങ്ങനെയോ ഒരു വിധത്തിൽ കായൽ പിന്നിട്ട് ബോട്ടൊരു കനാലിലേക്ക് കയറി. ബോട്ടിന്റെ സ്പീഡ് കുറഞ്ഞു. ഇരുകരകളിലും വീടുകളും മരങ്ങളും മറ്റും കണ്ടുതുടങ്ങി. കാണെക്കാണെ കാഴ്ചകൾ നഗരലക്ഷണം കാണിച്ചുതുടങ്ങി. ആലപ്പുഴ പട്ടണം അടുത്തുകൊണ്ടിരുന്നു.

## നാല്

പലതരം കളിപ്പാട്ടങ്ങൾ വാങ്ങിച്ചും മധുരപലഹാരങ്ങൾ കഴിച്ചും ഉത്സവം പൊടിപൊടിച്ചെങ്കിലും കടലുകാണാനുള്ള മോഹം എനിക്ക് പുറത്തെടുക്കാൻകൂടി കഴിഞ്ഞില്ല. ഉത്സവം കൂടി പിറ്റേദിവസം മടങ്ങിയെത്തണമെന്ന കണ്ടീഷനിലാണ് ആലപ്പുഴയാത്ര സാധ്യമായത്. കടൽ കാണൽ പൊളിഞ്ഞല്ലോ എന്നോർത്ത് വിഷമിച്ചിരിക്കുമ്പോഴാണ് ഏതോ കാരണത്താൽ ബോട്ടുകൾ ട്രിപ്പു മുടക്കിയത്. അതോടെ ഞങ്ങടെ മടക്കയാത്ര ഒരുദിവസം കൂടി നീട്ടിവെക്കാതെ തരമില്ലാതായി. അപ്രതീക്ഷിതമായി ഒരു ദിവസംകൂടി ആലപ്പുഴയിൽ പെട്ടുപോയതിൽ കുട്ടികളായ ഞങ്ങൾ മാത്രം സന്തോഷിച്ചു.

കടലുകാണാനുള്ള എന്റെ മോഹത്തിരകൾക്ക് പൊടുന്നനെ വീണ്ടും ജീവൻ വെച്ചു. കൂട്ടുകാരനും സമപ്രായക്കാരനുമായ മണിയനോട് ഞാനെന്റെ ആഗ്രഹം തുറന്നുപറഞ്ഞു. ബീച്ചിലേക്ക് താമസിക്കുന്നിടത്തുനിന്ന് ബസ്സിൽ പോകാനുള്ള ദൂരമുണ്ടെന്ന് മണിയൻ പറഞ്ഞതോടെ എന്റെ മുഖം പിന്നെയും വാടി. ചോദിച്ചാൽ ബീച്ചിൽ പോകാൻ സമ്മതി

ക്കില്ല. ഒളിച്ചു കടലു കാണാൻ പോകാൻ വണ്ടിക്കൂലി ചോദിക്കാൻ പറ്റില്ലല്ലോ. മാത്രവുമല്ല ബസ്സുകളും പണിമുടക്കാണെന്ന് കേൾക്കുന്നു. എന്റെ മുഖത്തെ സങ്കടവും നിരാശയും കണ്ട് മണിയൻ ചോദിച്ചു,

"നിനക്ക് സൈക്കിള് ചവിട്ടാനറിയാവോ."

"പിന്നില്ലേ, അറിയാം." ഞാൻ ഉഷാറായി.

"പാച്ചൂനറിയാവോ?" മണിയന് ഹരമായി.

"അവനുമറിയാം." ഞാൻ പറഞ്ഞു.

"ഹതു കലക്കി, എങ്കി നമ്മക്ക് അവനേം കൂട്ടാം" എന്നു പറഞ്ഞ് ഇപ്പ വരാമെന്ന് ആംഗ്യം കാണിച്ച് മണിയൻ ഓടിമറഞ്ഞു.

ഞാൻ ചേച്ചിമാരറിയാതെ പാച്ചൂനെ കൈകാണിച്ചു വിളിച്ച് വിവരം പറഞ്ഞു. അധികം വൈകാതെ മണിയൻ റാലീടെ ഒരു അര സൈക്കിളുമായെത്തി.

"നമ്മക്ക് മാറിമാറി ചവിട്ടാം." ചെറുതായി അണച്ചുകൊണ്ട് അവൻ പറഞ്ഞു.

മുതിർന്നവരുടെ കണ്ണുവെട്ടിച്ച് ഞങ്ങൾ റോഡിലെത്തി. ഇതിലേ കുറേദൂരം പോയാൽ കടൽത്തീരത്തെത്തുമെന്ന് ദൂരേക്ക് വിരൽചൂണ്ടി അവൻ ആവേശത്തോടെ പറഞ്ഞു. നോക്കെത്താ ദൂരത്തിൽ വളവില്ലാത്ത ടാർറോഡ് വെയിലിൽ തിളങ്ങിക്കിടന്നിരുന്നു.

ദൂരെ കാണുന്നത് നീലാകാശമോ കടലോ എന്നെനിക്ക് സംശയമായി. എന്നെ കാര്യറിലും പാച്ചൂനെ ക്രോസ്ബാറിലും ഇരുത്തി അവൻ ചവിട്ടു തുടങ്ങി. അവൻ മടുത്തപ്പോൾ ഞാൻ ചവിട്ടു തുടർന്നു. കുറച്ചു കഴിഞ്ഞപ്പോൾ പാച്ചു ചവിട്ടാൻ തുടങ്ങി. പിന്നെയും മണിയന്റെ ഊഴമായി. പുറകെ എന്റെയും പാച്ചൂന്റെയും ഊഴങ്ങൾ വന്നു. മാറിമാറി ചവിട്ടി, കാര്യറിലും ക്രോസ് ബാറിലും മാറിമാറി ഇരുന്ന്, വഴിയേറെ പിന്നിട്ടെങ്കിലും ഞങ്ങൾ കടൽത്തീരത്തെത്തിയില്ല.

മുന്നിലെപ്പോഴും നീലാകാശത്തിലേക്ക് ചെന്നുചേരുന്നപോലെ തോന്നിച്ച വഴി ഞങ്ങളിൽനിന്ന് അകന്നുകൊണ്ടേയിരുന്നു. അവൻ ഉറപ്പുതന്നതുപോലെ കടൽത്തീരം മാത്രം അടുത്തുവന്നില്ല. ഞങ്ങൾ വഴിയാത്രക്കാരോട് പലരോടും കടൽത്തീരത്തേക്ക് ഇനിയെത്ര ദൂരമുണ്ടെന്ന് തിരക്കിയപ്പോഴൊക്കെ കുറച്ചുകൂടിയേ ഉള്ളൂ എന്ന ഒഴുക്കൻ മറുപടിയാണു കിട്ടിയത്.

സൈക്കിൾ ചവിട്ടിച്ചവിട്ടി ഞങ്ങൾ ഒരു പരുവമായി എന്നു പറഞ്ഞാൽ മതിയല്ലോ. പക്ഷേ ഇടയ്ക്ക് വിശ്രമിച്ചും വെള്ളം കുടിച്ചും ഞങ്ങൾ മുമ്പോട്ടു പൊയ്ക്കോണ്ടിരുന്നു.

കടലിന് ഞങ്ങളിൽനിന്ന് കൂടുതൽനേരം അകന്നുമാറാൻ കഴിയുമായിരുന്നില്ല. അകലെ കടലിരമ്പം കേട്ടു, കടൽനീല കണ്ടു. വെയിലിൽ തിളങ്ങുന്ന പഞ്ചാരമണലിന്റെ പാടത്തിനപ്പുറത്തായി തിരയൊടുങ്ങാത്ത കടലിന്റെ വിശാലനീലിമ ആകാശവുമായി കലരുന്ന ചക്രവാളത്തിലേക്ക് ഞങ്ങളുടെ



സൈക്കിൾ കുതിച്ചു. നനഞ്ഞ പഞ്ചാരമണലിൽ ടയർ പുതഞ്ഞ് സൈക്കിളിനോടൊപ്പം മറിഞ്ഞുവീണ ഞങ്ങളുടെ ദേഹത്ത് കടൽ വന്ന് അരുമയോടെ തൊട്ടു.

ഞാൻ കടലിനേയും കടലെന്നെയും ആദ്യമായി തൊടുകയും കാണുകയുമായിരുന്നു.

# ആഫ്രിക്കയിൽനിന്നെത്തിയ ഓണത്തുമ്പികൾ

വിജയകുമാർ ബ്ലാത്തൂർ



▲
**ഓണത്തുമ്പി** (Pantala flavescen) വാണ്ടറിങ് ഗ്ലൈഡർ (നാടോടി), ഗ്ലോബ് സ്കിമ്മേഴ്സ് (ആഗോളത്തുമ്പി), ഗ്ലോബ് വാണ്ടറർ (ലോകസഞ്ചാരി) എന്നൊക്കെ ഇംഗ്ലീഷിൽ പേരുണ്ട്.

Photo: Basile Morin

ഓണത്തുമ്പികൾ തുമ്പപ്പൂവുതോറും തേനുണ്ടു നടക്കുന്ന തിരുവോണക്കാലം! വാഹ്! കേൾക്കാൻതന്നെ എന്തൊരിമ്പമാണ്. തനി മാംസഭുക്കുകളായ തുമ്പികൾ പൂവിൽ തേൻ കുടിക്കാനും ഊഞ്ഞാലാടാനും വരുമോ എന്നൊക്കെ തിരിച്ചുചോദിച്ചാൽ, കഥയിലും കവിതയിലും ചോദ്യമില്ലെന്നു പറഞ്ഞ് ചിലർ കണ്ണുരുട്ടും.

അതിലോലമായ ചിറകുകളും ശരീരവുമുള്ള ചിത്രശലഭങ്ങൾ ആരെയും ആക്രമിക്കാനോ എതിർക്കാനോ കഴിയാത്ത പാവങ്ങളാണല്ലോ. എന്നാൽ ഡ്രാഗൻ ഫ്ലൈകൾ എന്നു വിളിക്കുന്ന കല്ലൻ തുമ്പികൾ തനി ഡ്രാഗണുകളാണ്. തീതുപ്പില്ലെന്നുമാത്രം. ആകാശത്ത് കരുത്തൻ ശരീരവുമായി പറന്നുനടന്ന്, കിട്ടുന്ന പ്രാണികളെയൊക്കെയും പറക്കലിനിടയിൽത്തന്നെ പിടികൂടി കശാപ്പുചെയ്ത് അകത്താക്കുന്നവർ. ഇവർ തേൻ കുടിക്കാൻ വേണ്ടി, ശലഭങ്ങളെപ്പോലെ പൂവിൽനിന്ന് പൂവിലേക്കു പാറിനടക്കുന്നവരല്ല. പറക്കുന്നത് ഇരതേടാനും ഇണചേരാനും വെള്ളത്തിൽ മുട്ടയിടാനുള്ള സ്ഥലം തേടിയുമാണ്.

തേൻ കുടിച്ചുകളയാം എന്നു കരുതിയാലും രക്ഷയില്ല. പൂവിന്നുള്ളിൽനിന്നു തേൻ വലിച്ചു കുടിക്കാൻ സഹായിക്കുന്ന സ്ട്രോപോലുള്ള നീളൻ കുഴലായ പ്രൊബോസിസ് എന്ന അവയവം ശലഭങ്ങളെപ്പോലെ ഇവർക്കില്ല. മറിച്ച് കടിച്ചുമുറിക്കാനുള്ള വദനഭാഗങ്ങളാണുള്ളത്. പൂർണ്ണമായും ഇരപിടിയരായ ഇവർ തുമ്പയിൽ വന്നിരിക്കേണ്ട കാര്യമെന്ത്?

ഷഡ്പദങ്ങളുടെ കൂട്ടത്തിൽ ഒഡോണേറ്റ എന്ന ഗണത്തിലുള്ളവരാണ് തുമ്പികൾ. കല്ലൻ തുമ്പികൾ (Dragonflies) സൂചിത്തുമ്പികൾ (Damselflies) എന്നിവയാണ് പ്രധാന ജാതികൾ. ശക്തിയും ബലവുമുള്ള ചിറകുകൾ വിശ്രമസമയത്ത് വിടർത്തിപ്പിടിക്കുന്ന ശീലമുള്ള, തടിച്ച ശരീരക്കാരാണ് കല്ലൻ തുമ്പികൾ. ഇവയുടെ കണ്ണുകൾ തമ്മിൽ ചേർന്നിരിക്കും. നീണ്ടു മെലിഞ്ഞ മൃദുല ഉദരമുള്ള സൂചിത്തുമ്പികൾ വിശ്രമിക്കുമ്പോൾ ലോലമായ ചിറകുകൾ ശരീരത്തോടു ചേർത്ത് സമാന്തരമായി പിടിച്ചിരിക്കും. ഇവയുടെ കണ്ണുകൾ വശങ്ങളിലേക്ക് അകന്നാണ് കാണപ്പെടുക. തുമ്പി ലാർവകളുടെ ഭക്ഷണം കൊതുകു ലാർവകളും ചെറിയ ജലപ്രാണികളും കുഞ്ഞുമത്സ്യങ്ങളുമാണ്. മുതിർന്ന തുമ്പികൾ കൊതുകുകളുടെ കൂടി അന്തകരാണ്.


നമ്മൾ ചുറ്റുപാടും കാണുന്ന തുമ്പികളിൽ ഏറ്റവും കൂടുതലായി കാണുന്നത് നീർമുത്തൻ അല്ലെങ്കിൽ സ്കിമ്മർ എന്ന വിഭാഗക്കാരാണ്.

ആഫ്രിക്കൻ വൻകരയിൽനിന്ന് ഇങ്ങോട്ടും തിരിച്ചും ദീർഘദൂരം കടൽ താണ്ടി മൺസൂൺ കാറ്റുകളുടെ ചിറകേറി തെന്നിപ്പറന്ന് നമ്മുടെ നാട്ടിൽ ദേശാടകരായി എത്തി തിരിച്ചുപോവുന്ന തുമ്പികളുണ്ട്. അവരെ തുലാത്തുമ്പികൾ എന്നാണു പറയുക. ഇവർ തന്നെയാണ് ഓണത്തുമ്പികൾ! മാവേലി വിരുന്നുവരുന്നതുപോലെ എല്ലാ വർഷവും വിരുന്നെത്തുന്നതിനാലാവാം ഓണത്തുമ്പി എന്നു പേരിട്ടത്. ആഫ്രിക്കയിൽനിന്ന് കരയും കടലും താണ്ടി ഇവയുടെ ആയിരക്കണിക്കിനു സംഘങ്ങൾ മൺസൂൺ തുലാവർഷക്കാറ്റുകൾക്കൊപ്പം ഇവിടെയും എത്തും. സൊമാലി ജെറ്റ് എന്ന അതിശക്തകാറ്റാണ് ഏറെ സഹായിക്കുന്നത്. കാറ്റിൽ വാലുകൊണ്ട് ബാലൻസ് ചെയ്ത് ചിറകുകൾ

വിടർത്തിപ്പിടിച്ച്, അധികം ചലിപ്പിക്കാതെ പട്ടം തെന്നിയൊഴുകി നീങ്ങുംപോലെയാണ് ഈ അദ്ഭുതയാത്ര. ചിറകനക്കാതെ ശരീരത്തിലെ ഊർജം സംരക്ഷിച്ച് ഭക്ഷണമില്ലാതെ മാസങ്ങൾ മേലാകാശം വഴി സഞ്ചരിച്ചാണ് ഇവിടെ എത്തുന്നത്.

ഇതുപോലെ വടക്കുകിഴക്കൻ മൺസൂൺ കാറ്റിനൊപ്പം തിരിച്ച് ആഫ്രിക്കയിലേക്കും ഇവർ പറക്കും. മേഘാലയയിൽനിന്നടക്കം ഈ തിരിച്ചുപറക്കൽ ആരംഭിക്കുന്നുണ്ട്. കാറ്റിന് ശക്തി കുറവായതിനാൽ വന്നതുപോലെ തിരിച്ച് ആഫ്രിക്കയിലേക്ക് നേരിട്ട് എത്താനാവില്ല. അതിനാൽ വഴിയിൽ മാലി ദ്വീപ്, സീഷെൽസ് ദ്വീപുകൾ മൊസാംബിക് തുടങ്ങിയ ഇടങ്ങളിൽ വിശ്രമിച്ചാണ് പറക്കൽ പൂർത്തിയാക്കുന്നത്. മേയ് മാസത്തോടെയാണ് ഇന്ത്യയുടെ പടിഞ്ഞാറൻ തീരങ്ങളിൽനിന്നുള്ള മടക്കപ്പറക്കൽ ആരംഭിക്കുന്നത്. ദേശാടനപ്പക്ഷികൾ കുറെയേറെ തുമ്പികളെ തിന്നു തീർക്കുമെങ്കിലും കണക്കില്ലാത്തത്ര എണ്ണം തുമ്പികൾ പറക്കുന്നതിനാൽ ഏറെയെണ്ണവും നാട്ടിലെത്തും. പതിനെട്ടായിരം കിലോമീറ്റർ നീണ്ട വാർഷിക ദേശാടനപ്പറക്കലിനിടയിൽ രണ്ടു മൂന്നു തലമുറകൾ കഴിഞ്ഞിട്ടുണ്ടാകും! അതായത് പുറപ്പെട്ട തുമ്പികളല്ല ആഫ്രിക്കയിൽ തിരിച്ചെത്തുന്നത്! ഭൂമിയിൽ ഏറ്റവും കൂടുതൽ ദൂരം സഞ്ചരിക്കുന്ന ഷഡ്പദം ഇതാണ്.

ശരീരത്തിൽ ചുവപ്പു കലർന്ന തവിട്ടുനിറമുള്ള കല്ലൻ തുമ്പിയാണിവർ. നെൽപ്പാടങ്ങളിലും തുറസായ സ്ഥലങ്ങളിലും കാടുകളിലും ഇവരെ ഈ കാലത്ത് വളരെ സാധാരണമായി കൂട്ടങ്ങളായിത്തന്നെ കാണാം. അന്റാർട്ടിക്ക ഒഴികെ ഒരുവിധം എല്ലാ പ്രദേശങ്ങളിലും ഇവരെ കാണാറുണ്ട്. ഭൂമിയിൽ ഏറ്റവും കൂടുതൽ ഇടങ്ങളിൽ കാണപ്പെടുന്ന തുമ്പി ഇവരാകും. മണിക്കൂറുകൾ നിലംതൊടാതെ പറക്കാനുള്ള കഴിവുണ്ട്. മേഘമുള്ളപ്പോൾ മാത്രമാണ് ഇവരുടെ കൂട്ടം താണു പറക്കുക. വെയിലിൽ വളരെ ഉയരത്തിൽ പറക്കും. തുമ്പികളുടെ ദേശാടനത്തെക്കുറിച്ച് ഒന്നും അറിയില്ലെങ്കിലും ഇവയുടെ വരവോടെ കാലവർഷം എത്തും എന്ന് നമ്മുടെ നാട്ടിലെ കൃഷിക്കാർക്ക് പണ്ടേ അറിയുമായിരുന്നു. പൊന്തക്കാടുകളിലും മരച്ചില്ലകളിലും കൂട്ടമായി ഇവ അന്തിയുറങ്ങാറുണ്ട്. മഴയിലുണ്ടായ താത്കാലിക വെള്ളക്കെട്ടിൽ മുട്ടയിടും. തിളക്കം കണ്ട് തെറ്റിദ്ധരിച്ച് കാറുകളുടെ ചില്ലിലും ബോണറ്റിലും ജലപ്പരപ്പിൽ എന്നപോലെ മുട്ടിപ്പറന്ന് മുട്ടയിടാറുമുണ്ട്.



▲
**ശലഭത്തുമ്പി**
(Pantala flavescen)

വേറൊരിനം കല്ലൻ തുമ്പിയെ കണ്ടാൽ ചിത്രശലഭം എന്നുതന്നെ തോന്നിപ്പോകും. ചിറകുകൾ അത്രമേൽ അലങ്കാരവർണ്ണങ്ങളുള്ളതാണ്. Rhyothemis variegata എന്ന് ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ഇതിനെ 'ശലഭത്തുമ്പി' എന്നാണു വിളിക്കുക. ചിലയിടങ്ങളിൽ ഇതിനെയും 'ഓണത്തുമ്പി' എന്നു പറയാറുണ്ട്. Common picture wing, Variegated flutterer എന്നൊക്കെ ഇംഗ്ലീഷിലും പേരുണ്ട്. Libellulidae കുടുംബത്തിൽപ്പെട്ട ഡ്രാഗൺ ഫ്ലൈ ആണ് ഇവരും.

അഗ്രഭാഗങ്ങൾ സുതാര്യമായ മുൻചിറകിൽ കറുത്ത പൊട്ടുകൾ കാണാം. പിൻചിറകിൽ കറുപ്പും സ്വർണ്ണമഞ്ഞയും നിറത്തിലുള്ള അടയാളങ്ങൾ വലുതായി ഉണ്ടാകും. ഈ തുമ്പിയെ കാടുകളിലും നാട്ടിൻപുറങ്ങളിലും ഇഷ്ടംപോലെ കാണാൻ കിട്ടും. പുഴയോരത്തും നെൽപ്പാടങ്ങളിലും പുൽപ്രദേശങ്ങളിലും ഇവ പാറിപ്പറന്നു കളിക്കുന്നതു കാണാം. ചതുപ്പുകളിലും കുളങ്ങളിലും വെള്ളം കെട്ടിനിൽക്കുന്ന പാടങ്ങളിലും ഇവ മുട്ടയിട്ടു വളരും.

ഒരുവിധം എല്ലാക്കാലത്തും ഇവയെ കാണാമെങ്കിലും ഓണക്കാലത്ത് നമ്മൾ കൂടുതലായി നിരീക്ഷിക്കുന്നതിനാൽ ഓണത്തിന് വിരുന്നുവന്നവരായി കണക്കാക്കി ഇട്ട പേരാവും ഓണത്തുമ്പി എന്ന്. ആകാശത്തേക്ക് ഉയർന്ന് ഒരേ സ്ഥലത്ത് ചിറകടിച്ച് നിൽക്കുന്ന സ്വഭാവം ഇവർക്കുണ്ട്. ഒറ്റയ്ക്കും കൂട്ടമായും ഇവരെ കാണാറുണ്ടെങ്കിലും പെൺ തുമ്പികളെയാണ് കൂടുതലായി കാണുക. പതുക്കെ പറന്നു കളിച്ച് ചെടിക്കമ്പുകളിൽ തൂങ്ങിക്കിടന്ന് വിശ്രമിക്കും.

# പല്ലൊട്ടി മിഠായി

രാജീവ് ആലുങ്കൽ

അനുഭൂതികളുടെ ഉമിനീരുറവിൽ
നുണഞ്ഞുകൊണ്ടിനിയും
ഒട്ടിയിരിക്കണെ,മങ്ങിനെയങ്ങിനെ
ഓർമ്മകളിടനെഞ്ചിൽ
എത്ര ഋതുക്കൾ കഴിഞ്ഞാലും നാം
വലുതായ് തീർന്നാലും
ഒത്തിരി മധുരം കിനിയണമതിനായ്
ഒത്തുരസിക്കേണം

കണ്ടോ നടവഴി, അപ്പുറമൊരു മരം
അതിലൊരു കിളി, ചെറു-
തൂവൽ വിരിക്കും ചന്തം - പിന്നെ
കാറ്റു പറഞ്ഞുകൊടുക്കും കഥയിലെ
നാട്ടുവിശേഷം, ഒക്കെയറിഞ്ഞു
നടന്നേ പോരുക, നല്ലതുപോലിനി
ഒട്ടിയിരിക്കണമങ്ങിനെയങ്ങിനെ
ഓർമ്മകളിടനെഞ്ചിൽ

മലയുടെ മേലേ, മേഘം പെയ്തു
പരത്തിയ ഭാഷ, പറഞ്ഞു പഠിച്ചൊരു
അരുവിപ്പറവ ചിരിച്ചും, പിന്നെ
ചിറകുകുടഞ്ഞു ചിലമ്പും ചാർത്തി
താണു പറന്നും പാടും പാട്ടിൻ
പല്ലവികേട്ടു നനഞ്ഞേ പോരുക
ഒട്ടിയിരിക്കണമങ്ങിനെയങ്ങിനെ
ഓർമ്മകളിടനെഞ്ചിൽ



വര: സുധീർ പി വൈ

# രണ്ടു പേരേയും ഇഷ്ടമാണ് ഒരുപോലെ

പള്ളിയറ ശ്രീധരൻ



എനിക്ക് അടുത്ത ടൗണിൽ ഒരു ഓഫീസുണ്ട്. പത്ത് പേർ ജോലിക്കുമുണ്ട്. സ്വന്തം ഓഫീസായതിനാൽ ഇഷ്ടമുള്ള സമയത്ത് പോകാം. ഇഷ്ടമുള്ള സമയത്ത് ഇറങ്ങാം.

ഓഫീസ് വിട്ടാൽ നേരെ വീട്ടിലേക്ക് യാത്രയാകും. ഈയിടെയായി വലിയൊരു പ്രശ്നം! ഏത് വീട്ടിലേക്ക് പോകും?

പ്രശ്നം തുടങ്ങിയതിന് കാരണക്കാർ അച്ഛനും അമ്മയും തന്നെ. ഒരു ദിവസം ശരിക്കും അവർ പിണങ്ങി. ഞാനെന്റെ വീട്ടിലേക്ക് പോകുന്നു എന്ന് പറഞ്ഞ് അമ്മ അമ്മയുടെ വീട്ടിലേക്ക് താമസം മാറ്റി. വാശി കാരണം അച്ഛൻ മടക്കി വിളിച്ചതുമില്ല.

എന്റെ കാര്യമാണ് കഷ്ടം! അച്ഛന്റെ വീട്ടിൽ പോയാൽ അമ്മയ്ക്ക് പിണക്കം. അമ്മയുടെ വീട്ടിൽ പോയാൽ അച്ഛന് പിണക്കം. എനിക്കാണെങ്കിൽ രണ്ടു പേരെയും ഒരുപോലെ ഇഷ്ടമാണ്. ഗണിത ഭാഷയിൽ പറഞ്ഞാൽ തുല്യമായ ഇഷ്ടം.

ഇനി ഓഫീസിൽനിന്ന് ഇറങ്ങിയാൽ നാണയംകൊണ്ട് ടോസ്സ് ഇടുകയേ വഴിയുള്ളൂ. അച്ഛനമ്മമാരുടെ വീടുകൾ എന്റെ ഓഫീസിന്റെ എതിർവശങ്ങളിലാണ്. രണ്ട് ഭാഗത്തേക്കും അര മണിക്കൂർ വീതം കൃത്യമായ ഇടവേളകളിൽ ബസ്സുണ്ട്.

ഒരു ദിവസം ഞാനൊരു പുതിയ തീരുമാനത്തിലെത്തി. ഓഫീസിൽനിന്ന് ഇറങ്ങിയാൽ ആദ്യം ഏത് ഭാഗത്തേക്കാണോ ബസ്സ് വരുന്നത് ആ ബസ്സിൽ കയറുക. പാർഷ്യാലിറ്റി ഉണ്ടാകാതിരിക്കാൻ സമയം നോക്കാതെ ഓഫീസിൽ നിന്ന് ഇറങ്ങുക. എങ്ങോട്ടു പോകണം എന്നത് ബസ്സുകൾ നിർണ്ണയിക്കട്ടെ.

എന്റെ തീരുമാനം അവരെ അറിയിച്ചു. ഞാൻ പോകുന്ന കാര്യം ഡയറിയിൽ കുറിച്ചിടാൻ തുടങ്ങി. അവർക്ക് സന്തോഷമായി.

അങ്ങനെ ഒരു മാസം കഴിഞ്ഞപ്പോൾ ഞാൻ ഡയറി പരിശോധിച്ചു. അമ്മയുടെ വീട്ടിൽ എത്തിയത് 25 ദിവസം. അച്ഛന്റെ വീട്ടിൽ എത്തിയത് 5 ദിവസം മാത്രം. ഞാനാണെങ്കിൽ പരമാവധി സത്യസന്ധത പുലർത്തിയിട്ടുണ്ട്. എങ്ങിനെ ഇത് സംഭവിച്ചു എന്ന് എനിക്ക് വലിയ അദ്ഭുതം. നിങ്ങൾക്ക് ഒരു വിശദീകരണം തരാമോ?

രണ്ടു ഭാഗത്തും അരമണിക്കൂർ വീതം ഇടവിട്ട് കൃത്യമായി ബസ്സ് സർവീസ് ഉണ്ട് എന്നതു ശരി തന്നെ. ഒരു ഭാഗത്തേക്ക് 1, 1.30, 2, 2.30, 3, 3.30 എന്നിങ്ങനെയാണ് സമയം. മറുഭാഗത്തേക്ക് 1.05, 1.35, 2.05, 2.35, 3.05, 3.35 എന്നിങ്ങനെയും. 1 മണിക്ക് ബസ്സ് പോയി കഴിഞ്ഞാൽ 5 മിനിറ്റിനകം മറുഭാഗത്തേക്ക് ബസ്സ് വരും. ഈ ബസ്സ് പോയിക്കഴിഞ്ഞാൽ 25 മിനിറ്റ് കഴിഞ്ഞാലേ മറ്റെ ബസ്സ് വരികയുള്ളൂ. അപ്പോൾ ഈ സമയത്തിനിടയിൽ ഏത് സമയത്ത് വന്നാലും ഒരു ഭാഗത്തേക്കുതന്നെ യാത്രചെയ്യേണ്ടി വരും.

# അജ്ഞാത കലാകാരൻ

ഡോ. അജിത് കുമാർ ജി






ഇപ്പോൾ ജീവിച്ചിരിക്കുന്നതും കൗതുകകരമായ ചിത്രങ്ങൾ വരയ്ക്കുകയും ചെയ്യുന്ന പ്രശസ്തനായ ഒരു ചിത്രകാരനെക്കുറിച്ചാണ് എഴുതുന്നത്. അദ്ദേഹത്തിന്റെ ഒരു ചിത്രം ലണ്ടനിൽ വച്ച് ലേലം ചെയ്യുകയാണ്.

ഒരു പെൺകുട്ടിയും ബലൂണുമാണ് ചിത്രം. കറുപ്പും വെളുപ്പും നിറത്തിൽ വരച്ച പെൺകുട്ടി ചുവന്ന ഒരു ബലൂണിലേക്ക് കൈ നീട്ടുന്നു. ഹൃദയത്തിന്റെ ആകൃതിയാണ് ബലൂണിന്. അത് വായുവിൽ പറന്നുനടക്കുന്നു. പൊട്ടിപ്പോയ അതിന്റെ ചരടിലേക്കാണ് കുട്ടി കൈനീട്ടുന്നത്.

കുട്ടിയുടെ കൈയിൽനിന്ന് ഊർന്നുപോയതാണോ? അതോ മറ്റാരുടെയെങ്കിലും കൈയിൽ നിന്നാവുമോ?

തൊട്ടു തൊട്ടില്ല എന്ന നിലയിൽ ബലൂൺ കുട്ടിയുടെ കൈവിരലുകൾക്കടുത്തുതന്നെയുണ്ട്. അത് അടുത്ത നിമിഷം കുട്ടി കൈയെത്തിപ്പിടിക്കുമെന്ന് നമുക്കു പ്രതീക്ഷിക്കാം.

'പ്രതീക്ഷ എപ്പോഴുമുണ്ട്' (There is always hope) എന്നതാണ് ഈ ചിത്രത്തിന് കലാകാരൻ നൽകിയിട്ടുള്ള പേരും. ചെറിയ ചിത്രമാണ്. നമ്മൾ വീടുകളിൽ വയ്ക്കാറുള്ള ഫോട്ടോഗ്രാഫുകളുടെ അത്ര വലിപ്പമേയുള്ളൂ.

പ്രസിദ്ധരായ കലാകാരുടെ ചിത്രങ്ങളും ശില്പങ്ങളും പല ഗ്യാലറികളും ഇങ്ങനെ ലേലത്തിനു വയ്ക്കും. അത് സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർ മത്സരിച്ച് ലേലത്തുക വിളിക്കും. ഒടുവിൽ ഏറ്റവും കൂടുതൽ വില നൽകുന്നവർക്ക് കലാസൃഷ്ടി സ്വന്തമാക്കാം. അവർക്കത് സ്വന്തം വീടുകളിൽ കൊണ്ടുപോയി സൂക്ഷിക്കാം, ഗ്യാലറികളിൽ പ്രദർശിപ്പിക്കാം, അല്ലെങ്കിൽ





വീണ്ടുമത് മറ്റൊരാൾക്ക് വിൽക്കാം. അതുമല്ലെങ്കിൽ വീണ്ടും മറ്റൊരു ലേലത്തിനു വച്ച് കൂടുതൽ പണം നേടാം. ഒരു കച്ചവടവസ്തുപോലെ അത് കൈമറിഞ്ഞ് കൈമറിഞ്ഞ് ഇങ്ങനെ സഞ്ചരിച്ചുകൊണ്ടേയിരിക്കും. നമ്മൾ പറഞ്ഞുകൊണ്ടിരുന്ന 'പ്രതീക്ഷ' എന്ന ചിത്രവും ഇതുപോലൊരു ലേലത്തിന് എത്തിയതാണ്. 2021ൽ ഈ ചെറിയ ചിത്രത്തിന്റെ ലേലം അവസാനിച്ചത് 18 ദശലക്ഷം പൗണ്ടിലാണ്. അതായത് 100 കോടി ഇന്ത്യൻ രൂപയ്ക്ക് സമം. ലേലം അവസാനിപ്പിക്കുമ്പോഴാണ് രസം. ഫ്രെയിമിന്റെ ഇടയിലൂടെ ചിത്രം ഇളകി താഴോട്ടു പോകുന്നു. പകുതിയായപ്പോൾ അത് തനിയെ നിന്നു. ബലൂൺ ഫ്രെയിൽമിനകത്തും കുട്ടി താഴെയുമായി. കോടികൾ വിലകൊടുത്തു വാങ്ങിയതാണ്. ഫ്രെയിമിന്റെ കേടുകൊണ്ട് വീണതാണോ? ചിത്രം നശിച്ചുപോകുമോ? എല്ലാവരും ആകാംക്ഷയോടെ നിന്നു. എന്നാൽ അങ്ങനെ ആയിരുന്നില്ല. ചിത്രകാരൻ രഹസ്യമായി ഒരു യന്ത്രം അതിന്റെ പിന്നിൽ ഘടിപ്പിച്ചിരുന്നു. ഇളകി പകുതി വരെ താഴോട്ട് വീഴ്ത്തിയത് ഈ യന്ത്രത്തിന്റെ പണിയായിരുന്നു. ചിത്രവും ലേലത്തിന്റെ ഈ രസകരമായ അനുഭവവും ലോകം മുഴുവൻ വാർത്തയായി!

ലേലത്തിന് പോകുന്ന ചിത്രത്തിൽ രഹസ്യമായി യന്ത്രം ഒളിപ്പിച്ചുവയ്ക്കുന്ന ഈ ചിത്രകാരനെ നമുക്ക് പരിചയപ്പെടാം. രഹസ്യം എന്നത് ഈ ചിത്രത്തിന്റെ മാത്രം പ്രത്യേകതയല്ല. ചിത്രകാരനും അങ്ങനെതന്നെ. അദ്ദേഹം ആരാണ് എന്നുള്ളതും രഹസ്യമാണ്. അദ്ദേഹത്തെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും രഹസ്യമാണ്!

അജ്ഞാതരായ കലാകാരർ നിരവധിയുണ്ട്. ആദിമകാലത്ത് രചിക്കപ്പെട്ട ഗുഹാചിത്രങ്ങൾ ആരാണ് വരച്ചതെന്ന് നമുക്കറിയില്ല. പ്രാചീനമായ പല പടുകൂറ്റൻ നിർമ്മിതികൾക്കു പിന്നിലെ കലാകാരരും അജ്ഞാതരാണ്. ലിപി ഉണ്ടായിരുന്നില്ല എന്നതാണ് അതിന് ഒരു കാരണം. അതിനാൽ പേര് എഴുതിവയ്ക്കുക അസാധ്യമായി. മറ്റൊന്ന് പല രാജഭരണങ്ങളിലും കലാകാരർക്ക് പേര് എഴുതിവയ്ക്കുന്നതുൾപ്പെടെയുള്ള സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിരുന്നുമില്ല. അല്ലെങ്കിൽ അതിന് അങ്ങനെയൊരു ആവശ്യമോ പ്രാധാന്യമോ കണക്കാക്കിയിട്ടുണ്ടാവില്ല. ഇവിടെ അങ്ങനെയല്ല. ക്യാമറയും വീഡിയോയുമെല്ലാം വിരൽത്തുമ്പിൽ ലഭ്യമായ കാലത്താണ് ഈ കലാകാരനെക്കുറിച്ചുള്ള വ്യക്തിവിവരങ്ങൾ അജ്ഞാതമായിരിക്കുന്നത്.

ഫെയ്സ്ബുക്കിലും ഇൻസ്റ്റഗ്രാമിലും ട്വിറ്ററിലുമെല്ലാം പരതിയാലും അയാളുടെ ഒരു ഫോട്ടോ പോലും ലഭിക്കുകയില്ല. ഇദ്ദേഹത്തിന് സ്വന്തമായി നിരവധി സോഷ്യൽ മീഡിയ അക്കൗണ്ടുകളുമുണ്ട്. എന്നിട്ടും ആർക്കുമറിയില്ല ഈ കലാകാരൻ ആരാണെന്ന്!

നമ്മുടെ ജീവിതത്തിലെ ചെറിയ നിമിഷങ്ങൾപോലും സെൽഫിയായും അല്ലാതെയുള്ള പടങ്ങളായും പങ്കുവയ്ക്കാറുണ്ട്. മറ്റാരെങ്കിലും പങ്കുവയ്ക്കുന്ന ചിത്രങ്ങളിലും നമ്മളറിയാതെ നമ്മൾ പ്രത്യക്ഷപ്പെട്ടേക്കാം. നാം സന്ദർശിക്കുന്ന കടകളിലെയോ ഷോപ്പിങ് മാളുകളിലെയോ റോഡുകളിലെയോ ക്യാമറകളിൽ നമ്മളുടെ മുഖം പതിയാം. എന്നിട്ടും ഇന്ന് ജീവിച്ചിരിക്കുകയും കോടികളുടെ തുകയിൽ ലേലം ചെയ്യപ്പെടുന്ന ചിത്രങ്ങൾ വരയ്ക്കുകയും ചെയ്യുന്ന ഈ ചിത്രകാരൻ അജ്ഞാതനായി തുടരുന്നു.

ചിത്രരചന മാത്രമല്ല, 2001നും 2007നും ഇടയിൽ ചിത്രകലയെക്കുറിച്ചും മറ്റു വിഷയങ്ങളിലുമായി അഞ്ച് പുസ്തകങ്ങൾ ഇദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര ചലചിത്രോൽസവങ്ങളിൽ ഇദ്ദേഹം സംവിധാനം ചെയ്ത വീഡിയോകളും പ്രദർശിപ്പിച്ചിട്ടുണ്ട്.

ഗ്യാലറികളിൽ പ്രദർശിപ്പിക്കുന്ന ചിത്രങ്ങളിലൂടെയല്ല ഇദ്ദേഹം പ്രശസ്തനായിത്തീർന്നത്. ചുവർചിത്രങ്ങളിലൂടെയാണ്. ഇന്ന് നമ്മുടെ പല നഗരങ്ങളിലും ചുവർചിത്രങ്ങൾ കാണാം. അതുപോലെയുള്ള ചിത്രങ്ങൾ. പക്ഷേ വലിയൊരു വ്യത്യാസമുണ്ട്. ഇദ്ദേഹം വരയ്ക്കുന്നത് പരസ്യമായിട്ടല്ല!

ഇരുട്ടിന്റെ മറവിലാണ് അദ്ദേഹം വരിക. വളരെപ്പെട്ടെന്നു വരച്ചുതീർക്കാവുന്ന രീതിയിലുള്ള ചിത്രങ്ങൾ രാത്രിയിൽ രഹസ്യമായി വന്ന് വരച്ചു തീർത്തശേഷം മറയും. അതാണ് രീതി. പൊതു ഇടങ്ങളിൽ പ്രതിഷേധമായി ചിത്രങ്ങളും എഴുത്തും അവതരിപ്പിക്കുന്ന ഈ രീതി 'ഗ്രാഫിത്തി' എന്നാണ് അറിയപ്പെടുന്നത്. അങ്ങനെ ചെയ്യുന്നത്

വാൻഡലിസമായി കണക്കാക്കി അറസ്റ്റ് ചെയ്യാനാവും. എന്നിരുന്നാലും ലോകത്തിൽ പലയിടങ്ങളിലും പൊലീസിന്റെ കണ്ണുവെട്ടിച്ച് ചെയ്യുന്ന ഇത്തരം പ്രതിഷേധ ചിത്രരചനാരീതിയുണ്ട്.

ഈ രഹസ്യംകൊണ്ടു മാത്രമല്ല ഇദ്ദേഹത്തിന്റെ ചിത്രങ്ങൾ പ്രശസ്തമായത്. നമ്മെ വളരെയധികം ചിന്തിപ്പിക്കുന്ന തരം ചിത്രങ്ങളാണ് രാവിലെ ചുവരുകളിൽ നാം കാണുന്നത്.

മുഖ്യമായും ബ്രിട്ടണിൽ, പ്രത്യേകിച്ച് ലണ്ടൻ നഗരത്തിലാണ് ഇദ്ദേഹത്തിന്റെ ചിത്രങ്ങൾ കൂടുതലായി കണ്ടിരുന്നത്. പിന്നീട് പലസ്തീനിലും മിഡിൽ ഈസ്റ്റിലെ പല രാജ്യങ്ങളിലും ഇദ്ദേഹം സഞ്ചരിച്ച് ചിത്രങ്ങൾ ചെയ്തുതുടങ്ങി.

വീടുകളിലോ മതിലുകളിലോ രചിക്കുന്ന ചിത്രങ്ങൾ മിക്കവയും കറുപ്പും വെളുപ്പും നിറങ്ങളിലുള്ളവയാണ്. സ്റ്റെൻസിലുകൾ ഉപയോഗിച്ച് സ്പ്രേ ചെയ്യുന്ന രീതി പലതിലും കാണാം. നേരത്തേ നാം കണ്ട 'ബലൂൺ ഗേൾ' എന്ന ചിത്രം ലണ്ടനിലെ വാട്ടർലൂ ബ്രിഡ്ജിലെ ചുവരിലാണ് ആദ്യം പ്രത്യക്ഷപ്പെടുന്നത്. പിന്നീട് അതേ ചിത്രം നഗരത്തിലെ പലയിടങ്ങളിലും രചിക്കപ്പെട്ടു.

ജറുസലേമിൽ, മുഖം മൂടിയണിഞ്ഞ് ഒരു ചെറുപ്പക്കാരൻ പൂച്ചെണ്ട് എറിയുന്ന ചിത്രം വളരെ മനോഹരമായ ഒന്നാണ്. ലോകത്ത് പലയിടങ്ങളിലും ആളുകൾ പൊലീസിനും പട്ടാളത്തിനും നേരെ പ്രതിഷേധത്തിന്റെ ഭാഗമായി കല്ലെറിയുന്ന സന്ദർഭങ്ങളുണ്ടാകാറുണ്ട്. അതിൽനിന്നു പ്രചോദനമുൾക്കൊണ്ടാണ് കല്ലിന് പകരം പൂച്ചെണ്ട് എറിയുന്ന ചിത്രം ഉണ്ടായത്.

പട്ടാളക്കാർ ജനങ്ങളെയോ അക്രമികളെയോ കൈകൾ ഉയർത്തി നിർത്തി ആയുധങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുന്നത് നമുക്കറിയാം. ഇതിനെ ആസ്പദമാക്കി ഇദ്ദേഹം വരച്ചിരിക്കുന്നത് മറ്റൊരു രീതിയിലാണ്. പട്ടാളക്കാരൻ തോക്ക് താഴെയിട്ട ശേഷം കൈകൾ ഉയർത്തിപ്പിടിച്ച് തിരിഞ്ഞുനിൽക്കുകയാണ്. അയാളെ ഒരു കുട്ടി പരിശോധിക്കുന്നു. മുൻ അനുഭവങ്ങളിൽനിന്നു വ്യത്യസ്തമായി ഇവിടെ പൊലീസ് അല്ലെങ്കിൽ പട്ടാളത്തെ സംശയിക്കപ്പെടുന്നവരുടെ കൂട്ടത്തിൽപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ പല സാമൂഹ്യപ്രശ്നങ്ങളെയും ഇദ്ദേഹം തന്റെ ചിത്രങ്ങളുടെ മുഖ്യസന്ദേശമായി കൊണ്ടുവരുന്നു.

ഇങ്ങനെ യുദ്ധങ്ങൾക്കും അക്രമങ്ങൾക്കും എതിരായ സന്ദേശം ഇദ്ദേഹത്തിന്റെ നിരവധി ചിത്രങ്ങളിൽ നമുക്കു കാണാം. ഇക്കഴിഞ്ഞ കൊവിഡ് പാൻഡമിക്ക് സന്ദർഭത്തിലും വളരെ ചിന്തോദ്ദീപകമായ രചനകൾ ഇദ്ദേഹം വരച്ചിരുന്നു.







ഇത്ര അജ്ഞാതമായിരുന്നുകൊണ്ട് എങ്ങനെയാണ് ലേലങ്ങളിൽ പങ്കെടുക്കുക, പുസ്തകം പ്രസിദ്ധീകരിക്കുക എന്നത് നാം സംശയിച്ചേക്കാം. എ ഐ ക്യാമറകൾ വരെയുള്ള, ആധുനികമായ അന്വേഷണരീതികളും സംവിധാനങ്ങളുമുള്ള ഇക്കാലത്ത് ഒരു ക്യാമറയിലും പെടാതെ എങ്ങനെയാണ് ഒരേ സമയം പ്രസിദ്ധനും അജ്ഞാതനുമായിരിക്കുക എന്നതും സംശയകരമാണ്.

ഒരേ രീതിയിൽ വരയ്ക്കുന്ന ഒരു കൂട്ടം ആളുകളായിരിക്കാം എന്ന് കരുതുന്നവരുണ്ട്. ആദ്യ ചിത്രങ്ങളെ അനുകരിച്ച് സ്വതന്ത്രമായി പലയിടങ്ങളിൽ പലർ വരയ്ക്കുന്നതാവാം എന്നും കരുതപ്പെടുന്നുണ്ട്, പ്രത്യേകിച്ചും ബ്രിട്ടനു പുറത്ത് മറ്റ് രാജ്യങ്ങളിൽ ഇത്തരം ചിത്രങ്ങൾ വരുന്നതുകൊണ്ട്. കേരളത്തിൽപ്പോലും സമാനമായ രീതിയിലുള്ള ചിത്രങ്ങൾ ഇടയ്ക്ക് പ്രത്യക്ഷപ്പെട്ടിരുന്നു.

ആരായിരിക്കും ഇദ്ദേഹം എന്നതിനെക്കുറിച്ച് കാര്യമായ അന്വേഷണങ്ങൾ മുൻപ് നടന്നിരുന്നു. പലരുടെയും പേരുകൾ ഊഹിക്കപ്പെടുന്നു. പലരെയും പൊലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ചിലർ സ്വയം താനാണ് ചിത്രകാരൻ എന്നു പറഞ്ഞ് പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഇതൊന്നും പൂർണ്ണമായി സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. പക്ഷേ, അദ്ദേഹം ഒരു പേര് സ്വയം സ്വീകരിച്ചിട്ടുണ്ട്. ആ രഹസ്യപ്പേരിലാണ് വരയ്ക്കുന്നതും എഴുതുന്നതുമെല്ലാം. *ബാങ്ക്സി* എന്നാണ് ആ പേര്.



വര: ടി ആർ രാജേഷ്

# മുക്കുറ്റിക്കുന്നിലെ പൂങ്കാറ്റേ

**വയലാർ ഗോപാലകൃഷ്ണൻ**

ആലാത്തൂഞ്ഞാലാടി
ആവണിപ്പാട്ടുകൾ പാടി
കാടും മേടും കടന്നുപോകും
തിരുവോണക്കാറ്റേ നിന്നാലും
പോകും വഴിക്ക് നീ മന്ദാരക്കാട്ടിലെ
പൂക്കളീ മുറ്റത്ത് വീഴ്ത്തിടാമോ
ചെത്തി ചേമന്തിയരിമുല്ല പൂമുല്ല
പിച്ചകം മത്തപ്പൂ ചെമ്പരത്തീ
എല്ലാം പറിച്ചെന്റെയോമനക്കാറ്റേ നീ
വല്ലം നിറയെ കൊണ്ടുവന്നാൽ
മുറ്റത്തൊരുക്കാമൊരു നല്ല പൂക്കളം
മുക്കുറ്റിക്കുന്നിലെ പൂങ്കാറ്റേ

# ഓണച്ചിന്തുകൾ

**ബിന്ദു ദിലീപ്**

പണ്ടു ഞാൻ തിരുവോണനാളിൽ
അമ്പലപ്പുഴക്ഷേത്രനടയിൽ
കണികാണാൻ പോയതോർക്കുന്നു.
പിച്ചിതെച്ചിചെമ്പരത്തിപ്പൂക്കളിൽ
പൂക്കളം തീർത്തു തറവാട്ടുമുറ്റത്തു
മാവേലിമന്നനെ കാത്തതോർക്കുന്നു.
തുമ്പികൾപാറും തൊടിയിലെ -
ചെമ്പകപ്പൂമരച്ചില്ലയിലച്ചനൊരുക്കിയ
കുട്ടിയൂഞ്ഞാലിലിരുന്നോണപ്പാട്ടുപാടി
കുട്ടികളുത്സവമാനന്ദപൊടിപൂരമായ്
ഓണക്കാലം തിമിർത്തതോർക്കുന്നു.

ബാല്യത്തിന്നിതളുകളെങ്ങോ കൊഴിഞ്ഞുപോയി
ഇന്നെൻ ഗ്രാമവുമവിടെയുയരും ആർപ്പുവിളിയും
മനസ്സിൻ കോണിൽ മായാതെ നിൽക്കുന്നു
മധുരസ്മരണതൻ മനോഹരകാലം.
പണ്ടെൻ കാലടിപ്പാടുനെഞ്ചേറ്റിയ
പഞ്ചവർണക്കിളിപാടുമെൻ ഗ്രാമത്തിൽ
ഒരു കൊച്ചു പൊന്നോണത്തുമ്പിയായ്
പാറിപ്പറക്കുവാൻ മോഹിച്ചു പോകുന്നു.
ഒരുപാടൊരുപാട് മോഹിച്ചു പോകുന്നു.



# അകക്കണ്ണിലെ അമ്മ

## ഇ ജിനൻ

ഓല മെട-
ഞ്ഞിരിക്കുമ്പോൾ
ഒരേ ചിന്ത
ഒരേ മന-
സ്സൊരേ നോട്ട-
മൊരേയിരി-
പ്പെന്റെയമ്മയ്ക്ക്.

എത്ര നീളം
എത്ര ചതുരം
എത്രയോ
ത്രികോണ-
മെന്നാൽ
എത്ര കൃത്യ-
മെത്ര സത്യ-
മെന്റെയമ്മയ്ക്ക്.

കോണിനോടു
കോണുനേരെ-
യാക്കിയമ്മ
മെടയുമ്പോൾ
പാദമൊന്നിൽ
പതിയുന്നു
പൈഥഗോറസ്സ്.

ലംബത്തിൽ
നിവർന്നമ്മ
വികർണ്ണത്തിൽ
ഒളിച്ചമ്മ
വശങ്ങളിൽ
വളഞ്ഞും കൊ-
ണ്ടിരിപ്പാണമ്മ.

മഴക്കാലം
വരും മുമ്പേ
പുരമേയാ-
നോല വേണം
തകൃതിയി-
ലതിനുള്ള
തിരക്കിലമ്മ.

2.
കാലമെല്ലാം
മറയുന്നു
മാനമെല്ലാ-
മിരുളുന്നു...

കാലടിയിൽ
മഹാമാരി
ചൊരിയുന്നയ്യോ!

അകത്തൊറ്റ-
യ്ക്കകപ്പെട്ട-
നേരമെന്റെ
അകക്കണ്ണിൽ,
അമ്മ വന്നു
നനയുന്നു...
കൺ നിറയുന്നു.



വര: ബാസി മറിയം

# ഇളം തളിര്

ഇളംതളിരിലേക്ക് കൂട്ടുകാരുടെ സൃഷ്ടികൾ അയക്കൂ. രചനകൾ ചെറുതായിരിക്കണം. കുഞ്ഞുകഥയോ കവിതയോ ലേഖനമോ ആകാം. തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയക്കാം.

## തളിരമ്മാവന്റെ കത്ത്

കൂട്ടുകാരേ,

ആഗസ്റ്റ് മാസം നമ്മെ സന്തോഷിപ്പിക്കുന്ന കാലമാണ്. നമ്മുടെ രാജ്യം ബ്രിട്ടീഷുകാരിൽ നിന്ന് സ്വാതന്ത്ര്യം നേടിയത് ആഗസ്റ്റ് 15ന് ആണ്. ഇത്തവണ നമ്മുടെ ഓണാഘോഷവും ആഗസ്റ്റ് മാസത്തിൽതന്നെ.

ചന്ദ്രയാൻ മൂന്ന് പരിക്രമണപഥത്തിൽ എത്തിയ സന്തോഷം നമ്മൾ പങ്കിടുകയാണ്. ചന്ദ്രനിലേക്കുള്ള ഐ എസ് ആർ ഒയുടെ മൂന്നാം യാത്രയ്ക്ക് തുടക്കം. ആഗസ്റ്റ് 23 ന് ചന്ദ്രനിൽ ഇറങ്ങുമെന്ന് നാം പ്രതീക്ഷിക്കുന്നു. ഇതെല്ലാം കൂട്ടുകാർ വായിച്ചറിയുമെന്നാണ് തളിരമ്മാവന്റെ പ്രതീക്ഷ.

മഹാപ്രതിഭ എം ടി വാസുദേവൻ നായർ നവതിയിലെത്തിയ കഥയും നിങ്ങൾ വായിച്ചിരിക്കുമല്ലോ.

അനാമിക എസ് എച്ചിന്റെ *മാതൃസ്പർശം* പൊന്നുണ്ണികൾക്ക് സമ്മാനം!

ശ്രിയ എസിന്റെ ഓർമ്മകൾ എന്ന കവിതയും അനാഥർ എന്ന കഥയും കിട്ടി. കഥ പ്രസിദ്ധീകരിക്കുന്നു.

ജോസഫ് നിയോബിൻസിന്റെ ശോശാമ്മച്ചേച്ചിയെക്കുറിച്ചുള്ള കഥ മനസ്സിൽ തട്ടി.

ഹൈസാ ഹാജർ, ജെയിൻ സിനോ, ശ്രീകാർത്തി കൃഷ്ണ ടി ആർ, ഭാഗത്, ശിവാനി ടി എന്നിവരുടെ ചിത്രങ്ങൾ നന്നായി.

നിവേദ് ടിയും ദിയാ ലൂക്കും എഴുതിയ രചനകൾ ഒന്നുകൂടി പരിഷ്കരിച്ച് അയച്ചുതരുമല്ലോ.

തളിരിലേക്ക് കൂട്ടുകാരുടെ കൂടുതൽ സൃഷ്ടികൾ വന്നെത്തുന്നതിൽ തളിരമ്മാവന് സന്തോഷം.

സ്നേഹത്തോടെ,

**സി ആർ ദാസ്**
**തളിരമ്മാവൻ**

## വര

**ഹൈസാ ഹാജറ കെ എൻ**
ക്ലാസ് 10
നാഷണൽ സ്കൂൾ, വെങ്ങോല,
പെരുമ്പാവൂർ, എറണാകുളം





വര: സചീന്ദ്രൻ കാറഡുക്ക

# അനാഥർ

**ശ്രിയ എസ്**
ക്ലാസ് 9
ജി വി ജി എച്ച് എസ് എസ് ചിറ്റൂർ
പാലക്കാട്

അവൾ നിളയുടെ ഓരത്ത് തനിച്ചിരുന്നു. നിള അവളുടെ കാലുകളെ തഴുകി. പെട്ടെന്ന് ചിന്തകളുടെ കാർമേഘങ്ങൾ അവളെ മൂടി... അവയൊരു മഴയായ് പെയ്തിറങ്ങി.

ഏതാണ്ട് എഴു വർഷം മുമ്പ് ഇതേ സ്ഥലത്തിരുന്ന് കക്ക് കളിച്ചിരുന്നു. താൻ അനാഥയല്ല എന്നോർമ്മിപ്പിക്കുന്ന ഓരേയൊരാൾ ആയിരുന്നു അവൻ. ദൂരെ പക്ഷിക്കൂട്ടങ്ങൾ ചിറകടിച്ചു പറന്നുയരുമ്പോൾ അവൻ അവളെ നോക്കി ചോദിക്കുമായിരുന്നു,

'ഈ പക്ഷികൾ എങ്ങോട്ട് പോവ്വാ?'

തപ്പിത്തടഞ്ഞ അവന്റെ കൊഞ്ചൽ അവൾ എറെ ആസ്വദിച്ചിരുന്നു. എനിക്കും പറക്കണമെന്നു പറഞ്ഞ അവനു വേണ്ടി താൽക്കാലികാശ്വാസമായി ഊഞ്ഞാൽ കെട്ടിക്കൊടുത്തത് ഓർമ്മിപ്പിച്ചുകൊണ്ട് ആൽവേരുകളിൽ പക്ഷികൾ ഊഞ്ഞാലാടി. അവൾ കരയുന്നത് അവന് ഇഷ്ടമല്ലായിരുന്നു.

വിദ്യാഭ്യാസച്ചെലവുകൾ വഹിക്കാമെന്നേറ്റ രണ്ടാനമ്മ അവനെ അനാഥാലയത്തിൽ ആക്കിയപ്പോൾ അവളുടെ ഉള്ളു പിടഞ്ഞു. രണ്ടാനമ്മ തന്റെ ചിറകുകളിലൊന്ന് അരിഞ്ഞു വീഴ്ത്തിയതായി അവൾക്കു തോന്നി. വിദ്യാലയത്തിൽ ആക്കാമെന്നു പറഞ്ഞ് അവർ അവളെ ദൂരേക്ക് വണ്ടി കയറ്റി അയച്ചു. എത്തിയ ഇടം പക്ഷേ നരകമായിരുന്നു.

ചുട്ടുപൊള്ളുന്ന ഇഷ്ടികച്ചൂളയിൽ അവളുടെ സ്വപ്നങ്ങളുടെ ചിറക് ഉരുകിപ്പോയി. ഇനി രക്ഷയില്ലെന്നറിഞ്ഞ നാളുകളിൽ അവൾ തളർന്നുപോയി. അവിടെനിന്ന് ഓടിയൊളിച്ച ആ ഇരുണ്ട രാത്രിയിൽ കണ്ട കാഴ്ചകളാണ് അവളെ മാറ്റിമറിച്ചത്.

തെരുവുകളിൽ കണ്ട ദൈന്യജീവിതങ്ങൾ, യാചകർ, വിശന്നുവലയുന്ന സ്ത്രീകളും കുഞ്ഞുങ്ങളും...

അവരുടെ ഒട്ടിയ കവിളുകളിലൂടെ വിശപ്പിന്റെ കണ്ണീർച്ചാൽ ഒഴുകിയിരുന്നു. പട്ടിണിയും രോഗങ്ങളും അലട്ടുന്ന തെരുവുകൾ... ഈ ദാരുണ സ്ഥിതിയൊന്നും തനിക്കില്ല. പിന്നെയെന്തിനവൾ തളർന്നിരിക്കണം? തന്നെക്കാൾ ദുഃഖിതരും പീഡിതരും ഈ ലോകത്തുണ്ടെന്ന് അവൾ തിരിച്ചറിഞ്ഞു. എന്തിന് തളർന്നിരിക്കണം എന്നവൾ സ്വയം ചോദിച്ചു. അവൾ ഒരു കനൽപ്പക്ഷിയായി പറന്നുയർന്നു. അവളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെട്ടപ്പോഴും അവളുടെ മനസ്സ് ആ അനാഥാലയത്തിൽനിന്നു പോന്നിരുന്നില്ല.

വർഷങ്ങൾക്കിപ്പുറം അനിയനെ തിരഞ്ഞെത്തിയപ്പോൾ നിരാശയായിരുന്നു ഫലം. തന്റെ ഓർമ്മകൾ പേറുന്ന നിളയിലൂടെ കൊച്ചുമീനുകൾ നീന്തിത്തുടിക്കുന്നു.

'ചേച്ചീ... ഈ മീനിനെപ്പോലെ എനിക്കും നീന്താൻ പറ്റ്വോ?'

ശൂന്യതയിൽനിന്ന് അവളുടെ കാതിലേക്ക് ഓർമ്മയുടെ സ്വരങ്ങൾ ഇരച്ചെത്തി. പ്രകൃതിയുടെ വശ്യമായ ശൂന്യതയിലേക്ക് അവൾ തിരിഞ്ഞു നോക്കി. അവൾ മനസ്സിലാക്കി,

ഇനിയീ ശൂന്യത എനിക്കു സ്വന്തം!

# മാതൃസ്പർശം

**അനാമിക എസ് എച്ച്**
ക്ലാസ് 9
ജി എച്ച് എസ് എസ് നെടുവേലി,
തിരുവനന്തപുരം



വര: സചീന്ദ്രൻ കാറഡ്ക്ക

അമ്മതൻ നെഞ്ചു പിടയുകയാണ്
നിൻ ചുണ്ടിൽ വിരിയും മന്ദഹാസം
കരിനിഴൽപോൽ മാറിയതെന്ത്?
എൻ മടിത്തട്ടിൽ ചാഞ്ഞു കഥ,
കേൾക്കും നേരമെന്തേ നിൻ-
കൗതുകം കലർപ്പായി മാറിയത് ?

മധുവൂറും കൗമാരം,
മുരണ്ടുപാറും തേനീച്ചപോൽ
ലഹരിയുടെ പെരുംവലയിലകപ്പെടെ
വയ്യ, എനിക്കിനി നിന്നെയിങ്ങനെ
കണ്ടു കണ്ണീരുവാർക്കാനുണ്ണി.

ഉണ്ണി, എൻ പൊന്നുണ്ണി നീയറിക
അമ്മിഞ്ഞപ്പാലിനേക്കാൾ മധുരമല്ലൊന്നും
നിൻ കീർത്തിയിലാനന്ദത്താൽ നിറയും
അമ്മമനത്തോളം ലഹരി മറ്റൊന്നില്ലുണ്ണി.

---

# വര



**ശ്രീകാർത്തി കൃഷ്ണ ടി ആർ**
ക്ലാസ്: 4
ഹോളി ഫാമിലി
സി ജി എച്ച് എസ്
ചെമ്പുക്കാവ്,
തൃശ്ശൂർ



**ഭഗത് എസ്**
ക്ലാസ്: യു കെ ജി
സെയിന്റ് തോമസ്
റെസിഡൻഷ്യൽ
സ്കൂൾ, മുക്കോല
തിരുവനന്തപുരം

**ശിവാനി ടി എം**
ക്ലാസ് 8
ജി എച്ച് എസ് എസ് ചാവശ്ശേരി
കണ്ണൂർ



# നാളെ അവർ ആരാവും?

**ജോസഫ് നിയോ ബിൻസ്**
ക്ലാസ് 9
എസ് എം എച്ച് എസ് എസ്
പ്രവിത്താനം, കോട്ടയം



വര: സചീന്ദ്രൻ കാറഡ്ക്ക

പ്രഭാതത്തിൽ കോഴി കൂവുന്നതിന് മുൻപ് സൂര്യൻ ഉണരും. ആകാശത്തിന്റെ മഹാവിസ്തൃതിയിൽ സൂര്യൻ ജോലി ആരംഭിക്കുന്നതിനു മുൻപ് വാതിലുകളുടെ കലപിലയും മൺചട്ടിയുടെയും പ്രഷർകുക്കറിന്റെയും കിന്നാരം പറച്ചിലും ഞങ്ങളുടെ വീടിനെ കുലുക്കിയുണർത്തും.

അത് ശോശാമ്മച്ചിയാണ്. ഞങ്ങളുടെ വീട്ടിലെ ഒരംഗം. അതിൽ കൂടുതൽ ഒന്നും ചിന്തിക്കാനുള്ള അറിവോ അഹങ്കാരമോ എന്നിൽ മുള പൊട്ടിയിരുന്നില്ല. രാവിലെ പിൻവാതിൽ തുറന്ന് ആരെയും ശല്യപ്പെടുത്താതെ ജോലികളെല്ലാം തീർത്ത്, ഞങ്ങൾ ഉണരുന്നതും കാത്തിരിക്കുന്ന ചട്ടയും മുണ്ടും ധരിച്ച ഒരു വൃദ്ധ. ഇത്ര മാത്രമേ ശോശാമ്മച്ചിയെക്കുറിച്ച് അറിയൂ.

ഒരിക്കൽ ശോശാമ്മച്ചി അമ്മയോട് സംസാരിക്കുന്നത് ഞാൻ കേട്ടു. അമ്മച്ചിക്ക് മക്കൾ രണ്ടാണ്. രണ്ടുപേരും വിവാഹം കഴിഞ്ഞ് നല്ല ജോലിയും ചെയ്തു കഴിയുന്നു. ഒരാൾ കൊല്ലത്തും മൂത്തത് ബാംഗ്ലൂരും.

അവർക്ക് ഇന്ന് അമ്മച്ചിയെ വേണ്ടെന്ന് ആ കുഴിഞ്ഞ കണ്ണുകളിലൂടെ ഊറിവന്ന നനവിൽനിന്ന് വായിച്ചെടുക്കാൻ മാത്രം പ്രായം എനിക്കുണ്ടായിരുന്നു.

ഞാൻ ചിന്തിച്ചു, വളരെ കുഞ്ഞായിരുന്നപ്പോൾ അവർ എനിക്ക് അമ്മച്ചി ആയിരുന്നു. ഇന്ന് ശോശാമ്മച്ചി, നാളെ...

അറിയില്ല! എനിക്ക് ആലോചിക്കാനേ കഴിയുന്നില്ല!

# മിനിയെച്ചർ ലൈബ്രറി

**അക്ഷിത എസ്**
ക്ലാസ് 7
മാർത്തോമാ ഹൈസ്കൂൾ
കുറിയന്നൂർ
പത്തനംതിട്ട



വീട്ടിൽ ഒരു കുഞ്ഞു ലൈബ്രറിയുണ്ടാക്കണമെന്ന തളിരിന്റെ ആഹ്വാനം വളരെ മനോഹരമായ രീതിയിൽ പ്രാവർത്തികമാക്കിയിരിക്കുകയാണ് അക്ഷിത എസ്. അക്ഷിതയ്ക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

## തളിര് സ്കോളർഷിപ്പ് രജിസ്ട്രേഷൻ ആഗസ്റ്റ് 31വരെ




**കേരള** സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന തളിര് സ്കോളർഷിപ്പ് 2023 ന് ആഗസ്റ്റ് 31വരെ രജിസ്റ്റർ ചെയ്യാം. https://scholarship.ksicl.kerala.gov.in/ എന്ന സൈറ്റിൽ ഓൺലൈനായിട്ടാണ് രജിസ്റ്റർ ചെയ്യേണ്ടത്.

അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്കാണ് രജിസ്റ്റർ ചെയ്യാൻ അർഹത.

തളിര് മാസികയുടെ വാർഷികവരിസംഖ്യയായ 250രൂപ അടച്ച് രജിസ്റ്റർ ചെയ്യുന്ന എല്ലാ കുട്ടികൾക്കും 2024 ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 ലക്കം തളിര് അതതു മാസങ്ങളിൽ തപാലിൽ ലഭിക്കും.

ജൂനിയർ (5, 6 7 ക്ലാസുകൾ), സീനിയർ (8, 9, 10) എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലാണ് പരീക്ഷ.

ഇരുവിഭാഗത്തിലുംകൂടി ഓരോ ജില്ലയിലും 60 പേർക്ക് 1000രൂപയും 100 പേർക്ക് 500രൂപയും സ്കോളർഷിപ്പ് ലഭിക്കും. സംസ്ഥാനത്തൊട്ടാകെ 16 ലക്ഷം രൂപയുടെ സ്കോളർഷിപ്പുകളാണ് വിതരണം ചെയ്യുക.

സംസ്ഥാനതലത്തിൽ നടക്കുന്ന പരീക്ഷയിൽ വിജയിക്കുന്നവർക്ക് 10000രൂപ, 5000രൂപ, 3000രൂപ എന്നിങ്ങനെ ഇരുവിഭാഗത്തിലും സ്കോളർഷിപ്പുകൾ ലഭിക്കും. 100 കുട്ടികളെ പങ്കെടുപ്പിക്കുന്ന സ്കൂളുകൾക്കും സമ്മാനമുണ്ട്. ■

## ബാലസാഹിത്യ ക്യാമ്പ് കോട്ടയത്ത്

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, നവയുഗ് ചിൽഡ്രൻസ് തീയറ്റർ & മൂവി വില്ലേജുമായി ചേർന്ന് കോട്ടയം കുമരനല്ലൂർ തന്മയ മീഡിയ സെന്ററിൽ വച്ച് ആഗസ്റ്റ് 31, സെപ്റ്റംബർ 1, 2, തീയതികളിലായി ബാലസാഹിത്യരചനാ ക്യാമ്പ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

5ാം ക്ലാസ് മുതൽ 12ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 40 കുട്ടികൾക്കാണ് പ്രവേശനം. *ഞാൻ ഇഷ്ടപ്പെടുന്ന പുസ്തകം* എന്ന വിഷയത്തിൽ രണ്ടു ഫുൾസ്കാപ്പ് പേജിൽ കവിയാത്ത ഒരു ലേഖനം, സ്കൂൾ അധികൃതരുടെ സാക്ഷ്യപ്പെടുത്തലിനൊപ്പം *ഡയറക്ടർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്കൃത കോളേജ് ക്യാമ്പസ്, തിരുവനന്തപുരം - 34* എന്ന വിലാസത്തിലോ *ജോഷി മാത്യു, എക്സിക്യൂട്ടീവ് ഡയറക്ടർ, നവയുഗ് ചിൽഡ്രൻസ് തീയറ്റർ, കോട്ടയം - 686002* എന്ന വിലാസത്തിലോ ആഗസ്റ്റ് 10നു മുൻപ് എഴുതി അയക്കേണ്ടതാണ്.

തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെ നേരിട്ട് അറിയിക്കുന്നതാണ്. കൂടുതൽ വിവരത്തിന് 9447697677, 9447056416 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം. ■



Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.



Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd., Thiruvananthapuram.

## ചിത്രരചനാമത്സരം: സമ്മാനങ്ങൾ നൽകി




കേരള സർക്കാറിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പത്തനംതിട്ട ജില്ലയിൽ നടത്തിയ ചിത്രരചനാമത്സരത്തിൽ വിജയികളായ കുട്ടികൾക്കുള്ള സമ്മാനങ്ങൾ പത്തനംതിട്ട ജില്ലാ കളക്ടർ ദിവ്യ എസ് അയ്യർ വിതരണം ചെയ്തു.

## പുസ്തകമേളകൾ നടന്നു



ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വായനദിനത്തോട് അനുബന്ധിച്ച് വർക്കല എം ജി എം സ്കൂളിൽ നടത്തിയ പുസ്തകമേള വി ജോയ് എം എൽ എ ഉദ്ഘാടനം ചെയ്തു.

## പുസ്തക വില്പന

കുട്ടികളുടെ വായനാലോകത്തെ സമ്പുഷ്ടമാക്കുംവിധമുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് കുട്ടികളിലേക്ക് എത്തിക്കുകയും അതുവഴി കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യം.

അതിന്റെ ഭാഗമായി വിവിധ പദ്ധതികളിലൂടെ പുസ്തകങ്ങൾ കുട്ടികളിലേക്ക് എത്തിക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. മികച്ച പ്രതികരണമാണ് കുട്ടികളുടെ ഭാഗത്തുനിന്ന് ഉണ്ടായത്. പുസ്തകവില്പനയിൽ 2023 ഏപ്രിലിൽ മാത്രം ഒരുകോടിയിലേറെ രൂപ മുഖവിലയുള്ള പുസ്തകങ്ങൾ വിൽക്കാൻ ചരിത്രത്തിലാദ്യമായി ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞു.


സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെയും ഇൻസ്റ്റിറ്റ്യൂട്ട് നേരിട്ടുനടത്തുന്ന പുസ്തകമേളകളിലൂടെയുമാണ് കുട്ടികളിലേക്ക് പുസ്തകങ്ങൾ എത്തിച്ചേരുന്നത്.

വായനദിനത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പത്തു സ്കൂളുകളിൽ നടത്തിയ പുസ്തകമേളകൾ ഏറെ സ്വീകാര്യത നേടി. സംസ്ഥാനത്തെ മറ്റു ജില്ലകളിലെ സ്കൂളുകളിലും ഇത്തരം പുസ്തകമേളകൾ നടത്താൻ ഇൻസ്റ്റിറ്റ്യൂട്ട് ഒരുങ്ങുന്നു. ■

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023
RNI No. 20076/1970
Regd KL/TV (N)/399/2021-2023
August 2023
Published on 29-07-2023 Vol:30, Issue: 8, ₹25

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന **തളിര് സ്കോളർഷിപ്പ് 2023** ന് ഇപ്പോൾ രജിസ്റ്റർ ചെയ്യാം.

തളിരിന്റെ വാർഷിക വരിസംഖ്യയായ **250രൂപ** അടച്ച് രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാം. **2024 ജനുവരി** മുതൽ **ഡിസംബർ** വരെയുള്ള തളിര് തപാലിൽ ലഭ്യമാവും.



https://scholarship.ksicl.kerala.gov.in/

THALIRU

# തളിര്
# സ്കോളർഷിപ്പ്
# 2023

## 16 ലക്ഷം
## രൂപയുടെ സ്കോളർഷിപ്പ്

**https://scholarship.ksicl.kerala.gov.in/**
**എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്യാം**

**ജില്ലാതലം**
യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലായി **ഓരോ ജില്ലയിലും** ചുരുങ്ങിയത് **160പേർക്ക്** സ്കോളർഷിപ്പും സർട്ടിഫിക്കറ്റും.

**സംസ്ഥാനതലം**
ഇരു വിഭാഗത്തിലും ആദ്യ മൂന്നു റാങ്കുകാർക്ക് **10000, 5000, 3000രൂപ** എന്നിങ്ങനെ സ്കോളർഷിപ്പും സർട്ടിഫിക്കറ്റും.

100കുട്ടികളിൽ കൂടുതൽ തളിര് സ്കോളർഷിപ്പിനു ചേരുന്ന സ്കൂളുകൾക്ക് 1000രൂപയുടെ പുസ്തകങ്ങൾ